بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْم  نَحْمَدُهٗ وَنُصَلِّىْ عَلٰى رَسُوْلِهِ الْكَرِيْم  وَعَلٰى عَبْدِهِ الْمَسِيْحِ الْمَوْعُوْد

وَلَقَدْ نَصَرَكُمُ اللّٰهُ بِبَدْرٍ وَّاَنْتُمْ اَذِلَّةٌ

# ബദർ

വീക്കിലി ഖാദിയാൻ

Weekly
**BADAR** Qadian
Malayalam

വാല്യം 4

ലക്കം 9

വാർഷിക വരിസംഖ്യ 500 രൂപ

പത്രാധിപർ എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ മുഹമ്മദ് ഇസ്മായീൽ

www.akhbarbadrqadian.in

2018 ഫെബ്രുവരി 28/ഹി:ശം:1398 തബ്‌ലീഗ് 28/ഹി:ഖ:1440 ജമാദുൽ ആഖിർ 22

## അല്ലാഹുവിന്റെ വചനം

قُلْ اِنْ كُنْتُمْ تُحِبُّوْنَ اللّٰهَ
فَاتَّبِعُوْنِىْ يُحْبِبْكُمُ اللّٰهُ
وَيَغْفِرْ لَكُمْ ذُنُوْبَكُمْ ؕ
وَاللّٰهُ غَفُوْرٌ رَّحِيْمٌ ○

പറയുക, നിങ്ങൾ അല്ലാഹുവിനെ സ്നേഹിക്കുന്നുവെങ്കിൽ എന്നെ പിന്തുടരുക. എന്നാൽ, അല്ലാഹു നിങ്ങളെ സ്നേഹിക്കുകയും നിങ്ങളുടെ കുറ്റങ്ങൾ നിങ്ങൾക്ക് പൊറുത്തുതരികയും ചെയ്യും. അല്ലാഹു സർവ്വഥാ പൊറുക്കുന്നവനും കരുണാമയനുമാകുന്നു.'(3:32)

## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ് സയ്യിദുനാ അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹ് അല്ലാഹുവിന്റെ അനുഗ്രഹത്താൽ സുഖത്തിലും ക്ഷേമത്തിലുമാണ്. സ്നേഹിതന്മാർ അമീറുൽ മുഅ്മിനീന്റെ പൂർണാരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ദീർഘായുസ്സിനും ഉന്നതലക്ഷ്യങ്ങളിൽ വിജയവും പ്രത്യേകകാവലും ഉണ്ടാകുന്നതിനും ദുആ ചെയ്യുക. അല്ലാഹു എപ്പോഴും അമീറുൽ മുഅ്മിനീന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. ആമീൻ

# അല്ലാഹുവിനെ സ്നേഹിക്കുന്ന വ്യക്തി എങ്ങനെ ദുരിതത്തിലാകാനാണ്? ഒരു ഭരണാധികാരിയുടെ സുഹൃത്തിന് അയാളോടുള്ള ബന്ധം കാരണത്താൽ സ്വർഗീയമായ ഒരു ജീവിതം ലബ്ധമാകുമ്പോൾ അല്ലാഹുവിന്റെ സുഹൃത്തിന് എന്തുകൊണ്ട് സ്വർഗകവാടം തുറക്കപ്പെടുകയില്ല?

**സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉപദേശങ്ങൾ**

## മുത്തഖിയുടെ അടുത്ത് വരുന്നവരും സുരക്ഷിതർ

ആളുകൾ നിരവധി വിപത്തുകളിൽ അകപ്പെടുന്നു. പക്ഷേ, മുത്തഖി രക്ഷിക്കപ്പെടുന്നു. എന്നുമാത്രമല്ല അവരുടെ അടുത്ത് വരുന്നവരും രക്ഷിക്കപ്പെടുന്നു. വിപത്തുകൾക്ക് ഒരു അതിരുമില്ല. മനുഷ്യന്റെ ഉള്ളിൽ നിറഞ്ഞിരിക്കുന്ന വിപത്തുകൾക്കുതന്നെ കണക്കില്ല. രോഗങ്ങൾ നോക്കുക. അതുമാത്രം ആയിരക്കണക്കിന് വിപത്തുകളുണ്ടാക്കാൻ മതിയായതാണ്. എന്നാൽ, തഖ്‌വയുടെ കോട്ടയ്ക്കകത്തുള്ളവർ അതിൽനിന്ന് സുരക്ഷിതരാണ്; അതിനു വെളിയിലുള്ളവർ വന്യമൃഗങ്ങൾ നിറഞ്ഞ ഘോരവനത്തിലും.

## സുവിശേഷം സ്വപ്നം മുഖേന

മുത്തഖിയോട് അല്ലാഹുവിന്റെ മറ്റൊരു വാഗ്ദാനം കൂടിയുണ്ട്: ***ലഹുമുൽ ബുശ്റാ ഫിൽഹയാത്തിദ്ദുൻയാ വഫിൽ ആഖിറത്തി*** (യൂനുസ്:65)

മുത്തഖിയായവർക്ക് ഈ ലോകത്ത് നല്ല നല്ല സ്വപ്നങ്ങൾ മുഖേന സുവാർത്തകൾ ലഭിക്കുന്നു. അതിനെക്കാളുപരി അവൻ പരോക്ഷ ദർശനങ്ങളുണ്ടാകുന്നവനായിത്തീരുന്നു. അല്ലാഹുവുമായിട്ട് സംസാരിക്കാനുള്ള സൗഭാഗ്യം ലഭിക്കുന്നു. അവൻ മനുഷ്യത്വത്തിന്റെ വസ്ത്രത്തിൽത്തന്നെ മലക്കുകളെ കാണുന്നു. അല്ലാഹു പറഞ്ഞിരിക്കുന്നു:***ഇന്നല്ലദീന ഖാലൂ റബ്ബുനല്ലാഹു ഥുമ്മസ്തക്കാമൂ തത്തനസ്സലു അലയ്ഹിമുൽ മലാഇക്കത്തു*** (ഹാമീം സജ്ദ:31)

ആരാണോ അല്ലാഹു നമ്മുടെ രക്ഷിതാവാണെന്ന് പറയുകയും സ്ഥിരചിത്തത കാണിക്കുകയും ചെയ്യുന്നത് അതായത് പരീക്ഷണഘട്ടത്തിൽ അത്തരക്കാരൻ നാവുകൊണ്ടു പറയുക മാത്രമല്ല, പ്രവർത്തിച്ചു കാണിക്കുകയും ചെയ്യുന്നു– അവന്റെമേൽ അല്ലാഹുവിന്റെ മലക്കുകൾ ഇറങ്ങുന്നു.

## പരീക്ഷണം അനിവാര്യം

***അഹസിബന്നാസു അൻയ്യുത്റക്കൂ അൻയ്യഖൂലൂ ആമന്നാ വഹും ലാ യുഫ്ത്തനൂൻ*** (അൻകബൂത്ത്:3) എന്ന വചനത്തിൽ പറയുന്നതുപോലെ പരീക്ഷണം ഉണ്ടാകേണ്ടത് അനിവാര്യമാണ്. അല്ലാഹു പറയുന്നു: 'അല്ലാഹു നമ്മുടെ രക്ഷിതാവാണെന്ന് പറയുകയും എന്നിട്ട് സ്ഥിരചിത്തരായി നിലകൊള്ളുകയും ചെയ്തവരാരോ അവരിൽ മലക്കുകൾ ഇറങ്ങുന്നു. മരണവായുവിന്റെ സമയത്താണ് മലക്കുകൾ ഇറങ്ങുന്നതെന്ന ഖുർആൻ വ്യാഖ്യാതാക്കളുടെ വ്യാഖ്യാനം ശരിയല്ല. ഇപ്പറഞ്ഞതിന്റെ ഉദ്ദേശ്യം ആത്മസംസ്കരണം നടത്തുന്നവരും, മാലിന്യങ്ങളിൽനിന്നും അഴുക്കുകളിൽനിന്നും തങ്ങളുടെ ആത്മാവിനെ അകറ്റിനിറുത്തുന്നവരുമായവരിൽ ഇൽഹാം– ദിവ്യബോധനം ഇറങ്ങുന്നതിനുള്ള അനുയോജ്യാവസ്ഥ സംജാതമാകും എന്നാണ്. അങ്ങനെ അവർക്ക് ഇൽഹാം ഇറങ്ങാൻ തുടങ്ങുന്നു. മറ്റൊരു സ്ഥലത്ത് മുത്തഖിയുടെ സ്ഥാനം വിവരിച്ചുകൊണ്ടു പറഞ്ഞു: ***അലാ ഇന്ന ഔലിയാല്ലാഹി ലാ ഖൗഫുൻ അലയ്ഹിം വലാഹും യഹ്സനൂൻ*** (യൂനുസ്: 63)

അല്ലാഹുവിന്റെ വലിയ്യുകൾക്ക് യാതൊരു ദുഃഖവുമില്ല. അല്ലാഹു ചുമതല ഏറ്റെടുത്തിട്ടുള്ളവന് ഒരു വിഷമവുമില്ല. അല്ലാഹു ഒരാളുടെ വലിയ്യ് ആയിക്കഴിഞ്ഞാൽ അവനെ പീഡിപ്പിക്കാൻ ആർക്കും സാധ്യവുമല്ല. വീണ്ടും പറഞ്ഞു:***വ അബ് ശിറൂ ബിൽജന്നത്തില്ലത്തി കുൻതും തൂഅദൂൻ*** (ഹാമീം സജ്ദ:31) നിങ്ങൾക്ക് വാഗ്ദാനം ചെയ്യപ്പെട്ടിരുന്ന സ്വർഗം ലഭിച്ചതിൽ നിങ്ങൾ സന്തുഷ്ടരാകുക.

## രണ്ടു സ്വർഗ്ഗം

മനുഷ്യർക്ക് രണ്ടു സ്വർഗമുണ്ടെന്ന് വിശുദ്ധ ഖുർആനിൽനിന്ന് വ്യക്തമാകുന്നു. അല്ലാഹുവിനെ സ്നേഹിക്കുന്ന വ്യക്തി എങ്ങനെ ദുരിതത്തിലാകാനാണ്? ഒരു ഭരണാധികാരിയുടെ സുഹൃത്തിന് അയാളോടുള്ള ബന്ധം കാരണത്താൽ സ്വർഗീയമായ ഒരു ജീവിതം ലബ്ധമാകുമ്പോൾ അല്ലാഹുവിന്റെ സുഹൃത്തിന് എന്തുകൊണ്ട് സ്വർഗകവാടം തുറക്കപ്പെടുകയില്ല? ലോകം കെടുതികളും ദുരിതങ്ങളും നിറഞ്ഞതാണെന്നത് ശരിതന്നെ. പക്ഷേ, ദൈവത്തിന്റെ ഇഷ്ടദാസന്മാർ ഇവിടെ ആസ്വദിക്കുന്ന സുഖം ആരെങ്കിലും അറിയുന്നുണ്ടോ? അവർ അനുഭവിക്കുന്ന ദുഃഖം അരമണിക്കൂർപോലും സഹിക്കാൻ മറ്റുള്ളവർക്ക് പ്രയാസമാണ്. എന്നാൽ, അല്ലാഹുവിന്റെ സുഹൃത്ത് ജീവിതം മുഴുവൻ ദുഃഖം സഹിക്കുന്നു. ഒരു കാലഘട്ടത്തെ ഭരണമോ അധികാരമോ കൊടുത്ത് അവരെ അവരുടെ പ്രവൃത്തിയിൽനിന്ന് തടയാമെന്ന് വിചാരിച്ചാൽ അതെവിടെ നടക്കാനാണ്? കെടുതികളുടേയും ദുരിതങ്ങളുടേയും മലതന്നെ വന്നുവീണാലും അവർ അവരുടെ ഉത്തരവാദിത്വം ഉപേക്ഷിക്കുകയില്ല.

## സമ്പൂർണമായ ധാർമികത

നമ്മുടെ നബി(സ) തിരുമേനിക്ക് ഈ രണ്ടു കാര്യങ്ങളും അനുഭവിക്കേണ്ടിവന്നു. ഒരിക്കൽ ത്വാഇഫിൽനിന്ന് കല്ലേറ് കിട്ടി. ഒരു സംഘമാളുകൾ ആ പുണ്യാത്മാവിനെ കഠിനമായി ദ്രോഹിച്ചു. പക്ഷേ, നബി(സ)തിരുമേനിയുടെ വിശ്വാസസ്ഥൈര്യത്തിന് ഒരു ഇളക്കവും ഉണ്ടായില്ല. ദ്രോഹപ്രവർത്തനങ്ങൾകൊണ്ട് നബി(സ) തിരുമേനിയിൽ ഒരു മാറ്റവും ഉണ്ടാകുന്നില്ലെന്ന് കണ്ടപ്പോൾ രാജപദവി നല്കാമെന്ന് പറഞ്ഞ് അവർ പ്രലോഭിപ്പിക്കാൻ തുടങ്ങി. തങ്ങളുടെ നേതാവാക്കാമെന്നും എല്ലാവിധ സുഖാഢംബരങ്ങളോടുംകൂടി വാഴിക്കാമെന്നും അവർ വാഗ്ദാനം ചെയ്തു. ഏറ്റവും സൗന്ദര്യവതിയായ സ്ത്രീയെ വിവാഹം ചെയ്തുകൊടുക്കാമെന്നുവരെ അവർ പറഞ്ഞു. ഇതെല്ലാം ഒരേയൊരു കാര്യത്തിനുവേണ്ടി മാത്രമായിരുന്നു. അതായത് അവരുടെ ബിംബങ്ങൾക്കെതിരെ യാതൊന്നും പറയരുത്!

പക്ഷേ, ത്വാഇഫിലെ പീഢനാവസ്ഥയിലുണ്ടായ അതേ ആനന്ദാനുഭൂതി തന്നെയായിരുന്നു നബി(സ)തിരുമേനിക്ക് ഈ പ്രലോഭനങ്ങളുടെ അവസരങ്ങളിലും അനുഭവപ്പെട്ടത്. അതായത്, യാതൊന്നും നബി(സ)തിരുമേനി ലവലേശം വിലവെച്ചില്ല. ഏറുകൊള്ളാൻ ആ പുണ്യാത്മാവ് തയ്യാറായി. അതിൽ പ്രത്യേകമായ ഒരു നിർവൃതി അനുഭവിച്ചില്ലായിരുന്നെങ്കിൽ, സർവദുഃഖങ്ങളും സഹിച്ച് ദുരിതത്തിൽതന്നെ കഴിയേണ്ട കാര്യമെന്തായിരുന്നു?

ഈയൊരു അവസ്ഥാവിശേഷം നമ്മുടെ നബി(സ)തിരുമേനിക്കല്ലാതെ മറ്റാർക്കും ലഭിച്ചിരുന്നില്ല. ഒരു നബിയോടും നുബുവ്വത്ത് ഉപേക്ഷിക്കാൻ പ്രലോഭനങ്ങളുടെ വാഗ്ദാനം

( ശേഷം പേജ് 9ൽ)

പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്‌ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദ്ർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്‌രാൻ ബദ്ർ ബോർഡ്,ഖാദിയാൻ

124-ാമത് ഖാദിയാൻ ജൽസ സാലാനയുടെ (ആരംഭം മുതൽ 127-ാമത്) റിപ്പോർട്ട്

# അഹ്മദിയ്യാ ജമാഅത്തിന്റെ കേന്ദ്രമായ ഖാദിയാൻ ദാറുൽഅമാനിൽ 124-ാമത് ജൽസസാലാന (വാർഷിക സമ്മേളനം) വിജയകരമായി സമാപിച്ചു.

**വാഗ്ദത്ത മഹ്ദി മസീഹ് ഹദ്റത്ത് മിർസാ ഗുലാം അഹ്മദ്(അ)ന് നബി(സ) തിരുമേനിയോടുള്ള സ്നേഹത്തോളം ആർക്കും എത്താൻ സാധ്യമല്ല. അത് അദ്ദേഹത്തിന്റെ ഓരോരോ വാക്കും അല്ലാഹുവിനോടും അവന്റെ റസൂലിനോടുമുള്ള സ്നേഹത്തിൽ ലീനമാണെന്നുള്ളതിന് തെളിവാണ്.**

**ഈ അവസാന ദിനങ്ങളിലും നബി(സ)തിരുമേനിയുടെമേൽ സ്വലാത്ത് ചൊല്ലി നിറയ്ക്കുകയും സ്വലാത്തും സലാമുംകൊണ്ട് പുതിയ വർഷത്തെ വരവേൽക്കുകയും ചെയ്യുക; നബി(സ)തിരുമേനിയുടെ വ്യക്തിത്വവുമായി ബന്ധപ്പെട്ട അനുഗ്രഹങ്ങൾ നമ്മൾ എത്രയും വേഗം കരസ്ഥമാക്കുന്നവരായിത്തീരുന്നതിനുവേണ്ടി!**

**മുസ്‌ലിം ടെലിവിഷൻ അഹ്മദിയ്യാ ഇന്റർനാഷണൽ മുഖേന സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹുത്തആല ബിനസ്രിഹിൽ അസീസിന്റെ വിജ്ഞാനനിർഭരമായ സമാപന പ്രഭാഷണം.**

☆ ഞാൻ ഈ നാട്ടിൽ അതായത് ഖാദിയാനിൽ അല്ലാഹുവിനെ കണ്ടു. ഇസ്‌ലാമിന്റെ എല്ലാ പ്രവചനങ്ങളും നബി(സ)തിരുമേനിയുടെ സേവകന്റെ കൈയിൽ പൂർത്തിയായിരിക്കുന്നതും കണ്ടു. ലോകത്ത് ധാരാളം മഹ്ദി വാദക്കാർ വന്നു. അവർ തങ്ങളുടെ പ്രബോധനം ലോകത്ത് പരക്കുമെന്ന് പ്രവചനങ്ങൾ ചെയ്തു. പക്ഷേ, ഒരാളുടെ പ്രവചനങ്ങളല്ലാതെ മറ്റാരുടേതും പുലർന്നില്ല. ഈ വ്യക്തിയാണ് ബിഹിശ്തി മഖ്ബറയിൽ അന്ത്യവിശ്രമം കൊള്ളുന്നത്. ഇദ്ദേഹത്തിന്റെ സ്മാരകശിലയിൽ ഉല്ലേഖനം ചെയ്യപ്പെട്ടിരിക്കുന്നു. 'മസാരെ മുബാറക് ഹദ്റത്ത് അഖ്ദസ് മിർസാ ഗുലാം അഹ്മദ് ഖാദിയാനി മസീഹ് മൗഊദ് വ ഇമാം മഹ്ദി.'

☆ ഞാൻ അഹ്മദിയ്യാ സാഹിത്യങ്ങൾ വായിക്കുകയും അഹ്മദീ മുസ്‌ലിംകളുമായി കൂടിക്കാണുകയും ചെയ്തതിന്റെ ഫലമായി അഹ്മദിയ്യത്ത് തന്നെയാണ് യഥാർഥ ഇസ്‌ലാമെന്നും മറ്റു മുസ്‌ലിംകളെ അപേക്ഷിച്ച് അഹ്മദികൾ കൂടുതൽ സത്യസന്ധരും നല്ല മുസ്‌ലിംകളുമാണെന്ന് മനസ്സിലാക്കുകയും ചെയ്തിരിക്കുന്നു. എത്ര നൂറ്റാണ്ടുകൾ ഇനി കടന്നുപോകുമെന്ന് എനിക്കറിയില്ല. പക്ഷേ, ലോകത്ത് ഉയരുന്ന ഏറ്റവും ഉന്നതമായ മുദ്രാവാക്യം ഖാദിയാനിലെ പരിശുദ്ധമണ്ണിൽനിന്നായിരിക്കുമെന്ന് എനിക്കറിയാം. ഇൻശാഅല്ലാഹ്.

## ഖാദിയാൻ ജൽസസാലാനയിൽ പങ്കെടുത്ത നവഅഹ്മദികളുടെ ഈമാൻ ദൃഢീകരിക്കുന്ന അഭിപ്രായപ്രകടനങ്ങൾ

☆ ജമാഅത്ത് ലോകം മുഴുവൻ പ്രചരിപ്പിച്ചുകൊണ്ടിരിക്കുന്ന സ്നേഹം സ്തുത്യർഹമാണ്. ലോകം മുഴുവൻ സ്നേഹസന്ദേശം പ്രചരിപ്പിക്കുന്നതിന് ഞാൻ ഹുദൂർ അൻവറിന് നന്ദി പറയുന്നു. നിങ്ങളുടെ ജമാഅത്തിന്റെ ഖലീഫ ലോകം മുഴുവൻ സ്നേഹത്തിന്റേയും സാഹോദര്യത്തിന്റേയും അധ്യാപനം നല്കിക്കൊണ്ടിരിക്കുന്നു. മുഴുവൻ ലോകത്തേയും നാശത്തിൽനിന്ന് രക്ഷപ്പെടുത്താൻ ശ്രമിച്ചുകൊണ്ടിരിക്കുന്നു.

☆ മുസ്‌ലിം സമാജം എപ്പോഴും സിക്കുമതവിശ്വാസികളോടു സഹതാപത്തോടെ വർത്തിച്ചിട്ടുണ്ട്. മുസ്‌ലിം സമാജം എല്ലാ ദുർഘടസന്ധിയിലും ഞങ്ങളോടൊപ്പം നിന്നു. ഈ രണ്ടു മതത്തിന്റേയും പ്രത്യേകത ഏകനായ അല്ലാഹുവിനെ ആരാധിക്കുന്നുവെന്നതാണ്.

☆മനുഷ്യത്വത്തിന്റെ മുദ്രാവാക്യം മുഴക്കപ്പെടുന്ന സമ്മേളനങ്ങൾ വളരെ വിരളമാണ്. മനുഷ്യകുലത്തിനു സേവനം ചെയ്യുക എന്നത് മഹത്തായ പ്രവൃത്തിയാണ്; അതാണ് നിങ്ങൾ ചെയ്തുകൊണ്ടിരിക്കുന്നത്.

## മനോഹരമായ നിലയിൽ ഇന്ന് ജമാഅത്ത് നല്കിക്കൊണ്ടിരിക്കുന്ന സ്നേഹത്തിന്റേയും ശാന്തിയുടേയും സന്ദേശം സ്തുത്യർഹമാണ്.

•48 രാജ്യങ്ങളിൽനിന്ന് പ്രാതിനിധ്യം, 18,864 അഹ്മദികൾ ജൽസയിൽ പങ്കെടുത്തു.
•ഹുദൂറിന്റെ സമാപാന പ്രഭാഷണാവസരത്തിൽ ലണ്ടനിൽ 5345 പേർ പങ്കെടുത്തു
•തഹജ്ജുദ് നമസ്കാരം •ദർസുൽഖുർആനും ദൈവസ്മരണകളുംകൊണ്ട് നിറഞ്ഞ അന്തരീക്ഷം •ആദരണീയ ആലിംകളുടെ വിജ്ഞാനഭരിതമായ പ്രഭാഷണങ്ങൾ •സർമത സമ്മേളനം •അതിഥികളുടെ ഈമാൻ ദൃഢീകരിക്കുന്ന അഭിപ്രായ പ്രകടനങ്ങൾ •ദേശീയവും അന്തർദേശീയവുമായ ഭാഷകളിൽ പരിപാടികളുടെ തൽസമയ തർജമ •ജമാഅത്തംഗങ്ങളുടെ ജ്ഞാനങ്ങൾ വർധിപ്പിക്കുന്നതിന് ശിക്ഷണപരമായ കാര്യങ്ങൾ തുടങ്ങിയ ഡോക്യുമെന്ററികളും പ്രദർശനങ്ങളും •34 നിക്കാഹിന്റെ വിളംബരം •പ്രിന്റ് ആന്റ് ഇലക്ട്രോണിക് മാധ്യമങ്ങളിൽ ജൽസയുടെ കവറേജ് •സമാധാനപരവും മനോഹരവുമായ അന്തരീക്ഷത്തിൽ ജൽസയുടെ എല്ലാ പരിപാടികളും സമാപിച്ചു •ഡിസംബർ 19 മുതൽ 21 വരെ അറബി പരിപാടിയായ ഇസ്മഊ സ്വൗത്തസ്സമാ ജാഅൽ മസീഹ് ജാഅൽ മസീഹ് എന്നതിന്റെ ഖാദിയാനിൽനിന്നുള്ള എം.ടി.എ. ഇന്റർനാഷണലിന്റെ തൽസമയ സംപ്രേഷണം •ജനുവരി 3 മുതൽ 5 വരെ ദി മസീഹ് ഓഫ് ദി എയ്ജ് എന്ന ശീർഷകത്തിൽ ആഫ്രിക്കക്കാർക്കുവേണ്ടി തൽസമയ സംപ്രേഷണങ്ങൾ.

**റിപ്പോർട്ട്: മൻസ്വൂർ അഹ്മദ് മസ്റൂർ (മുൻതളിം റിപ്പോർട്ടിംഗ്)**

ജൽസസാലാന ഭാഗം 4

## 2018 ഡിസംബർ 30 ഞായർ മൂന്നാം ദിവസം ഒന്നാം സെഷൻ

മൂന്നാം ദിവസത്തെ ആദ്യസെഷനിലെ പരിപാടി നാളിർ അഅ്ലാ സ്വദ്ർ അഞ്ചുമൻ അഹ്മദിയ്യാ റബ്‌വ ബഹുമാനപ്പെട്ട സയ്യിദ് ഖാലിദ് അഹ്മദ് ശാഹ് സാഹിബിന്റെ അധ്യക്ഷതയിൽ ആരംഭിച്ചു. ഉസ്താദ് ജാമിഅ അഹ്മദിയ്യാ ഖാദിയാൻ മുർശിദ് അഹ്മദ് ഡാർ സാഹിബ് ഖുർആൻ പാരായണം ചെയ്തു. സൂറഃ ഹാമീം സജ്ദയിലെ 34 മുതൽ 37 വരെയുള്ള വചനങ്ങളാണ് ഓതിയത്. ഇതിന്റെ ഉർദു തർജമ നാഇബ് നാളിർ നശ്ർവ ഇശാഅത്ത് ഖാദിയാൻ അത്വാഉൽ മുജീബ് ലോൺ സാഹിബ് അവതരിപ്പിച്ചു.

സയ്യിദുനാ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)ന്റെ പരിശുദ്ധപദ്യം:

ദിക്റെ ഖുദാ പെ സോർദെ ള്ളുൽമത്തെ ദിൽ മിട്ടായെജാ
ഗോഹറെ ശബ് ചിരാഗ് ബൻ ദുൻയാമെ ജഗ്മഗായെ ജാ

ഉസ്താദ് ജാമിഅ അഹ്മദിയ്യാ ഖാദിയാൻ നസ്റുൻമ്മിനല്ലാഹ് സാഹിബ് മനോഹരമായി ആലപിച്ചു.

ആദ്യ പ്രസംഗം 'ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സത്യസാക്ഷ്യം: കാലത്തിന്റെ തേട്ടത്തിന്റേയും ദൈവികസഹായത്തിന്റേയും വെളിച്ചത്തിൽ' എന്ന വിഷയത്തിൽ ഈ വിനീതന്റേതായിരുന്നു.

യോഗത്തിലെ രണ്ടാമത്തെ പ്രസംഗം 'മൂന്നാം ലോകമഹായുദ്ധത്തിന്റെ കെടുതിയിൽനിന്ന് രക്ഷപ്പെടുന്നതിന് ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽഖാമിസിന്റെ വേദനനിറഞ്ഞ ഉപദേശങ്ങൾ' എന്ന ശീർഷകത്തിൽ ബഹുമാനപ്പെട്ട അഡീഷണൽ നാളിർ അഅ്ലാ ജനൂബി ഹിന്ദ് ശീറാഥ് അഹ്മദ് സാഹിബിന്റേതായിരുന്നു. അദ്ദേഹം പ്രസംഗത്തിന്റെ തുടക്കത്തിൽ ലോകത്ത് നിലവിലുള്ള ന്യൂക്ലിയർ ആയുധങ്ങളുടെ കണക്കുകൾ വിവരിച്ചുകൊണ്ടുപറഞ്ഞു.

◆ ഇപ്പോൾ ലോകത്ത് 23000 ന്യൂക്ലിയർ ആയുധങ്ങൾനിലവിലുണ്ട്. എത്രമാത്രം ശക്തിയുള്ളതാണെന്നാൽ ലോകത്തുള്ള മുഴുവൻ ജനങ്ങളെയും പല പ്രാവശ്യം ഉന്മൂലനം ചെയ്യാൻ ഉതകുന്നതാണിത്.

( ശേഷം പേജ് 10ൽ)

## ഖുത്ബ ജുമുഅ

### “നബി(സ)തിരുമേനി തീർച്ചയായും തന്റെ പ്രിയപ്പെട്ടവരുടെ പേരുകൾ അനശ്വരമാക്കി നിലനിറുത്തുന്നതിന് അവരുടെ അടുത്ത ബന്ധുക്കളുടെ കുട്ടികൾ അവരുടെ പേരുവെച്ചിട്ടുണ്ടാകും.”

അല്ലാഹുവിന്റെ സംതൃപ്തി കരസ്ഥമാക്കുന്നതിന് ഓരോ നിമിഷവും അസ്വസ്ഥരായിരുന്ന, ആത്മാർഥതയുടേയും കൂറിന്റേയും ആൾരൂപങ്ങളായ നബി(സ)തിരുമേനിയുടെ ബദ്റിൽ പങ്കെടുത്ത സ്വഹാബിമാർ ഹദ്റത്ത് ത്വുഫയ്ൽ ബിൻ ഹാരിഥ്, ഹദ്റത്ത് സുലയിം ബിൻ അംറ് അൻസ്വാരി, ഹദ്റത്ത് സുലയിം ബിൻ ഹാരിഥ് അൻസ്വാരി, ഹദ്റത്ത് സുലയിം ബിൻ മിൽഹാൻ അൻസ്വാരി, ഹദ്റത്ത് സുലയിം ബിൻ ഖയ്ഥ് അൻസ്വാരി, ഹദ്റത്ത് ഥാബിത് ഥഅ്ലബ, ഹദ്റത്ത് സിമാക് ബിൻ സഅ്ദ്, ഹദ്റത്ത് ജാബിർ ബിൻ അബ്ദുല്ലാ ബിൻ രിആബ്, ഹദ്റത്ത് മുൻദിർ ബിൻ അംറ് ബിൻ ഖുനയ്സ്, ഹദ്റത്ത് മഅ്ബദ് ബിൻ അബ്ബാദ്, ഹദ്റത്ത് അദിയ്യ് ബിൻ അബീ സഗ്ബാഅ് അൻസ്വാരി, ഹദ്റത്ത് റബീഅ് ബിൻ ഇയാസ്, ഹദ്റത്ത് ഉമയ്ർ ബിൻ ആമിർ അൻസ്വാരി, ഹദ്റത്ത് അബൂസിനാൻ ബിൻ മിഹ്സ്വൻ, ഹദ്റത്ത് ഖയ്സ് ബിൻ അസ്സക്കൻ അൻസ്വാരി,ഹദ്റത്ത് അബുൽയസ്ർ കഅ്ബ് ബിൻ അംറ് (റളിയല്ലാഹുഅൻഹും) തുടങ്ങിയവരുടെ അനുഗൃഹീത ജീവചരിത്ര വിവരണം.

ഈയാളുകളാണ് അവർ, അവരുടെ തേജോവിലാസം അത്ഭുതകരമായിരുന്നു. അവർ നമുക്ക് അല്ലാഹുവുമായി കൂറു പുലർത്തേണ്ട മാർഗവും പഠിപ്പിച്ചുതന്നു. അല്ലാഹുവിനെ ഭയപ്പെടേണ്ട രീതിയും പഠിപ്പിച്ചുതന്നു. നബി(സ)തിരുമേനി പറഞ്ഞ കാര്യങ്ങൾ ഹൃദയത്തിന്റെ അടിത്തട്ടിൽനിന്ന് സ്വീകരിച്ച് പൂർണമായും അനുസരിക്കേണ്ടവഴികളും പഠിപ്പിച്ചു. അല്ലാഹു അവരുടെ പദവികൾ ഉയർത്തുമാറാകട്ടെ.

**ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് അയ്യദഹുല്ലാഹുത്തആല ബിനസ്രിൽ അസീസ്**

**ഖുത്ബ 2018 ജനുവരി 25/1398 സ്വുൽഹ് 25**
**മസ്ജിദ് ബയ്ത്തുൽ ഫുത്തൂഹ് ലണ്ടൻ**

أَشْهَدُ أَنْ لَّا إِلٰهَ إِلَّا اللهُ وَحْدَهُ لَا شَرِيكَ لَهُ وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهُ وَرَسُولُهُ

أَمَّا بَعْدُ فَأَعُوذُ بِاللهِ مِنَ الشَّيْطٰنِ الرَّجِيمِ - بِسْمِ اللهِ الرَّحْمٰنِ الرَّحِيمِ -

اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ - الرَّحْمٰنِ الرَّحِيْمِ - مٰلِكِ يَوْمِ الدِّيْنِ - إِيَّاكَ نَعْبُدُ وَإِيَّاكَ نَسْتَعِيْنُ -

اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ - صِرَاطَ الَّذِيْنَ أَنْعَمْتَ عَلَيْهِمْ ۙ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ -

ഇന്ന് ഞാൻ വിവരിക്കുന്ന ബദ്രീ സ്വഹാബാക്കളിൽ ആദ്യത്തെ നാമം, ഹദ്റത്ത് ത്വുഫയ്ൽ ബിൻ ഹാരിഥിന്റേതാണ്. ഹദ്റത്ത് ത്വുഫയ്ൽ ബിൻ ഹാരിഥിന്റെ ബന്ധം ഖുറയ്ശുമായിട്ടായിരുന്നു. അദ്ദേഹത്തിന്റെ മാതാവിന്റെ പേര് സുഖയ്ല ബിൻത് ഖുസായീ എന്നായിരുന്നു. മദീന ഹിജ്റത്തിനുശേഷം നബി(സ)തിരുമേനി ഹദ്റത്ത് ത്വുഫയ്ൽ ബിൻ ഹാരിഥിനേയും ഹദ്റത്ത് മുൻദിർ ബിൻ മുഹമ്മദിനേയും അല്ലെങ്കിൽ ചില നിവേദനമനുസരിച്ച് ഹദ്റത്ത് സുഫിയാൻ ബിൻ നസ്റിനേയും സഹോദരന്മാരാക്കി. ഹദ്റത്ത് ത്വുഫയ്ൽ ബിൻ ഹാരിഥ് തന്റെ സഹോദരന്മാരായ ഹദ്റത്ത് ഉബയ്ദയോടും ഹുസ്വയ്നോടുമൊപ്പം ബദ്ർ യുദ്ധത്തിൽ പങ്കെടുത്തു. ഇതുപോലെ ഉഹുദ്, ഖൻദഖ് ഉൾപ്പെടെ എല്ലാ യുദ്ധങ്ങളിലും നബി(സ)തിരുമേനിയോടൊപ്പം പങ്കെടുക്കുവാനും അദ്ദേഹത്തിന് ഭാഗ്യം സിദ്ധിച്ചു. അദ്ദേഹം ഹിജ്രി 32ന് എഴുപതാമത്തെ വയസ്സിൽ വഫാത്തായി.(അത്ത്വബക്കാത്തുൽ കുബ്റാ വാല്യം 3, പേജ് 138, ത്വുഫയ്ൽ ബിൻ ഹാരിഥ്, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 1990). (ഉസുദുൽ ഗാബ, വാല്യം 3, പേജ് 74, ത്വുഫയ്ൽ ബിൻ ഹാരിഥ, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 2003).

രണ്ടാമത്തെ സ്വഹാബി, ഹദ്റത്ത് സുലയിം ബിൻ അംറ് അൻസ്വാരിയാണ്. അദ്ദേഹത്തിന്റെ മാതാവിന്റെ പേര് ഉമ്മു സുലയിം ബിൻത് അംറ് എന്നായിരുന്നു. ഖസ്റജിന്റെ കുടുംബമായ ബനൂസലമയുമായിട്ടായിരുന്നു അദ്ദേഹത്തിന്റെ ബന്ധം. നിവേദനങ്ങളിൽ അദ്ദേഹത്തിന്റെ പേര് സുലയ്മാൻ ബിൻ അംറ് എന്നാണെന്നും പറയുന്നുണ്ട്. അദ്ദേഹം അഖബയിൽവച്ച് എഴുപതാളുകളോടൊപ്പം ബയ്അത്ത് ചെയ്തു. ബദ്ർ, ഉഹുദ് യുദ്ധങ്ങളിൽ പങ്കെടുത്തു. ഉഹുദ് യുദ്ധത്തിൽ അദ്ദേഹം ശഹാദത്ത് വരിച്ചു. അദ്ദേഹത്തോടൊപ്പം അദ്ദേഹത്തിന്റെ അടിമ അശ്റഃയും ഉണ്ടായിരുന്നു. (അത്ത്വബക്കാത്തുൽ കുബ്റാ വാല്യം 3, പേജ് 435, സുലയിം ബിൻ അംറ്, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 1990). (ഉസുദുൽ ഗാബ, വാല്യം 2, പേജ് 545, സുലയിം ബിൻ അംറ്, പ്രസാധകർ ദാറു ൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 2003).

ഇനി വിവരിക്കുന്നത് ഹദ്റത്ത് സുലയിം ബിൻ ഹാരിഥ് അൻസാരിയെക്കുറിച്ചാണ്. അദ്ദേഹത്തിന്റെ ബന്ധം ഖസ്റജ് ഗോത്രത്തിലെ കുടുംബമായ ബനൂ ദീനാറുമായിട്ടായിരുന്നു. അദ്ദേഹത്തിന്റെ കുടുംബം ബനൂദീനാറിന്റെ അടിമയായിരുന്നുവെന്നും പറയുന്നുണ്ട്. അദ്ദേഹം ഹദ്റത്ത് ളഹ്ഹാക് ബിൻ ഹാരിഥിന്റെ സഹോദരനാണെന്നും പറയപ്പെടുന്നുണ്ട്. എന്തായാലും അറിയുന്ന കാര്യമനുസരിച്ച് ഈ രണ്ടു കാര്യങ്ങളാണുള്ളത്. അദ്ദേഹം ബദ്ർ യുദ്ധത്തിൽ പങ്കെടുത്തു. ഉഹുദ് യുദ്ധത്തിൽ ശഹാദത്തിന്റെ സ്ഥാനം കരസ്ഥമാക്കി. (ഉസുദുൽ ഗാബ, വാല്യം 2, പേജ് 543, സുലയിം ബിൻ അൽഹാരിഥ്, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 2003).

അടുത്തത് ഹദ്റത്ത് സുലയിം ബിൻ മിൽഹാൻ അൻസ്വാരിയാണ്. അദ്ദേഹത്തിന്റെ മാതാവ് മുലയ്ക്ക ബിൻത് മാലിക് ആയിരുന്നു. ഹദ്റത്ത് അനസ് ബിൻ മാലിക്കിന്റെ മാതൃസഹോദരനായ ഇദ്ദേഹം ഹദ്റത്ത്  ഉമ്മു ഹറാ മിന്റേയും ഹദ്റത്ത് ഉമ്മു സുലയ്മിന്റേയും സ ഹോദരനായിരുന്നു. ഹദ്റത്ത് ഉമ്മു ഹറാം ഹദ്റത്ത് ഉബാദ ബിൻ സ്വാമിത്തിന്റെ പത്നിയായിരുന്നു. അതുപോലെ ഹദ്റത്ത് ഉമ്മു സുലയിം ഹദ്റത്ത് അബൂ ത്വൽഹ അൻസ്വാരിയുടെ പത്നിയുമായിരുന്നു. അവരുടെ മകൻ ഹദ്റത്ത് അനസ് ബിൻ മാലിക്ക് നബി(സ)തിരുമേനിയുടെ സേവകനായിരുന്നു. അദ്ദേഹം ബദ്ർ, ഉഹുദ് എന്നീ യുദ്ധങ്ങളിൽ തന്റെ സഹോദരൻ ഹദ്റത്ത് ഹർറാം ബിൻ മിൽഹാനോടൊപ്പം പങ്കെടുത്തു. ഇവർ രണ്ടു പേരും ബിഅ്രെ മഊന സംഭവത്തിൽ ശഹീദായി. (അത്ത്വബക്കാത്തുൽ കുബ്റാ വാല്യം 3, പേജ് 91, സുലയിം ബിൻ മിൽഹാൻ, പ്രസാധകർ ദാറുൽകുതുബുൽ ഇൽ മിയ്യ ബേറൂത്ത് 1990). (ഉസുദുൽ ഗാബ, വാല്യം 2, പേജ് 546, സുലയിം ബിൻ മിൽഹാൻ, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 2003).

നബി(സ) തിരുമേനിയുടെ ഹിജ്റത്തിന്റെ 36–ാം മാസത്തിൽ സ്വഫ്റിൽ അതായത് സ്വഫ്ർ മാസം ബിഅ്രെ മഊനയിലേക്ക് ഹദ്റത്ത് മുർ ദിർബിൻ അംറ് വസ്സാഅദിയുടെ യുദ്ധനീക്കമുണ്ടായി. ആമിർ ബിൻ ജഅ്ഫർ നബി(സ)തിരുമേനിയുടെ അടുക്കൽവന്നു. നബിയ്ക്ക് ഉപഹാരം നല്കാനാഗ്രഹിച്ചു. പക്ഷേ, നബി(സ) തിരുമേനി അത് നിഷേധിച്ചു. നബി(സ) തിരുമേനി അയാളെ ഇസ്‌ലാമിലേക്ക് ക്ഷണിച്ചു. അയാൾ ഇസ്‌ലാം സ്വീകരിച്ചില്ല. ഇസ്‌ലാമിൽനിന്ന കന്നതുമില്ല. ആമിർ അപേക്ഷിച്ചു: ‘താങ്കൾ താങ്കളുടെ സഖാക്കളിൽനിന്ന് കുറച്ചാളുകളെ എന്റെ കൂടെ എന്റെ ജനതയുടെ അടുക്കൽ അയക്കുകയാണെങ്കിൽ താങ്കളുടെ ക്ഷണം അവർ സ്വീകരിക്കുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു.’ നബി(സ) തിരുമേനി പറഞ്ഞു: ‘നജ്ദുകാർ അവർക്ക് ഏതെങ്കിലും തരത്തിലുള്ള നഷ്ടം വരുത്തുമോ എന്ന് ഞാൻ ഭയപ്പെടുന്നു.’ അയാൾ പറഞ്ഞു: ‘ആരെങ്കിലും അവരുടെ മുമ്പിൽ വന്നാൽ, അവർക്ക് ഞാൻ അഭയം നല്കുന്നതായിരിക്കും.’ നബി(സ) തിരുമേനി ഖുർആൻ ഖാരികളായ 70 യുവാക്കളെ അയാളോടൊപ്പം അയച്ചു. ഹദ്റത്ത് മുൻദിൻ ബിൻ അംറ് അസ്സാഅ്ദിയെ അവരുടെ അമീറാക്കി. മുമ്പേയും ഈ സംഭവം വിവരിച്ചുകഴിഞ്ഞിട്ടുള്ളതാണ്. ഈ ആളുകൾ ബിഅ്രെ മഊന സ്ഥലത്തെത്തിയപ്പോൾ ബനീ സുലയ്മിന്റെ ഒരു കടവുണ്ടായിരുന്നു. അത് ബനീ ആമിറിന്റേയും ബനീ സുലയ്മിന്റേയും ഇടയ്ക്കായിരുന്നു. ഈയാളുകൾ അവിടെ ഇറങ്ങി താവളമടിച്ചു. തങ്ങളുടെ ഒട്ടകത്തെ അവിടെ വിട്ടു. അവർ ആദ്യം ഹദ്റത്ത് ഹർറാം ബിൻ മിൽഹാന്റെ കൈയിൽ നബി(സ) തിരുമേനിയുടെ സന്ദേശം കൊടുത്ത് ആമിർ ബിൻ ത്വുഫയ്ലിന്റെ അടുത്ത് അയച്ചു. അയാൾ നബി(സ) തിരുമേനിയുടെ സന്ദേശം വായിക്കാ തെ ഹദ്റത്ത് ഹർറാം ബിൻ മിൽഹാന്റെമേൽ ആക്രമണം നടത്തി ശഹീദാക്കി. അതിനുശേഷം മുസ്‌ലിംകൾക്കെതിരിൽ അയാൾ ബനീ ആമിറിനെ വിളിച്ചു. എന്നാൽ, അവർ അയാൾ പറഞ്ഞ കാര്യം സ്വീകരിക്കാതെ നിഷേധിച്ചു. പിന്നീട് അയാൾ സുലയിം ഗോത്രങ്ങളിലെ ഉസ്സ്വയ്യയേയും ദക്വാനേയും രിഅ്ലിനേയും വിളിച്ചു. അവർ അയാളോടൊപ്പം യാത്രയായി. അയാളെ തങ്ങളുടെ നേതാവാക്കി. ഹദ്റത്ത് ഹാർറാം വരാൻ താമസിച്ചപ്പോൾ മുസ്‌ലിംകൾ അവരുടെ പിന്നാലെ വന്നു. കുറേ ദൂരത്തെത്തിയപ്പോൾ ആക്രമണം നടത്താൻ വരുന്ന സൈന്യത്തെ അവർ കണ്ടു. അവർ മുസ്‌ലിംകളെ വളഞ്ഞു.

ശത്രുക്കളുടെ എണ്ണവും അധികമായിരുന്നു. അങ്ങനെ യുദ്ധമുണ്ടായി. നബി(സ)തിരുമേനിയുടെ സ്വഹാബാക്കൾ ശഹീദാക്കപ്പെട്ടു. ശത്രുക്കൾ ഹദ്റത്ത് സുലയിം ബിൻ മിൽഹാനേയും ഹക്കം ബിൻ കയ്സാനേയും വളഞ്ഞപ്പോൾ, അവർ പറഞ്ഞു: ‘അല്ലാഹുവേ! നിന്നെയല്ലാതെ മറ്റാരെയും ഞങ്ങളുടെ സലാം നിന്റെ റസൂലിലേക്ക് എത്തിക്കുന്നതിന് ഞങ്ങൾ കാണുന്നില്ല. അതിനാൽ നീ തന്നെ ഞങ്ങളുടെ സലാം നിന്റെ റസൂലിന് എത്തിച്ചാലും.’ നബി(സ)തിരുമേനിക്ക് ജിബ്രീൽ ഈ വിവരം എത്തിച്ചപ്പോൾ അവിടന്ന് പറഞ്ഞു:‘വ അലയ്ഹിമുസ്സലാം.’ അവരുടെ മേൽ സമാധാനം ഉണ്ടാകട്ടെ. മുൻദിർ ബിൻ അംറിനോടു അവർ പറഞ്ഞു: നിങ്ങ

ളാഗ്രഹിക്കുന്നെങ്കിൽ നിങ്ങൾക്ക് ഞങ്ങൾ അഭയം നൽകും. എന്നാൽ, അവർ നിഷേധിച്ചു. നബി(സ) തിരുമേനി പറഞ്ഞു: മരിക്കുന്നതിനുവേണ്ടി അവർ മുമ്പോട്ടു നീങ്ങി. അതായത് മരണത്തിന്റെ മുന്നിലേക്കുപോയി. വാസ്തവത്തിൽ അവർ അതിനെ അറിഞ്ഞിരുന്നു.' (അത്ത്വബക്കാത്തു ൽ കുബ്റാ വാള്യം 2, പേജ് 39–40, സരിയത്ത് അൽമുൻദിർ ബിൻ അംറ്, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 1990).

യുദ്ധായുധങ്ങളൊന്നും ഇല്ലാതിരുന്നിട്ടും വളരെ ധൈര്യത്തോടെ അവർ ശത്രുക്കളെ നേരിട്ടു. യുദ്ധോദ്ദേശ്യത്തോടെയല്ല അവർ പോയിരുന്നതും.

ഹദ്റത്ത് സുലയിം ബിൻ ഖയ്സ് അൻസ്വാരിയെ കുറിച്ചാണ് ഇനി പറയുന്നത്. അവരുടെ മാതാവിന്റെ പേര് ഉമ്മു സുലയിം ബിൻത് ഖാലിദ് എന്നായിരുന്നു. ഹദ്റത്ത് ഹംസയുടെ ഭാര്യയായിരുന്ന ഹദ്റത്ത് ഖൗല ബിൻത് ഖയ്സിന്റെ സഹോദരനായിരുന്നു. ഹദ്റത്ത് സുലയിം ബിൻ ഖയ്സ് ബദ്ർ, ഉഹുദ്, ഖൻദഖ് ഉൾപ്പടെ എല്ലാ യുദ്ധങ്ങളിലും നബി(സ)തിരുമേനിയോടൊപ്പം പങ്കെടുത്തു. അദ്ദേഹം ഹദ്റത്ത് ഉഥ്മാൻ(റ)ന്റെ ഖിലാഫത്ത് കാലഘട്ടത്തിൽ വഫാത്തായി.(അത്ത്വബക്കാത്തുൽ കുബ്റാ വാള്യം 3, പേജ് 372, സുലയിം ബിൻ ഖയ്സ്, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 1990). (ഉസുദുൽ ഗാബ, വാള്യം 2, പേജ് 545–546, സുലയിം ബിൻ ഖയ്സ് അൻസ്വാരി, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 2003).

മറ്റൊരു സ്വഹാബി ഹദ്റത്ത് ഥാബിത്ത് ബിൻ ഥഅ്ലബയാണ്. ഇദ്ദേഹത്തിന്റെ പേര് ഹദ്റത്ത് ഥാബിത്ത് ബിൻ ഥഅ്ലബ എന്നായിരുന്നു. അവരുടെ മാതാവിന്റെ പേര് ഉമ്മു ഉനാസ് ബിൻത് സഅ്ദ് എന്നായിരുന്നു. ഇവരുടെ ബന്ധം ബനൂ ഉദ്റ ഗോത്രവുമായിട്ടായിരുന്നു. ഇദ്ദേഹത്തിന്റെ പിതാവ് ഥഅ്ലബ ബിൻ സയ്ദിനെ അൽജിദ്അ് എന്നു വിളിക്കുന്നു. അദ്ദേഹത്തിന്റെ ധീരതയും ദൃഢനിശ്ചയവും തന്റേടവും കാരണത്താലാണ് ഇങ്ങനെ വിളിച്ചിരുന്നത്. ഇതിന്റെ അടിസ്ഥാനത്തിൽ ഹദ്റത്ത് ഥാബിത്തിനെ ഇബ്നുൽജിദ്അ് എന്നു വിളിക്കുന്നു. ഹദ്റത്ത് ഥാബിത്ത് ബിൻ ഥഅ്ലബയുടെ മക്കളിൽ അബ്ദുല്ലായും ഹാരിഥും ഉൾപ്പെടുന്നു. ഇവരുടെ എല്ലാം മാതാവ് ഉമാമ ബിൻത് ഉഥ്മാൻ ആയിരുന്നു. രണ്ടാം അഖബ ബയ്അത്തിൽ പങ്കെടുത്ത എഴുപത് സ്വഹാബത്തിൽ ഹദ്റത്ത് ഥാബിത്തും ഉൾപ്പെടുന്നു. ബദ്ർ, ഉഹുദ്, ഖൻദഖ്, ഖയ്ബർ തുടങ്ങിയ യുദ്ധങ്ങളിലും ഹുദയ്ബിയ സന്ധി, മക്കാവിജയം, ത്വാഇഫ് യുദ്ധം തുടങ്ങിയവയിലെല്ലാം പങ്കെടുത്തു. അദ്ദേഹം ത്വാഇഫ് യുദ്ധ ദിവസം ശഹീദായി.(അത്ത്വബക്കാത്തുൽ കുബ്റാ വാള്യം 3, പേജ് 428–429, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 1990).

അടുത്തത് ഹദ്റത്ത് സിമാക് ബിൻ സഅ്ദ് ആണ്. ഇദ്ദേഹത്തിന്റെ പിതാവ് സഅ്ദ് ബിൻ ഥഅ്ലബയായിരുന്നു. ഇദ്ദേഹം ഹദ്റത്ത് നു അ്മാൻ ബിൻ ബശീറിന്റെ പിതാവ് ഹദ്റത്ത് ബശീർ ബിൻ സഅ്ദിന്റെ സഹോദരനായിരുന്നു. ബദ്ർ യുദ്ധത്തിൽ തന്റെ സഹോദരൻ ഹദ്റത്ത് ബശീറിനോടൊപ്പം പങ്കെടുത്തു. ഉഹുദിലും പ ങ്കെടുത്തിരുന്നു. ഖസ്റജ് ഗോത്രവുമായിട്ടാണ് അദ്ദേഹത്തിന്റെ ബന്ധം.(ഉസുദുൽ ഗാബ, വാള്യം 2, പേജ് 552, സിമാക് ബിൻ സഅ്ദ് , പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 2003).

ഹദ്റത്ത് ജാബിർ ബിൻ അബ്ദുല്ലാഹ് ബിൻ റിയാബാണ് മറ്റൊരു സഹാബി. മക്കയിൽ ആദ്യമായി ഇസ്ലാം സ്വീകരിച്ച ആറ് അൻസ്വാരിൽ ഇദ്ദേഹവും ഉൾപെടുന്നു. ഹദ്റത്ത് ജാബിർ ബദ്ർ, ഉഹുദ്, ഖൻദഖ് തുടങ്ങി എല്ലാ യുദ്ധങ്ങളിലും നബി(സ)തിരുമേനിയോടൊപ്പം പങ്കെടുത്തു. (അത്ത്വബക്കാത്തുൽ കുബ്റാ വാള്യം 3, പേജ് 431, ജാബിർ ബിൻ അബ്ദുല്ലാഹ്, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 1990).

ഒന്നാം അഖബ ബയ്അത്തിനുമുമ്പേ മക്കയിൽ അൻസ്വാറുകളിൽപെട്ട ആറ് സ്വഹാബത്ത് നബി(സ) തിരുമേനിയുമായി കൂടിക്കാഴ്ച നടത്തി. അവരിൽ ഇദ്ദേഹവും ഉണ്ടായിരുന്നു. അവർ ഇവരൊക്കെയാണ്: സഅ്ദ് ബിൻ സറാറ, ഔഫ് ബിൻ ഹാരിഥ്, റാഫിഅ് ബിൻ മാലിക് ബിൻ അജ്ലാൻ, ഖുത്ബ ബിൻ ആമിർ ബിൻ ഹദീദഃ, ഉഖ്ബ ബിൻ ആമിർ നാബി, ജാബിർ ബിൻ അബ്ദുല്ലാഹ് ബിൻ റിആബ്. ഇവർ എല്ലാവരും മുസ്ലീംകളായി. ഇവർ മദീനയിൽ വന്നപ്പോൾ മദീനക്കാരോടു നബി(സ)തിരുമേനിയെ കുറിച്ച് പറഞ്ഞു. (ഉസുദുൽ ഗാബ, വാള്യം 1, പേജ് 492, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 2003)

ഇതിന്റെ വിശദമായ വിവരണം ഉഖ്ബ ബിൻ ആമിർ നാബിയെ കുറിച്ച് പ്രതിപാദിച്ചപ്പോൾ പറഞ്ഞു കഴിഞ്ഞതാണ്. നബി(സ)തിരുമേനിയോട് വിട ചൊല്ലി പോകുന്ന അവസരത്തിൽ അവർ നബി(സ) തിരുമേനിയോടു പറഞ്ഞു: ആഭ്യന്തര

യുദ്ധങ്ങൾ ഞങ്ങളെ വളരെ ബലഹീനരാക്കിയിരിക്കുകയാണ്. ഞങ്ങൾക്കിടയിൽ വളരെയധികം ഛിദ്രതകളുണ്ടായിരിക്കുന്നു. ഞങ്ങൾ യഥ്രിബിൽ (മദീനയിൽ) ചെന്ന് ഞങ്ങളുടെ സഹോദരങ്ങളെ തബ്ലീഗ് ചെയ്യുന്നതാണ്. അല്ലാഹു താങ്കളുടെ ഈ സന്ദേശവും ഞങ്ങളുടെ പ്രബോധനവും മുഖേന ഞങ്ങളിൽ വീണ്ടും ഐക്യമുണ്ടാക്കിയെന്ന് വരാം. അങ്ങനെ ഞങ്ങൾ വീണ്ടും ഒരുമിച്ചാൽ എല്ലാവിധത്തിലും താങ്കളെ സഹായിക്കുന്നതിന് തയ്യാറായിരിക്കും.

അങ്ങനെ ഇക്കൂട്ടർ പോയി. അവർ കാരണത്താൽ യഥ്രിബിൽ ഇസ്ലാമിന്റെ ചർച്ച ഉണ്ടാകാൻ തുടങ്ങി. ഈ വർഷം നബി(സ) തിരുമേനി മക്കയിൽ യഥ്രിബുകാരിൽനിന്നുള്ള ബാഹ്യമായ അവസ്ഥകളുടേയും കാര്യഹേതുക്കളുടേയും അടിസ്ഥാനത്തിൽ എങ്ങനെയാണ് കഴിച്ചുകൂട്ടിയതെന്നാൽ അതിൽ ഭയമുണ്ടായിരുന്നു, പ്രതീക്ഷയും ഉണ്ടായിരുന്നു. സാക്ഷ്യപ്പെടുത്തി ബയ്അത്ത് ചെയ്ത ഈ ആറുപേർ പോയിരിക്കുകയാണ്. അവരുടെ പര്യവസാനം എന്തായിരിക്കും! യഥാർഥത്തിൽ എന്തെങ്കിലും വിജയം ലഭിക്കുമോ? എന്തെങ്കിലും പ്രതീക്ഷ ഉണ്ടാകുമോ? കാരണം മറ്റു സ്ഥലങ്ങൾ നബി(സ) തിരുമേനിയെ നിഷേധിച്ചുവെന്നു മാത്രമല്ല എതിർപ്പും അതിന്റെ സീമയിലെത്തിയിരുന്നു. മക്കക്കാരും ത്വാഇഫിലെ നേതാക്കന്മാരും നബി(സ) തിരുമേനിയുടെ ദൗത്യത്തെ ശക്തമായി നിഷേധിച്ചിരുന്നു. മറ്റു ഗോത്രക്കാരും അവർക്കു വിധേയരായി ഓരോന്നോരോന്ന് നിഷേധിക്കാൻ തുടങ്ങി. അതുകൊണ്ട് ഇവരുടെ ബയ്അത്തു കാരണത്താൽ മദീനയിൽ ഒരു പ്രതീക്ഷയുടെ കിരണം ഉണ്ടായിട്ടുണ്ടായിരുന്നു; പക്ഷേ, അതും അത്ര തൃപ്തികരമല്ലായിരുന്നു. പ്രതീക്ഷയുടെ കിരണം ഉണ്ടായ ഈ ആറുപേർ, അവർക്കെതിരിൽ ശത്രു എഴുന്നേറ്റുനിന്നാൽ ഈ വിപത്തുകളേയും പ്രയാസങ്ങളേയും അവർക്ക് നേരിടാൻ കഴിയുമെന്ന് ആർക്കാണ് പറയാൻ കഴിയുക.

എന്തായാലും അവർ പോയി. അവർ തബ്ലീഗ് ചെയ്തു. പക്ഷേ, അതിന്നിടയിൽ മക്കക്കാരിൽ നിന്ന് ശത്രുതയും എതിർപ്പും നിത്യവും വർധിച്ചുകൊണ്ടിരുന്നു. ഇസ്ലാമിനെ ഉന്മൂലനം ചെയ്യാൻ ഇനിയും സമയമുണ്ടെന്ന് അവർ ദൃഢമായും വിശ്വസിച്ചിരുന്നു. കാരണം മക്കയിൽനിന്ന് പുറത്തു കടക്കാൻ തുടങ്ങുകയും വ്യാപിക്കാൻ തുടങ്ങുകയും ചെയ്താൽ പിന്നെ ഇസ്ലാമിനെ നശിപ്പിക്കൽ ദുഷ്ക്കരമായിരിക്കുമെന്ന് അവർക്കറിയാമായിരുന്നു. അതുകൊണ്ട് മക്കക്കാരും പൂർണമായും എതിർത്തു. പക്ഷേ, എങ്കിലും നബി(സ) തിരുമേനിയും, ബയ്അത്ത് ചെയ്യുകയും മുസ്ലിമാകുകയും ചെയ്ത അവിടത്തെ ആത്മാർഥ സ്വഹാബാക്കളും ഉറച്ചപാറ പോലെ തങ്ങളുടെ നിലപാടിൽ ഉറച്ചുനിന്നു. ഒരു കാര്യത്തിനും അവരെ ഇസ്ലാമികാധ്യാപനങ്ങളിൽ നിന്നും ഇസ്ലാമിൽനിന്നും അകറ്റാൻ കഴിഞ്ഞിരുന്നില്ല. തൗഹീദിൽനിന്ന് അകറ്റാൻ സാധിച്ചിരുന്നില്ല. എന്തായാലും ഇസ്ലാമിന് ഒരു വലിയ ദുർഘടനേരമായിരുന്നു അത്. പ്രതീക്ഷയും ഉണ്ടായിരുന്നു; ആശങ്കയും നിലനിന്നിരുന്നു; മദീനയിൽ ഇവർ പോയിരിക്കുന്നു; ഇതിന്റെ ഫലങ്ങളെന്തായിരിക്കുമെന്ന് നോക്കുക.

പിന്നീട് അടുത്തവർഷം മദീനയിൽനിന്ന് ഒരു സംഘം ഹജ്ജിന്റെ അവസരത്തിൽ വന്നു. നബി(സ) തിരുമേനി വളരെ താൽപര്യത്തോടെ വീട്ടിൽ നിന്നിറങ്ങി. മിനായുടെ അടുത്തുള്ള അഖ്ബായുടെ അടുത്തെത്തി. അവിടേയും ഇവിടേയും ദൃഷ്ടിപായിച്ചു. അപ്പോൾ പെട്ടെന്ന് യഥ്രിബിലെ ഒരു ചെറിയ സംഘത്തിനുമേൽ അവിടത്തെ ദൃഷ്ടി പതിഞ്ഞു. അവർ നബി(സ)തിരുമേനിയെ കണ്ട് ക്ഷണത്തിൽ തിരിച്ചറിഞ്ഞു. അങ്ങേയറ്റം സ്നേഹത്തോടെ മുമ്പോട്ടുവന്ന് ആത്മാർഥതയോടെ ആലിംഗനം ചെയ്തു. അവരിൽ ആദ്യം ബയ്അത്ത് ചെയ്തുപോയ അഞ്ചുപേരുണ്ടായിരുന്നു. 7 പേർ പുതിയതായിരുന്നു. ഇവർ ഖസ്റജ് ഔസ് ഗോത്രങ്ങളിൽപ്പെട്ടവരായിരുന്നു. നബി(സ) തിരുമേനി ആ അവസരത്തിൽ ജനങ്ങളിൽനിന്നും വിട്ടുമാറി ഒരു താഴ്വരയിൽ അവരെ കൂട്ടിക്കൊണ്ടുപോയി. വന്ന 12 പേർ നബി(സ) തിരുമേനിയോടു യഥ്രിബിലെ അവസ്ഥകളെ കുറിച്ചും പറഞ്ഞു. അവരെല്ലാവരും നബി(സ) തിരുമേനിയ്ക്ക് ബയ്അത്ത് ചെയ്തു. ഈ ബയ്അത്താണ് യഥ്രിബിൽ ഇസ്ലാമിന്റെ സംസ്ഥാപനത്തിന് അടിസ്ഥാനശില.

നബി(സ)തിരുമേനി ഏതു വാക്കുകളിലാണോ അവരിൽനിന്ന് ബയ്അത്ത് വാങ്ങിയത് അതിപ്രകാരമായിരുന്നു. ഞങ്ങൾ അല്ലാഹുവിനെ ഏകനായി വിശ്വസിക്കും. അന്യാരാധന ചെയ്യുകയില്ല. മോഷ്ടിക്കുകയില്ല. വ്യഭിചരിക്കുകയില്ല. കൊലപാതകങ്ങളിൽനിന്ന് വിട്ടുനില്ക്കും. ആരേയും കുറിച്ച് അപവാദം പറയുകയില്ല. എല്ലാ നല്ല കാര്യങ്ങളിലും അങ്ങയെ പിൻപറ്റും. ബയ്അത്തിനുശേഷം നബി(സ) തിരുമേനി അവരോടു പറഞ്ഞു: 'നോക്കൂ! നിങ്ങൾ സത്യസന്ധതയോടും സ്ഥൈര്യത്തോടും ദൃഢചിത്തതയോടുംകൂടി ഈ പ്രതിജ്ഞയിൽ നിലകൊണ്ടാൽ, നിങ്ങൾക്ക് സ്വർഗം ലഭിക്കുന്നതാണ്. ബലഹീനത കാണിച്ചാൽ, അപ്പോൾ നിങ്ങളുടെ കാര്യം അല്ലാഹുവിലാണ്. അവൻ ആഗ്രഹിക്കുന്നതുപോലെ നിങ്ങളോടു പെരുമാറുന്നതായിരിക്കും.' (സീറത്തു ഖാത്തമുന്നബിയ്യീൻ, ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് എം.എ(റ) പേജ് 222–224)

എന്തായാലും പിന്നീട് അവർ തങ്ങൾ ചെയ്ത ബയ്അത്ത് സ്ഥാപിച്ചുകാണിച്ചു. സ്ഥാപിച്ചുകാണിച്ചുവെന്നു മാത്രമല്ല മറിച്ച് ഉന്നതമായ നിലവരെ എത്തിക്കുകയും ചെയ്തു. പിന്നീട് എങ്ങനെയാണ് മദീനയിൽ ഇസ്ലാം വ്യാപിച്ചതെന്ന് നമ്മൾ കാണുന്നു.

ഹദ്റത്ത് മുൻദിർ ബിൻ അംറ് ബിൻ ഖുനയ്സ് എന്ന സ്വഹാബിയെ കുറിച്ചാണ് ഇനി വിവരിക്കുന്നത്. അദ്ദേഹത്തിന്റെ സ്ഥാനപ്പേര് മുഅ്നി ഖ്ലിയമൂത്ത് എന്നോ മുഅ്നിഖ് ലിൽമൗത്ത് എന്നോ ആണ്. അതായത് മുന്നോട്ടു ചെന്ന് മരണത്തെ ആലിംഗനം ചെയ്യുന്നവൻ. അദ്ദേഹത്തിന്റെ പേര് മുൻദിർ എന്നും പിതാവിന്റെ പേര് അംറ് എന്നുമായിരുന്നു. അദ്ദേഹത്തിന് ഖസ്റജ് ഗോത്രത്തിലെ കുടുംബമായ ബനൂ സാഅദായുമായാണ് ബന്ധം. അഖബ ബയ്അത്തിൽ പങ്കെടുത്തിരുന്നു. നബി(സ) തിരുമേനി ഹദ്റത്ത് മുൻദിർ ബിൻ അംറിനെയും ഹദ്റത്ത് സഅ്ദ് ബിൻ ഉബാദയെയും അവരുടെ ഗോത്രമായ ബനൂ സാഅദയുടെ നഖീബ് അഥവാ പ്രതിനിധിയായി നിയമിച്ചു. അതായത് നേതാക്കളാക്കിയിരുന്നു. മേൽനോട്ടക്കാരായി നിശ്ചയിച്ചിരുന്നു. ജാഹിലിയ്യ കാലഘട്ടത്തിലും ഹദ്റത്ത് മുൻദിറിന് എഴുത്തും വായനും അറിയാമായിരുന്നു. മദീന ഹിജ്റത്തിനുശേഷം നബി(സ)തിരുമേനി ഹദ്റത്ത് മുൻദിറിനേയും ഹദ്റത്ത് ത്വുലയ്ബ് ബിൻ ഉമയ്റിനേയും സഹോദരന്മാരാക്കി. ഹദ്റത്ത് മുൻദിർ ബദ്ർ, ഉഹുദ് യുദ്ധങ്ങളിൽ പങ്കെടുത്തിരുന്നു. (ഉസുദുൽ ഗാബ, വാള്യം 5, പേജ് 258, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 2003).

ഹദ്റത്ത് മുൻദിർ ബിൻ അംറിനെ കുറിച്ച് സീറത്ത് ഖാത്തമുന്നബിയ്യീനിൽ ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് എഴുതിയിരിക്കുന്നു: 'ഖസ്റജ് ഗോത്രത്തിന്റെ കുടുംബമായ ബനൂ സാഅദായിൽപ്പെട്ടയാളായിരുന്നു. ഒരു സ്വൂഫി പ്രകൃതമായിരുന്നു. ബിഅ്രെ മഊനയിൽ വച്ച് ശഹീദാക്കപ്പെട്ടു.'(സീറത്ത് ഖാത്തമുന്നബിയ്യീൻ, പേജ് 232)

ബിഅ്രെ മഊനയുടെ വിശദീകരണം ആദ്യം പറഞ്ഞ സ്വഹാബാക്കളിൽ വന്നു കഴിഞ്ഞിട്ടുള്ളതാണ്. കുറച്ചു ഭാഗം ഇവിടെ ഹദ്റത്ത് മുൻദിർ ബിൻ

അംറിനെ ഉദ്ധരിച്ചും ഹ്രസ്വമായി വിവരിച്ചു തരാം. സീറത്തു ഖാത്തമുന്നബിയ്യിനിൽ ഉള്ളതുതന്നെയാണിത്.

'സുലയിം ഗോത്രവും ഗത്ഫാൻ ഗോത്രവും അറേബ്യയുടെ മധ്യഭാഗത്ത് ഉയർന്ന സ്ഥലമായ നജദിലാണ് വസിച്ചിരുന്നത്. മുസ്‌ലിംകൾക്കെതിരിൽ മക്കയിലെ ഖുറയ്ശികളുമായി ഗൂഢാലോചനയിൽ ഏർപ്പെട്ടിരുന്നു; ഇസ്‌ലാമിനെ എങ്ങനെ ഉന്മൂലനം ചെയ്യും. പതുക്കെപ്പതുക്കെ ഈ ദ്രോഹികളായ ഗോത്രക്കാരുടെ ദ്രോഹം വർധിച്ചുകൊണ്ടിരുന്നു. നജദ് പ്രദേശം മുഴുവൻ ഇസ്‌ലാമിന്നെതിരിൽ വിഷം വമിപ്പിക്കുകയായിരുന്നു; അതിന്റെ സ്വീധീനം പ്രകടമായിരുന്നു. ആ ദിനങ്ങളിൽ അബൂബറാഅ് ആമിരി എന്നയാൾ– അറേബ്യയിലെ പ്രദേശത്ത് വസിക്കുന്ന ബനൂആമിർ ഗോത്രങ്ങളുടെ റഈസായിരുന്നു നബി(സ) തിരുമേനിയുടെ അടുക്കൽ വന്നു. ഇതു മുമ്പേയും പറഞ്ഞുകഴിഞ്ഞതാണ്. വളരെ മൃദുഭാവത്തോടെ നബി(സ) അദ്ദേഹത്തെ ത ബ്‌ലീഗ് ചെയ്തു. അയാളും വളരെ താൽപര്യത്തോടെ കാര്യങ്ങൾ കേട്ടു. പക്ഷേ, മുസ്‌ലിമായില്ല. പിന്നീട് പറഞ്ഞു കഴിഞ്ഞതുപോലെ അയാൾ നബി(സ)തിരുമേനിയോടു പറഞ്ഞു: 'എന്നോടൊപ്പം കുറച്ചാളുകളെ താങ്കൾ നജദിലേക്ക് അയക്കുക. അവിടെ പോയി അവർ നജദുകാരെ തബ്‌ലീഗ് ചെയ്യട്ടെ.' പിന്നീട് ഇങ്ങനേയും പറഞ്ഞു: 'നജദുകാർ താങ്കളുടെ ക്ഷണം നിരസിക്കുകയില്ലെന്ന് ഞാൻ പ്രതീക്ഷിക്കുന്നു.' പക്ഷേ, നബി(സ) തിരുമേനി പറഞ്ഞു: 'എനിക്ക് നജദുകാരെ വിശ്വാസമില്ല.' അബൂബറാഅ് പറഞ്ഞു: 'താങ്കൾ ആശങ്കപ്പെടേണ്ട! എന്നോടൊപ്പം വരുന്നവരുടെ സംരക്ഷണത്തിന് ഞാൻ ജാമ്യം നില്ക്കുന്നു.' അബൂബറാഅ് ഒരു ഗോത്രത്തിന്റെ തലവനായിരുന്നു. സ്വാധീനമുള്ള വ്യക്തിയുമായിരുന്നു. അയാൾ സമാധാനിപ്പിച്ചപ്പോൾ സ്വഹാബത്തിന്റെ ഒരു ജമാഅത്ത് നജ്ദിലേക്ക് അവിടന്ന് അയച്ചു.

ഹദ്റത്ത് മിയാ ബശീർ അഹ്മദ് സാഹിബ് എഴുതുന്നു: ഇതു ചരിത്രപരമായ നിവേദനമാണ്. പക്ഷേ, ബുഖാരിയിലെ നിവേദനത്തിലുള്ളത് രിഅ്ൽ, ദക്‌വാൻ തുടങ്ങിയ ഗോത്രങ്ങൾ പ്രസിദ്ധഗോത്രമായ ബനൂസുലയ്മിന്റെ ശാഖയായിരുന്നുവെന്നാണ്. അവരിലെ കുറച്ചാളുകൾ നബി(സ) തിരുമേനിയുടെ അടുക്കൽവന്നു. ഇസ്‌ലാമിനെ പ്രകടിപ്പിച്ചുകൊണ്ട് അപേക്ഷിച്ചു. ഞങ്ങളുടെ ജനതയിൽനിന്ന് ഇസ്‌ലാമിന്റെ ശത്രുക്കളായിട്ടുള്ളവർക്കെതിരിൽ ഞങ്ങളെ സഹായിക്കുക. സൈന്യസഹായമാണോ അതല്ല തബ്‌ലീഗ് ചെയ്തുകൊണ്ടുള്ള സഹായമാണോ എന്ന് വ്യക്തമായിരുന്നില്ല.

എന്തായാലും കുറച്ചാളുകളെ തങ്ങളുടെ കൂടെ അയക്കാൻ അവർ അപേക്ഷിച്ചു. നബി(സ)തിരുമേനി ഒരു സംഘമാളുകളെ അവരോടൊപ്പം അയച്ചു. ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് എഴുതുന്നു: ദൗർഭാഗ്യവശാൽ ബിഅ്ർ മഊനായുടെ വിശദീകരണത്തിലും ബുഖാരിയുടെ രിവായത്തുകളിലും കുറച്ചു കുഴപ്പം സംഭവിച്ചിട്ടുണ്ട്. ആ സംഭവം കൊണ്ട് സംഭവങ്ങളുടെ കുറച്ചു നിവേദനങ്ങൾ പരസ്പരം കൂടിച്ചേർന്നുപോയിരിക്കുന്നു. അതുകൊണ്ട് ചരിത്രത്തിൽനിന്നും ബുഖാരിയുടെ നിവേദനങ്ങളിൽനിന്നും ശരിയായ നിലയിൽ യാഥാർഥ്യമെന്താണെന്ന് അറിയാൻ കഴിയുന്നില്ല. ഇക്കാരണത്താൽ യാഥാർഥ്യം പൂർണമായ നിലയിൽ നിർണയിച്ചെടുക്കാൻ സാധിക്കുകയില്ല. പക്ഷേ, അദ്ദേഹം അതിനു പരിഹാരവും പറഞ്ഞു തന്നിട്ടുണ്ട്. പറയുന്നു: എന്തായാലും ഇങ്ങനെ ദൃഢപരമായ നിലയിൽ മനസ്സിലാകുന്നുണ്ട് ആ അവസരത്തിൽ രിഅ്ൽ, ദക്‌വാൻ തുടങ്ങിയ ഗോത്രങ്ങളിൽപ്പെട്ട ആളുകളും നബി(സ)തിരുമേനിയുടെ സന്നിധിയിൽ വന്നിരുന്നുവെന്ന്. അവർ തങ്ങളോടൊപ്പം കുറച്ചു സ്വഹാബത്തിനെ അയക്കാൻ അപേക്ഷിച്ചു. മിർസാ ബശീർ അഹ്മദ് ഇങ്ങനെ എഴുതി: ഒന്നോ രണ്ടോ നിവേദനങ്ങൾ വിഭിന്നങ്ങളാണെങ്കിൽ അവ തമ്മിലുള്ള ബന്ധം എന്താണെന്നും എങ്ങനെയാണെന്നും നോക്കി അവയെ സംയോജിപ്പിക്കാൻ കഴിയും. പറയുന്നു: ആ രണ്ടു നിവേദനങ്ങളേയും സംയോജിപ്പിക്കാൻ കഴിയുന്നത് രിഅ്ൽ ദക്‌വാൻ ആളുകളോടൊപ്പം ആമിർ ഗോത്രത്തിന്റെ നേതാവായ അബൂ ബറാഅ് ആമിരിയും വന്നിട്ടുണ്ടാവണം എന്നു കരുതുമ്പോഴാണ്. അയാൾ അവർക്കുവേണ്ടി നബി(സ)തിരുമേനിയോടു സംസാരിച്ചിട്ടുണ്ടാകും. ചരിത്രപരമായ നിവേദനങ്ങളനുസരിച്ച് നബി(സ)തിരുമേനി തനിക്ക് നജ്ദുകാരെ വിശ്വാസമില്ലെന്ന് പറഞ്ഞതും പിന്നീട് അദ്ദേഹം അതിനെക്കുറിച്ച് താങ്കൾ ആശങ്കപ്പെടേണ്ട എന്നു നബി(സ)തിരുമേനിയോടു മറുപടി പറഞ്ഞതും താൻ ജാമ്യക്കാരനാണെന്ന് പറഞ്ഞതും താങ്കളുടെ സഖാക്കൾക്ക് ഒരു ബുദ്ധിമുട്ടും ഉണ്ടാകുകയില്ലെന്ന് പറഞ്ഞതും സൂചിപ്പിക്കുന്നത് അബൂബറാഅ്നോടൊപ്പം രിഅ്ൽ ദക്‌വാൻ ഗോത്രങ്ങളിലെ ആളുകളും വന്നിരുന്നുവെന്നാണ്. അതുകൊണ്ടാണ് നബി(സ)തിരുമേനി ആശങ്കപ്പെട്ടത്. എന്തായാലും നബി(സ)തിരുമേനി ഹിജ്റ 4 സ്വഫ്ർ മാസത്തിൽ മുൻ ദിർബിൻ അംറ് അൻസ്വാരിയുടെ നേതൃത്വത്തിൽ സ്വഹാബാക്കളുടെ ഒരു സംഘത്തെ അവരോടൊപ്പം അയച്ചു. അവരധികവും അൻസ്വാറിൽപ്പെട്ടവരായിരുന്നു. 70 പേരുണ്ടായിരുന്നു. എല്ലാവരും ഖുർആൻ ഖാരികളായിരുന്നു. ഇവർ ഒരു കിണർ കാരണത്താൽ ബിഅ്രെ മഊനഎന്നപേരിൽഅറിയപ്പെടുന്നസ്ഥലത്തെത്തിയപ്പോൾ അവരിൽ ഒരാളായ ഹർദാൻ ബിൻ മിൽഹാൻ–അനസ് ബിൻ മാലിക്കിന്റെ മാതുലനായിരുന്നു–നബി(സ)തിരുമേനിയിൽനിന്നുള്ള ഇസ്‌ലാമിന്റെ സന്ദേശവുമായി ആമിർ ഗോത്രത്തിന്റെ തലവനും അബൂബറാഅ് ആമിരിയുടെ–ഇദ്ദേഹത്തെ കുറിച്ച് പറഞ്ഞു കഴിഞ്ഞിട്ടുള്ളതാണ്–സഹോദര പുത്രനുമായ അംറ് ബിൻ ത്വുഫയ്‌ലിന്റെ അടുക്കൽ പോയി. മറ്റു സ്വഹാബ പി ന്നിലായി. ഹർറാം ബിൻ മിൽഹാൻ നബ്(സ)തിരുമേനിയുടെ ദൂതനെന്ന നിലയിൽ ആമിർബിൻ ത്വുഫയ്‌ലിന്റേയും അയാളുടെ കൂട്ടുകാരുടേയും അടുക്കലെത്തിയപ്പോൾ അവർ തുടക്കത്തിൽ കപടപരമായ നിലയിൽ പെരുമാറി. പക്ഷേ, പിന്നീട് അദ്ദേഹം സമാധനത്തോടെ ഇരുന്നപ്പോൾ ഇസ്‌ലാമിനെ പ്രബോധിക്കാൻ തുടങ്ങിയപ്പോൾ പറഞ്ഞുകഴിഞ്ഞതുപോലെ ചില ദ്രോഹികൾ ഒരാൾക്ക് സൂചനകൊടുക്കുകയും അയാൾ പിന്നിൽനിന്ന് കുന്തം കൊണ്ട് കുത്തി ശഹീദാക്കുകയും ചെയ്തു. ആ നേരത്ത് ഹർറാം ബിൻ മിൽഹാന്റെ നാവിൽ ഈ വാക്കുകളായിരുന്നു. അല്ലാഹു അക്ബർ, ഫുസ്തു വ റബ്ബിൽ കഅ്ബ അല്ലാഹു ഏറ്റവും വലിയവൻ കഅ്ബയുടെ നാഥനാണെ! ഞാൻ എന്റെ ലക്ഷ്യം നേടിയിരിക്കുന്നു. അംറ് ബിൻ ത്വുഫയ്ൽ നബി(സ)തിരുമേനിയുടെ ദൂതനെ വധിച്ചതുകൊണ്ട് തൃപ്തനായില്ല. അതിനുശേഷം മുസ്‌ലീംകളിലെ അവശേഷിച്ചവരുടെമേലും ആക്രമണം നടത്താൻ തന്റെ ഗോത്രമായ ബുനൂ ആമിറിലെ ജനങ്ങളെ ഇളക്കിവിടാൻ ശ്രമിച്ചു. പക്ഷേ അവർ അത് നിഷേധിച്ചു. എന്നാൽ, അവിടെ സംഭവിച്ച കൂടുതൽ കാര്യം എന്നു പറയുന്നത് തങ്ങൾ അബൂബറാഅ്ന്റെ ജാമ്യം ഉണ്ടായിരിക്കെ മുസ്‌ലീംകളുടെമേൽ ആക്രമണം നടത്തുകയില്ല. കാരണം അബൂ ബറാഅ് നബി(സ)തിരുമേനിയോടു താൻ അവരുടെ ജാമ്യക്കാരനായിരിക്കുമെന്ന് പറഞ്ഞിരുന്നു. അതുകൊണ്ട് ആ ഗോത്രക്കാർ പറഞ്ഞു, അദ്ദേഹം ജാമ്യം നിന്നതുകൊണ്ട് ഞങ്ങൾ ആ ക്രമണം നടത്തുകയില്ല.

ഇതോടെ ആമിർ, സുലയ്മിൽനിന്നുള്ള രിഅ്ൽ, ദക്‌വാൻ, ഉസ്വയ്യ തുടങ്ങിയ മറ്റു ഗോത്രക്കാരെ ബുഖാരിയുടെ നിവേദനമനുസരിച്ച് നബി(സ)തിരുമേനിയുടെയടുക്കൽ സംഘമായി വന്നവരായിരുന്ന അവർ എല്ലാവരും ചേർന്ന് മുസ്‌ലീംകളുടെ ആ ചെറു സംഘത്തിനുമേൽ ആക്രമണം നടത്തി. മുസ്‌ലീംകൾ ആ വന്യമൃഗങ്ങൾ തങ്ങളുടെ നേരേ വരുന്നതുകണ്ടപ്പോൾ അവരോടു പറഞ്ഞു: ഞങ്ങൾക്കു നിങ്ങളോടു ഒരു വിരോധവുമില്ല. ഞങ്ങൾ നിങ്ങളോടു യുദ്ധം ചെയ്യാൻ വന്നിട്ടുമില്ല. ഞങ്ങൾ നബി(സ)തിരുമേനി ഏല്പിച്ച ഒരു ജോലി ചെയ്യാൻ വന്നതാണ്. നിങ്ങളുമായി യുദ്ധം ചെയ്യാൻ വന്നതല്ല. എന്നാൽ, അവരൊന്നും കേട്ടില്ല. എല്ലാവരേയും ശഹീദാക്കി. (സീറത്തു ഖാത്തമുന്നബിയ്യീൻ, ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് എം.എ പേജ് 517–519)

ചരിത്രത്തിൽ വന്നിരിക്കുന്നു: ഹദ്റത്ത് ജിബ്രീൽ(അ) ബിഅ്രെ മഊനയിലെ ശുഹദാക്കളെ കുറിച്ചുള്ള വാർത്ത അറിയിച്ചപ്പോൾ നബി(സ) തിരുമേനി മുൻദിർ ബിൻ അംറിനെ കുറിച്ച് പറഞ്ഞു, അഅ്നഖ ലിയമൂത്ത അതായത് അദ്ദേഹത്തിന് ശഹാദത്ത് സംഭവിക്കാൻ പോകുന്ന വിവരം അറിയാമായിരുന്നിട്ടും തന്റെ സുഹൃത്തുക്കളെ പോലെ അവിടെ തന്നെ പോരാടി അദ്ദേഹം ശഹാദത്ത് സ്വീകരിച്ചു. ഇക്കാരണത്താൽ അദ്ദേഹം മുഅ്നിഖ് ലിയമൂത്ത അല്ലെങ്കിൽ മുഅ്നിഖു ലിൽമൗത്തി എന്ന സ്ഥാനപ്പേരിൽ പ്രശസ്തനായിരുന്നു.(അത്ത്വബക്കാത്തുൽ കുബ്റാ വാള്യം 2, പേജ് 40, പ്രസാധകർ ദാറു ൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 1990). (ഉസുദുൽ ഗാബ, വാള്യം 5, പേജ് 258, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 2003).

നിങ്ങൾ ആഗ്രഹിക്കുന്നുവെങ്കിൽ ഞങ്ങൾ നിങ്ങൾക്ക് അഭയം നല്കാം എന്ന് ഹദ്റത്ത് മുൻദിർ ബിൻ അംറിനോട് ശത്രുക്കൾ പറഞ്ഞിരുന്നു. എന്നാൽ അദ്ദേഹം അവരുടെ അഭയം സ്വീകരിക്കുന്നത് നിരാകരിക്കുകയാണ് ഉണ്ടായത്. (ഉസുദുൽ ഗാബ, വാള്യം 5, പേജ് 258–259, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 1996).

ഹദ്റത്ത് സഹ്ൽ വിവരിക്കുന്നു: ഹദ്റത്ത് അബൂ ഉസയ്ദിന്റെ വീട്ടിൽ അദ്ദേഹത്തിന്റെ മകൻ മുൻദിർ ബിൻ അബീ ഉസയ്ദ് ജനിച്ചപ്പോൾ കുട്ടിയെ നബി(സ)തിരുമേനിയുടെ അടുത്ത് കൊണ്ടുവന്നു. നബി(സ)തിരുമേനി ആ കുട്ടിയെ തന്റെ തുടയിലിരുത്തി. ആ നേരത്ത് അബൂസയ്ദ് അവിടെ ഇരിക്കുകയായിരുന്നു. നബി(സ)തിരുമേനി വേറെന്തോ ജോലിയിൽ മുഴുകി. ഹദ്റത്ത് അബൂസയ്ദ് സൂചന നല്കിയപ്പോൾ ആളുകൾ മുൻദിറിനെ നബി(സ)തിരുമേനിയുടെ തുടയിൽനിന്ന് എടുത്തുകൊണ്ടുപോയി. നബി(സ)തിരുമേനി ജോലികഴിഞ്ഞപ്പോൾ കുട്ടിയെ അന്വേഷിച്ചു. അല്ലാഹുവിന്റെ റസൂലേ കുട്ടിയെ വീട്ടിൽകൊണ്ടുപോയി വിട്ടുവെന്ന് അബൂസയ്ദ് പറഞ്ഞു. അവന് എന്ത് പേരാണ് ഇട്ടതെന്ന് നബി(സ)തിരുമേനി ചോദിച്ചു. ഇന്ന പേരിട്ടിരിക്കുന്നുവെന്ന് അബൂസയ്ദ് പറഞ്ഞു. അവിടന്ന് പറഞ്ഞു, അതുവേണ്ട. അവന്റെ പേര് മുൻദിർ എന്നാണ്. നബി(സ)തിരുമേനി ആ ദിവസം ആകുട്ടിയുടെ പേര് മുൻദിർ എന്ന് ഇട്ടു. ഇവിടെ പറഞ്ഞുകൊണ്ടിരിക്കുന്ന മുൻദർ അല്ല ഈ കുട്ടി. വ്യാഖ്യാതാക്കൾ നബി(സ)തിരുമേനി ഈ കുട്ടിയ്ക്ക് മുൻദിർ എന്ന് പേരിടാനുള്ള കാരണം ഇങ്ങനെ വിവരിച്ചിരിക്കുന്നു. ഹദ്റത്ത് അബൂസയ്ദിന്റെ പിതൃസഹോദരന്റെ പേര് മുൻദിർ ബിൻ അംറ് എന്നായിരുന്നു. ബിഅ്രെ മഊനയിൽ ശഹാദാക്കപ്പെട്ട അതേ സ്വഹാബി. അതുകൊണ്ട് ഈ പേര് പാരമ്പര്യം നിലനിറുത്താൻ വെച്ചതാണ്. ഇവനും തന്റെ പിതൃസഹോദരന്റെ പ്രതിനിധിയായിത്തീരാൻ!(സ്വഹീഹുൽ ബുഖാരി, കിതാബുൽ അദബ് ഹദീഥ് 6191)(ഫത്ഹുൽബാരി ശർഹ് സ്വഹീഹുൽ ബുഖാരി കിതാബുൽ മഗാസി വാള്യം 7, പേജ് 452, പ്രസാധകർ ദാറുർറയ്യാൻ ലിത്തുറാബ് ഹിറ 1986)ഇതും കാരണമായിരിക്കാം. പക്ഷേ, നബി(സ)തിരുമേനി തീർച്ചയായും തന്റെ പ്രിയപ്പെട്ടവരുടെ പേരുകൾ അനശ്വരമാക്കി വെക്കുന്നതിനുവേണ്ടി അവരുടെ ബന്ധുക്കൾക്ക് ആ പേരുകൾ ഇടാറുണ്ടായിരുന്നിരിക്കണം.

ഹദ്റത്ത് മഅ്ബദ് ബിൻ അബ്ബാദ് ഒരു സ്വഹാബിയായിരുന്നു. അദ്ദേഹത്തിന്റെ സംജ്ഞാനാമം അബൂഹുമയ്ള എന്നായിരുന്നു. അദ്ദേഹത്തിന്റെ പിതാവിന്റെ പേര് അബ്ബാദ് ബിൻ ഖുശയ്ർ എന്നായിരുന്നു. ഹദ്റത്ത് മഅ്ബദ് ബിൻ അബ്ബാദിന്റെപേര് മഅ്ബദ് ബിൻ ഉബാദ, മഅ്ബദ് ബിൻ ഉമാറ എന്നിങ്ങനേയും വിവരിക്കപ്പെട്ടിട്ടുണ്ട്. അദ്ദേഹത്തിന്റെ ബന്ധം ഖസ്റജ് ഗോത്രത്തിന്റെ ശാഖയായ ബനൂസാലം ബിൻ ഗനം ബിൻ ഔഫുമായിട്ടായിരുന്നു. ചിലരുടെ പക്കൽ അദ്ദേഹത്തിന്റെ സംജ്ഞാനാമം അബൂഖുമയ്സ്വ എന്നും അബൂഉസ്വയ്മ എന്നും പറയപ്പെട്ടിട്ടുണ്ട്. ബദ്ർ, ഉഹുദ് യുദ്ധങ്ങളിൽ അദ്ദേഹം പങ്കെടുത്തിരുന്നു.(അത്ത്വബക്കാത്തുൽ കുബ്റാ വാള്യം 3, പേജ് 408, 411 പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 1990). (ഉസുദുൽ ഗാബ, വാള്യം 5, പേജ് 211–212, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 2003).

ഹദ്റത്ത് അദിയ്യ ബിൻ അബി സഗ്ബാ അൻസ്വാരി ഒരു സ്വഹാബിയായിരുന്നു. അദ്ദേഹത്തിന്റെ

പിതാവ്, സിനാൻ ബിൻ സുബയ്അ് ആയിരുന്നു. അദ്ദേഹം ഹദ്റത്ത് ഉമറിന്റെ ഖിലാഫത്ത് കാലഘട്ടത്തിലാണ് വഫാത്തായത്. ഹദ്റത്ത് അദിയ്യിന്റെ പിതാവ് അബീ സഗ്ബായുടെ പേര് സിനാൻ ബിൻ സുബയ്അ് ബിൻ ഥഅ്ലബ എന്നായിരുന്നു. അദ്ദേഹത്തിന്റെ ബന്ധം അൻസ്വാറിലെ ഗോത്രമായ ജുഹയ്നയുമായിട്ടായിരുന്നു. അദ്ദേഹം ബദ്ർ, ഉഹുദ്, ഖൻദഖ് ഉൾപ്പടെയുള്ള എല്ലാ യുദ്ധങ്ങളിലും നബി(സ)തിരുമേനിയോടൊപ്പം പങ്കെടുത്തിരുന്നു. (അത്ത്വബക്കാത്തുൽ കുബ്റാ വാള്യം 3, പേജ് 377 പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 1990). (ഉസുദുൽ ഗാബ, വാള്യം 4, പേജ് 11, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 2003).

നബി(സ)തിരുമേനി അദ്ദേഹത്തെ ബദ്ർ യുദ്ധാവസരത്തിൽ ഹദ്റത്ത് ബസ്ബസ് ബിൻ അംറിനോടൊപ്പം വിവരങ്ങൾ ശേഖരിക്കുന്നതിന് അബൂസുഫിയാന്റെ സംഘത്തിലേയ്ക്ക് അയച്ചിരുന്നു. ഇവർ വിവരങ്ങൾ ശേഖരിക്കാൻ പോയി. നടന്ന് നടന്ന് സമുദ്രതീരത്തിനടുത്തെത്തി. ഹദ്റത്ത് ബസ്ബസ് ബിൻ അംറും ഹദ്റത്ത് അദിയ്യ ബിൻ അബി സഗ്ബായും ബദ്ർ എന്ന സ്ഥലത്ത് ഒരു കുന്നിന്റെ അടുത്ത് തങ്ങളുടെ ഒട്ടകത്തെ ഇരുത്തി. അതൊരു കുളിക്കടവിന്റെ അടുത്തായിരുന്നു. പിന്നീട് അവർ തങ്ങളുടെ കുടങ്ങളെടുത്തു. കുളിക്കടവിൽ വെള്ളമെടുക്കാൻപോയി. മജ്ദീ ബിൻ അംറ് ജുഹ്നീ എന്നൊരാൾ കുളിക്കടവിന്റെ അടുത്ത് നില്പുണ്ടായിരുന്നു. ആ രണ്ടു സ്വഹാബിമാരും രണ്ടു സ്ത്രീകളിൽനിന്ന് കേട്ടു: ഒരു സ്ത്രീ മറ്റേ സ്ത്രീയോടു പറഞ്ഞു:നാളെയോ മറ്റെന്നാളോ സാർഥവാഹക സംഘം വരുന്നതായിരിക്കും. ഞാൻ അവർക്ക് ജോലി ചെയ്ത് നിന്റെ കടം വീട്ടുന്നതായിരിക്കും. ആ സ്ത്രീകൾ ഇങ്ങനെ സംസാരിച്ചുകൊണ്ടിരിക്കുകയായിരുന്നു. പക്ഷേ, അതിൽ വിവരങ്ങളുണ്ടായിരുന്നു. മജ്ദീ പറഞ്ഞു: ഇവർ പറയുന്നത് ശരിയാണ്. പിന്നീട് അവരിരുവരും ആ സ്ത്രീകളുടെ അടുത്ത് നിന്ന് പോയി. അവിടെനിന്ന് മാറിപ്പോയി. ഹദ്റത്ത് അദിയ്യും ഹദ്റത്ത് ബസ്ബസും ഇക്കാര്യങ്ങൾ കേട്ടു. അവർ രണ്ടുപോരും കേട്ട കാര്യങ്ങൾ നബി(സ)തിരുമേനിയെ അറയിച്ചു. (കിതാബുൽ മഗാസി വാള്യം 1, പേജ് 40, ബാബു ബദ്ഉൽഖിത്താൽ, പ്രസാധകർ ആലമുൽകുതുബ് ബേറൂത്ത് 1984)

അതായത് ഇക്കാര്യം തങ്ങൾ കേട്ടുവെന്നും രണ്ടു സ്ത്രീകൾ തമ്മിൽ സംസാരിച്ച കാര്യമാണിതെന്നും ഒരു സർഥവാഹകസംഘം വരുമെന്നും അവർ അവിശ്വാസികളുടെ സംഘമാണെന്നും നബി(സ)തിരുമേനിയെ അവർ അറിയിച്ചു. ഇപ്രകാരം ഈ ആളുകൾ വിവരങ്ങൾ നബി(സ)തിരുമേനിക്ക് കൈമാറാറുണ്ടായിരുന്നു. ബാഹ്യമായി നോക്കുമ്പോൾ രണ്ടു സ്ത്രീകൾ സാധാരണ സംസാരിക്കുകയാണ്. പക്ഷേ, അത് വളരെ പ്രധാനപ്പെട്ട വിവരമായിരുന്നു. കച്ചവടസംഘം വരുന്നുണ്ടെന്ന വിവരമായിരുന്നു. ഹദ്റത്ത് അദിയ്യ ബിൻ അബി സഗ്ബാ ഹദ്റത്ത് ഉമറിന്റെ കാലഘട്ടത്തിലാണ് വഫാത്തായത്.(ഇസ്വാബ വാള്യം 4, പേജ് 391–192, പ്രസാധാകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 1995)

വേറൊരു സ്വഹാബിയാണ് ഹദ്റത്ത് റബീഅ് ബിൻ ഇയാസ്. അദ്ദേഹം അൻസ്വാർ ഗോത്രമായ ഖസ്റജിന്റെ ശാഖ ബനൂ ലൗദാനിൽ പെട്ട വ്യക്തിയാണ്. ബദ്ർ യുദ്ധത്തിൽ തന്റെ സഹോദരന്മാരായ വർഖ ബിൻ ഇയാസ്, അംറ് ബിൻ ഇയാസ് എന്നിവരോടൊപ്പം പങ്കെടുത്തു. ഉഹുദ് യുദ്ധത്തിലും അദ്ദേഹം ഭാഗഭാക്കായിരുന്നു. (അത്ത്വബക്കാത്തുൽ കുബ്റാ വാള്യം 3, പേജ് 416–417, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 1990). (കിതാബുൽ മഗാസി ലിൽവാഖ്ദി, വാള്യം 1, പേജ് 167, ബാബ് തസ്മിയ്യത്ത് മൻ ശഹിദ ബദ്റുൻ മിൻ ഖുറയ്ശി വൽ അൻസ്വാർ പ്രസാധകർ ആലമുൽകുതുബ് ബേറൂത്ത് 1984).

അടുത്ത സ്വഹാബിയാണ് ഹദ്റത്ത് ഉമയ്ർ ബിൻ ആമിർ അൻസ്വാരി. അദ്ദേഹത്തിന്റെ സംജ്ഞാനാമം അബൂദാവൂദ് എന്നായിരുന്നു. അദ്ദേഹത്തിന്റെ പിതാവിന്റെ പേര് ആമിർ ബിൻ മാലിക് എന്നായിരുന്നു. അദ്ദേഹത്തിന്റെ മാതാവിന്റെ പേര് നാഇല ബിൻ അബീ ആസിം എന്നായിരുന്നു. ഹദ്റത്ത് ഉമയ്റിന്റെ ബന്ധം അൻസ്വാറിന്റെ ഖബീലയായ ഖസ്റജുമായിട്ടായിരുന്നു. ഹദ്റത്ത് ഉമയ്ർ തന്റെ സംജ്ഞാനാമമായ അബൂദാവൂദുകൊണ്ടാണ് ഏറെ അറിയപ്പെടുന്നത്. നബി(സ)തിരുമേനിയോടൊപ്പം ബദ്ർ, ഉഹുദ് യുദ്ധങ്ങളിൽ പങ്കെടുത്തിരുന്നു. (അത്ത്വബക്കാത്തുൽ കുബ്റാ വാള്യം 3, പേജ് 393, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 1990). (ഇസ്വാബ വാള്യം 4, പേജ് 598, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 1995).

ഹദ്റത്ത് ഉമ്മുഅമ്മാറ വിവരിക്കുന്നു: ഹദ്റത്ത് അബൂദാവൂദ് അസ്നീ അതായത് ഹദ്റത്ത് ഉമയ്റും ഹദ്റത്ത് സുലയ്ത്വ് ബിൻ അംറും രണ്ടുപേരും അഖബ ബയ്അത്തിൽ ഹാജരാകുന്നതിനുവേണ്ടി പുറപ്പെട്ടു. ആളുകൾ ബയ്അത്തു ചെയ്തു കഴിഞ്ഞിരിക്കുന്നുവെന്ന് അപ്പോൾ അവർ അറിഞ്ഞു. അപ്പോൾ അവർ പിന്നീട് ഹദ്റത്ത് അസ്അദ് ബിൻ ളുറാറ മുഖേന ബയ്അത്തു ചെയ്തു. അദ്ദേഹം അഖബ രാത്രിയിലെ നുഖ്ബായിൽപ്പെട്ടയാളായിരുന്നു. (ഇസ്വാബ വാള്യം 7, പേജ് 99, അബൂദാവൂദുൽ അൻസ്വാരി അൽമാസിനീ(റ), പ്രസാധാകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 1995) ഒരു നഖീബ് നിയമിക്കപ്പെട്ടിരുന്നു. നേതാവ് നിശ്ചയിക്കപ്പെട്ടിരുന്നു. അദ്ദേഹം മുഖേന പിന്നീട് അവർ ബയഅത്ത് ചെയ്തു. ഒരു നിവേദമനസരിച്ച് ബദ്ർ യുദ്ധത്തിൽ അബുൽബഖ്ത്തരിയെ വധിച്ചത് ഹദ്റത്ത് ഉമയ്ർ ബിൻ ആമിർ ആയിരുന്നു.(ഉസുദുൽ ഗാബ, വാള്യം 6, പേജ് 92, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 2003).

ഹദ്റത്ത് സഅ്ദ് ബിൻ ഖൗലായെ കുറിച്ചാണ് ഇനി പറയുന്നത്. അദ്ദേഹത്തിന്റെ ബന്ധം ബനൂകൽബ ഗോത്രവുമായിട്ടായിരുന്നു. ഹദ്റത്ത് ഹാത്വിബ് ബിൻ അബീ ബൽതഅ മോചിപ്പിച്ച അടിമയായിരുന്നു അദ്ദേഹം. പക്ഷേ, അബൂ മഅ്ശറിന്റെ പക്കൽ അദ്ദേഹത്തിന്റെ ബന്ധം ബനൂമദ്ഹിജുമായിട്ടായിരുന്നു. ചിലയാളുകളുടെ അഭിപ്രായം അദ്ദേഹം പേർഷ്യൻ വംശജനായിരുന്നുവെന്നാണ്. ഹദ്റത്ത് സഅ്ദ് ബിൻ ഖൗലാ, ഹദ്റത്ത് ഹാത്വിബ് ബിൻ അബീ ബൽത'അയുടെ അടുത്ത് അടിമയായിട്ടാണ് എത്തിയത്. ഹദ്റത്ത് ഹാത്വിബ് ബിൻ അബീ ബൽത'അ അദ്ദേഹത്തോട് വളരെ മമതയോടും അനുകമ്പയോടുംകൂടി പെരുമാറിയിരുന്നു. ഹദ്റത്ത് സഅ്ദ് ബദ്ർ, ഉഹുദ് യുദ്ധങ്ങളിൽ ഹദ്റത്ത് ഹാത്വിബ് ബിൻ അബീ ബൽത'അയോടൊപ്പം പങ്കു ചേർന്നിരുന്നു. ഉഹുദ് യുദ്ധത്തിൽ അദ്ദേഹം ശഹീദായി. ഹദ്റത്ത് ഉമർ(റ),ഹദ്റത്ത് സഅ്ദിന്റെ മകൻ ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ സഅ്ദിയ്ക്ക് അൻസ്വാറുകളോടൊപ്പം സ്റ്റൈപ്പെന്റ് നിശ്ചയിച്ചിരുന്നു. (അത്ത്വബക്കാത്തുൽ കുബ്റാ വാള്യം 3, പേജ് 85, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 1990). (ഉസുദുൽ ഗാബ, വാള്യം 2, പേജ് 428, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 2003). (സയ്റുസ്സ്വഹാബ വാള്യം 4, ഭാഗം 7, പേജ് 318, ഹദ്റത്ത് സഅ്ദ് ബിൻ ഖൗലാ, പ്രസാധകർ ദാറുൽ ഇശാഅത്ത് കറാച്ചി 2004)

ഹദ്റത്ത് അബൂ സിനാൻ ബിൻ മിഹ്സ്വനാണ് അടുത്ത സ്വഹാബി. അദ്ദേഹത്തിന്റെ പിതാവ് മിഹ്സ്വൻ ബിൻ ഹുർഥാൻ ആയിരുന്നു. അദ്ദേഹത്തിന്റെ സംജ്ഞാനാമം അബൂസിനാൻ എന്നായിരുന്നു. അദ്ദേഹത്തിന്റെ പേര് വഹബ് ബിൻ അബ്ദുല്ലാ എന്നായിരുന്നു. അബുദുല്ലാഹ് ബിൻ വഹബ് എന്നായിരുന്നുവെന്നും പറയുന്നുണ്ട്. ചരിത്രത്തിൽനിന്ന് കിട്ടുന്ന ശരിയായ തെളിവനുസരിച്ച് അദ്ദേഹത്തിന്റെ പേര് വഹബ് ബിൻ മിഹ്സ്വൻ എന്നായിരുന്നു. ഹദ്റത്ത് അബൂ സിനാൻ ബിൻ മിഹ്സ്വൻ, ഹദ്റത്ത് ഉക്കാശ ബിൻ മിഹ്സ്വന്റെ സഹോദരനായിരുന്നു.(ഉസുദുൽ ഗാബ, വാള്യം 6, പേജ് 153, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 2003).

അദ്ദേഹം ഹദ്റത്ത് ഉക്കാശ ബിൻ മിഹ്സ്വനെക്കാൾ മൂത്തതായിരുന്നു. അദ്ദേഹത്തെ കുറിച്ച് ഇങ്ങനെ നിവേദനമുണ്ട്. അദ്ദേഹം ഹദ്റത്ത് ഉക്കാശയെക്കാൾ ഏകദേശം രണ്ടു വർഷം മൂത്തതായിരുന്നു. ഇതിനെ സംബന്ധിച്ച് വിവിധ നിവേദനങ്ങളുമുണ്ട്. ചിലർ 10 വർഷമെന്ന് പറഞ്ഞിട്ടുണ്ട്. ചിലർ 20 വർഷമെന്നു പറയുന്നു. (ഉസുദുൽ ഗാബ, വാള്യം 6, പേജ് 153, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 2003).(അർറൗളുൽ അൻഫ് വാള്യം 4, പേജ് 62 ,പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത്)(അത്ത്വബക്കാത്തുൽ കുബ്റാ വാള്യം 3, പേജ് 69, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 1990).

അദ്ദേഹത്തിന്റെ മകന്റെ പേര് സിനാൻ ബിൻ അബൂ സിനാൻ എന്നായിരുന്നു. ബദ്ർ, ഉഹുദ്, ഖൻദഖ് യുദ്ധങ്ങളിൽ പങ്കെടുത്തു. രിള്വാൻ ബയ്അത്തിൽ ഏറ്റവും ആദ്യം ബയ്അത്തു ചെയ്തത് ഹദ്റത്ത് അബൂസിനാൻ ബിൻ മിഹ്സ്വനായിരുന്നുവെന്ന് നിവേദനങ്ങളിൽനിന്ന് മനസ്സിലാകുന്നു. എന്നാൽ, ഇതു ശരിയല്ല. കാരണം ബനൂ ഖുറയ്ള ഉപരോധ സമയത്ത് ഹിജ്റ 5–ൽ 40–ാമത്തെ വയസ്സിൽ അദ്ദേഹം വഫാത്തായിക്കഴിഞ്ഞിരുന്നു. രിള്വാൻ ബയ്അത്തിന്റെ അവസരത്തിൽ ബയ്അത്ത് ചെയ്തവരിൽ അദ്ദേഹത്തിന്റെ മകൻ ഹദ്റത്ത് സിനാൻ ബിൻ അബീ സിനാൻ ഉണ്ടായിരുന്നു. നബി(സ)തിരുമേനി അദ്ദേഹത്തെ ബനൂ ഖുറയ്ളായുടെ ഖബർസ്ഥാനിൽ മറവ് ചെയ്തു. (അത്ത്വബക്കാത്തുൽ കുബ്റാ വാള്യം 3, പേജ് 69, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 1990).

അടുത്തതായി ഹദ്റത്ത് ഖയ്സ് ബിൻ അസ്സക്കൻ അൻസ്വാരിയാണ്. അദ്ദേഹത്തിന്റെ സംജ്ഞാനാമം അബൂസയ്ദ് എന്നായിരുന്നു. ഹദ്റത്ത് ഖയ്സിന്റെ പിതാവിന്റെ പേര് സക്കൻ ബിൻ സഊറാഅ് എന്നായിരുന്നു. അദ്ദേഹത്തിന്റെ ബന്ധം അൻസ്വാറിലെ ഖബീല ഖസ്റജിന്റെ ശാഖയായ ബനൂ അദിയ്യ് ബിൻ നജ്ജാർ ആയിരുന്നു. ഖയ്സ് തന്റെ സംജ്ഞാനാമമായ അബൂസയ്ദുകൊണ്ടാണ് പ്രശസ്തനായത്. അദ്ദേഹം ബദ്ർ, ഉഹുദ്, ഖൻദഖ്, ഉൾപ്പെടെ എല്ലാ യുദ്ധങ്ങളിലും നബി(സ)തിരുമേനിയോടൊപ്പം പങ്കെടുത്തിരുന്നു. നബി(സ)തിരുമേനിയുടെ കാലത്ത് വിശുദ്ധ ഖുർആൻ സമാഹരിച്ച സ്വഹാബാക്കളിൽ ഇദ്ദേഹവും ഉൾപ്പെടുന്നു.(അത്ത്വബക്കാത്തുൽ കുബ്റാ വാള്യം 3, പേജ് 389, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 1990). (ഉസുദുൽ ഗാബ, വാള്യം 4, പേജ് 406, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 2003).(ഇസ്വാബ വാള്യം 5 പേജ് 362, ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 1995)

ഹദ്റത്ത് അനസ് ബിൻ മാലിക് പറയുന്നു: നബി(സ)തിരുമേനിയുടെ കാലഘട്ടത്തിൽ അൻസ്വാറുകളിൽപ്പെട്ട നാലു സ്വഹാബിമാർ വിശുദ്ധ ഖുർആൻ സമാഹരിച്ചു. ആ നാലു സ്വഹാബിമാർ സയ്ദ് ബിൻ ഥാബിത്, മുആദ് ബിൻ ജബൽ, ഉബയ് ബിൻ കഅ്ബ്, അബൂ സയ്ദ് എന്നിവരായിരുന്നു. അതായത് ഖയ്സ് ബിൻ സക്കനേയും അബൂ സയ്ദിനേയും സംബന്ധിച്ച് ഹദ്റത്ത് അനസ് (റ) പറയുന്നു: ഇവർ എന്റെ പിതൃസഹോദരന്മാരായിരുന്നു.(സ്വഹീഹുൽബുഖാരി, കിതാബു മനാഖിബുൽ അൻസ്വാർ ബാബു മനാഖിബു സയ്ദ് ബിൻ ഥാബിത്(റ)ഹദീഥ് 3810)

ഹിജ്റ 8ന് നബി(സ)തിരുമേനി അബൂ സയ്ദ് അൻസ്വാരിയേയും ഹദ്റത്ത് അംറ് ബിൻ ആസ് അസ്സഹ് മിയേയും ജുലന്ദിയുടെ രണ്ടു മക്കളായ ഉബയ്ദിനും ജയ്ഫറിനും കൊടുക്കാൻ കത്തുകൊത്ത് യാത്രയാക്കി. അതിൽ അവരെ ഇസ്ലാമിലേക്ക് ക്ഷണിച്ചിരുന്നു. രണ്ടുപേരോടും പറഞ്ഞു, അവർ സത്യത്തിന് സാക്ഷി പറയുകയും അല്ലാഹുവിനേയും അവന്റെ റസൂലിനേയും അനുസരിക്കുകയുമാണെങ്കിൽ അവരെ അംർവാന്റെ അമീറാക്കുന്നതായിരിക്കും. അബൂസയ്ദ് അവരുടെ ഇമാമുസ്സ്വലാത്തായിരിക്കും. അതായത് അദ്ദേഹത്തിന്റെ ദീനീ അവസ്ഥ നബി(സ)തിരുമേനിയുടെ ദൃഷ്ടിയിൽ കൂടുതൽ നല്ലതായിരുന്നിരിക്കും. അല്ലെങ്കിൽ അദ്ദേഹത്തിന് വിശുദ്ധ ഖുർആനിന്റെ അറിവ് കൂടുതൽ ഉണ്ടായിരിക്കും. പറഞ്ഞു, ഇമാമുസ്സ്വലാത്തായിരിക്കും, അവരിൽ ഇസ്ലാമിനെ പ്രചരിപ്പിക്കും. അവർക്ക് വിശുദ്ധ ഖുർആനിന്റേയും സുന്നത്തിന്റേയും പാഠം നല്കും. ഇവർ രണ്ടുപേരും ഒമാനിൽ പോയി. സമുദ്രതീരത്ത് സ്വുഹാസിൽവച്ച് ഉബയ്ദിനേയും ജയ്ഫറിനേയും കണ്ടു. അവർക്ക് നബി(സ)തിരുമേനിയുടെ കത്ത് കൊടുത്തു. അവർ ഇസ്ലാം സ്വീകരിച്ചു. പിന്നീട് അവർ അവിടെത്തെ അറബികളെ ഇസ്ലാമിലേക്ക് ക്ഷണിച്ചു. അവരും ഇസ്ലാം സ്വീകരിച്ചു. ഇപ്പോൾ തബ്ലീഗ് മുഖേന ഇസ്ലാം വ്യാപിക്കുകയാണ്. അവിടെ യുദ്ധമോ കൊലയോ ലഹളയോ ബഹ

ഉമോ ഒന്നും ഉണ്ടായിരുന്നില്ല. എന്തായാലും ആ അറബികളും ഇസ്ലാം സ്വീകരിച്ചു. നബി(സ)തിരുമേനിയുടെ വിയോഗം ഉണ്ടാകുന്നതുവരെ അംറും സയ്ദും ഒമാനിൽത്തന്നെ താമസിച്ചു. ചിലർ പറയുന്നത് അതിനുമുമ്പേ അബൂസയ്ദ് മദീനയിൽ വന്നിരുന്നുവെന്നാണ്.(ഫുതൂഹുൽ ബുൽദാൻ പേജ് 53, 'ഒമാൻ' പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 2000). ജിസ്ർ ദിനത്തിലായിരുന്നു ഹദ്റത്ത് ഖയ്സ് ശഹാദത്ത് വരിച്ചത്. ഹദ്റത്ത് ഉമറിന്റെ ഖിലാഫത്ത് കാലഘട്ടത്തിൽ ഇറാനികളുമായി യുദ്ധം നടന്നുകൊണ്ടിരിക്കെ യൂഫ്രട്ടീസ് നദിയുടെ മുകളിൽ ഒരു പാലം തയ്യാറാക്കിയിരുന്നു. അക്കാരണത്താൽ ആ പോരാട്ടത്തെ ജിസ്ർദിനം എന്ന് വിളിക്കപ്പെടുന്നു.(മുഅ്ജമുൽ ബുൽദാൻ വാല്യം 2, പേജ് 162–163, 'ജിസ്ർ' പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത്)

മറ്റൊരു സഹാബിയാണ് അബുൽ യസ്ർ കഅ്ബ് ബിൻ അംറ്. അദ്ദേഹത്തിന്റെ സംജ്ഞാനാമം അബുൽയസ്ർ എന്നായിരുന്നു. അബുൽയസ്റിന്റെ ബന്ധം ബനൂസലമ ഗോത്രവുമായിട്ടായിരുന്നു. അദ്ദേഹത്തിന്റെ പിതാവ് അംറ് ബിൻ അബ്ബാദും മാതാവ് നസീബ ബിൻത് അസ്ഹറും ബനൂ സലമ ഗോത്രത്തിൽ നിന്നുള്ളവരാണ്. അബുൽ യസ്ർ അഖബ ബയ്അത്തിൽ പങ്കെടുത്തിരുന്നു. ബദ്ർ യുദ്ധത്തിലും പങ്കെടുത്തിരുന്നു. ബദ്ർ യുദ്ധദിവസം അദ്ദേഹം ഹദ്റത്ത് അബ്ബാസിനെ തടവിലാക്കി. ബദ്ർ യുദ്ധത്തിൽ അന്യാരാധകരുടെ പതാക അബൂ അസീസ് ബിൻ ഉമയ്റിന്റെ കൈയിൽനിന്ന് തട്ടിപ്പറിച്ചെടുത്ത സ്വഹാബി അദ്ദേഹമായുരുന്നു. അദ്ദേഹം നബി(സ)തിരുമേനിയോടൊപ്പം മറ്റു യുദ്ധങ്ങളിലും പങ്കെടുത്തിരുന്നു. നബി(സ)തിരുമേനിക്കുശേഷം സിഫ്ഫീൻ യുദ്ധത്തിലും ഹദ്റത്ത് അലിയോടൊപ്പം പങ്കുകൊണ്ടു.(ഉസുദുൽ ഗാബ, വാല്യം 6, പേജ് 326–327, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 2003). ഒരു നിവേദനത്തിൽ വന്നിട്ടുണ്ട് ഹദ്റത്ത് അബ്ബാസിനെ ബദ്ർ യുദ്ധത്തിൽ തടവിലാക്കിയത് ഹദ്റത്ത് ഉബയ്ദ് ബിൻ ഔസായിരുന്നു. (ഉസുദുൽ ഗാബ, വാല്യം 3, പേജ് 528–529, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 2003).

ഹദ്റത്ത് ഇബ്നു അബ്ബാസ് നിവേദനം. അദ്ദേഹം പറയുന്നു: ബദ്ർ യുദ്ധ ദിവസം ഹദ്റത്ത് അബ്ബാസിനെ തടവിലാക്കിയ വ്യക്തിയുടെ പേര് അബുൽയസ്ർ എന്നായിരുന്നു. ആ കാലത്ത് അബുൽയസ്ർ വളരെ മെലിഞ്ഞ ശരീരമുള്ള ആളായിരുന്നു. എന്നാൽ, ഹദ്റത്ത് അബ്ബാസ് തടിച്ച ശക്തനായ ആളും. താങ്കളെങ്ങനെയാണ് അബ്ബാസിനെ തടവിലാക്കിയതെന്ന് നബി(സ)തിരുമേനി അദ്ദേഹത്തോട് ചോദിച്ചപ്പോൾ അദ്ദേഹം പറഞ്ഞു: യാ റസൂലല്ലാഹ്! ഞാനൊരിക്കലും കണ്ടിട്ടില്ലാത്ത ഒരു വ്യക്തി എന്നെ സഹായിക്കുകയുണ്ടായി. പിന്നീടും ഒരിക്കലും ഞാൻ അദ്ദേഹത്തെ കണ്ടിട്ടില്ല. അയാളുടെ മുഖാകൃതി ഇങ്ങനെ ഇങ്ങനെയായിരുന്നു. അയാളുടെ മുഖാകൃതി വിവരിച്ചു. അപ്പോൾ നബി(സ)തിരുമേനി അദ്ദേഹത്തോട് പറഞ്ഞു, ലഖദ് അആനക അലയ്ഹി മലക്കുൻ കരീം തീർച്ചയായും ഇക്കാര്യത്തിൽ ഒരു ആദരണീയനായ മലക്കാണ് നിന്നെ സഹായിച്ചത്.(അത്ത്വബക്കാത്തുൽ കുബ്റാ വാല്യം 4, പേജ് 8, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 1990).

ഹദ്റത്ത് ഇബ്നു അബ്ബാസ്(റ) വിവരിക്കുന്നു: ബദ്ർ ദിവസം നബി(സ)തിരുമേനി പറഞ്ഞു: ശത്രുവിനെ കൊന്നവർക്ക് ഇന്ന ഇന്നവ ഉണ്ടായിരിക്കും. മുസ്ലീംകൾ 70 അന്യാരാധകരെ കൊന്നു. 70 പേരെ തടവിലാക്കുകയും ചെയ്തു. ഹദ്റത്ത് അബുൽയസ്ർ രണ്ടു തടവുകാരെ കൊണ്ടുവന്നു. പറഞ്ഞു: യാ റസൂലല്ലാഹ്! ശത്രുവിനെ കൊല്ലുന്നവർക്ക് ഇന്ന ഇന്നവ ഉണ്ടായിരിക്കുമെന്ന് അങ്ങ് വാഗ്ദാനം ചെയ്തിരുന്നു. അതുപോലെതന്നെ തടവിലാക്കുന്നവർക്കും ഇന്ന ഇന്നവ ഉണ്ടായിരിക്കുമെന്ന് അങ്ങ് പറഞ്ഞിരുന്നു. ഞാൻ രണ്ടു തടവുകാരെ കൊണ്ടുവന്നിട്ടുണ്ട്. (അൽമുസന്നിഫ് ലിഅബ്ദിർറസാഖ്, വാല്യം 5, പേജ് 239, കിതാബുൽ ജിഹാദ്, ബാബു ദിക്റുൽഖംസ്...ഹദീഥ് 9483 അൽമക്തബുൽ ഇസ്ലാമീ 1983)ഒരു നിവേദനമനുസരിച്ച് ബദ്ർ യുദ്ധത്തിൽ അബുൽബഖ്ത്തരിയെ കൊന്നത് ഹദ്റത്ത് അബുൽയസ് റായിരുന്നു.(ഉസുദുൽ ഗാബ, വാല്യം 6, പേജ് 92, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 2003).

ഹദ്റത്ത് സലാമത്ത് ബിൻത് മഅ്ഖൽ വിവരിക്കുന്നു: ഞാൻ ഹുബ്വാബ് ബിൻ അംറിന്റെ അടിമയായിരുന്നു. അദ്ദേഹത്തിൽനിന്ന് എനിക്കൊരു മകനുമുണ്ടായി. അദ്ദേഹം മരിച്ചപ്പോൾ അദ്ദേഹത്തിന്റെ ഭാര്യ എന്നോടു പറഞ്ഞു: ഇനി നിന്നെ ഹുബ്വാബിന്റെ കടത്തിനു പകരം വില്ക്കുന്നതാണ്. നിന്റെ നില അടിമസ്ത്രീയുടേതാണ്. അതുകൊണ്ടു നിന്നെ വില്ക്കുന്നതായിരിക്കും. അവർ പറയുന്നു: ഞാൻ നബി(സ)തിരുമേനിയുടെ സന്നിധിയിൽ ഹാജരായി. എല്ലാ കാര്യങ്ങളും പറഞ്ഞു. നബി(സ)തിരുമേനി ആളുകളോടു ചോദിച്ചു, ഹുബ്വാബ് ബിൻ അംറിന്റെ അനന്തരാവകാശത്തിന്റെ ഉത്തരവാദികളാരാണ്? അദ്ദേഹത്തിന്റെ സഹോദരൻ അബുൽയസ്റാണ് അവയുടെ ഉത്തരവാദി എന്നു പറയപ്പെട്ടു. നബി(സ)തിരുമേനി അദ്ദേഹത്തെ വിളിച്ചു. അവരെ വില്ക്കരുതെന്ന് പറഞ്ഞു. ഇവർ അടിമസ്ത്രീയാണ്. അവരെ വില്ക്കരുത്. എന്നല്ല അവരെ മോചിപ്പിക്കുക. എന്റെയടുത്ത് ഏതെങ്കിലും അടിമ വന്നിട്ടുണ്ടെന്ന് നീ അറിഞ്ഞാൽ എന്റെയടുത്തു വരിക. ഞാൻ ഇവർക്കു പകരം നിനക്ക് വേറെ അടിമയെ നല്കുന്നതായിരിക്കും. (മുസ്നദ് അഹ്മദ് ബിൻ ഹമ്പൽ, വാല്യം 8, പേജ് 726, ഹദീഥ് 27569, മുസ്നദ് സലാമ ബിൻത് മഅ്ഖൽ, പ്രസാധകർ ആലമുൽ കുതുബ് ബേറൂത്ത് 1998)

ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് സീറത്ത് ഖാത്തമുന്നബിയ്യീനിൽ എഴുതുന്നു: ഉബാദ ബിൻ വലീദ് നിവേദനം: ഒരിക്കൽ ഞങ്ങൾ നബി(സ)തിരുമേനിയുടെ സ്വഹാബി അബുൽയസ്റിനെ കണ്ടുമുട്ടി. ആ സമയം അദ്ദേഹത്തിന്റെ അടിമയും അദ്ദേഹത്തോടൊപ്പം ഉണ്ടായിരുന്നു. ഞങ്ങൾ കണ്ടു, ഒരു വരയൻ വസ്ത്രവും ഒരു യമനി വസ്ത്രവും അദ്ദേഹം ധരിച്ചിട്ടുണ്ടായിരുന്നു. അതുപോലെ തന്നെയുള്ള ഒരു വരയൻ വസ്ത്രവും ഒരു യമനി വസ്ത്രവും അദ്ദേഹത്തിന്റെ അടിമയും ധരിച്ചിരുന്നു. ഞാൻ അദ്ദേഹത്തോട് ചോദിച്ചു: അല്ലയോ പിതൃവ്യാ! നിങ്ങൾ എന്ത് കൊണ്ട് അടിമയുടെ വരയൻ വസ്ത്രം കൈയിൽ വയ്ക്കുകയും നിങ്ങളുടെ വസ്ത്രം അയാൾക്ക് നൽകുകയും ചെയ്തില്ല. അല്ലെങ്കിൽ അയാളുടെ യമനി വസ്ത്രം സ്വയം എടുക്കുകയും വരയൻ വസ്ത്രം അയാൾക്ക് നൽകുകയും ചെയ്തില്ല. അങ്ങനെയായാൽ രണ്ട് പേരുടെയും ദേഹത്തുള്ള രണ്ട് വസ്ത്രങ്ങളും ഒരേ പോലെയുള്ളതാകുമല്ലോ? ഹദ്റത്ത് അബുൽയസ്ർ പറഞ്ഞു, റസൂലുല്ലാഹ്(സ) പറഞ്ഞിട്ടുള്ളത്. നീ കഴിക്കുന്ന ഭക്ഷണംതന്നെ നിന്റെ അടിമയ്ക്കും നല്കുകകയും നീ ധരിക്കുന്ന വസ്ത്രംതന്നെ നിന്റെ അടിമയെയും ധരിപ്പിക്കുകയും ചെയ്യാനാണ്. അതുകൊണ്ട് ഞാൻ അന്ത്യനാളിൽ എന്റെ പ്രതിഫലത്തിൽ കുറവുണ്ടാകാതിരിക്കാൻ ഭൗതിക സമ്പത്തിൽനിന്ന് എന്റെ അടിമയ്ക്ക് തുല്യഭാഗം നൽകുന്നതിനെ വളരെയധികം ഇഷ്ടപ്പെടുന്നു.(സീറത്തു ഖാത്തമുന്നബിയ്യീൻ, ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് എം.എ, പേജ് 383)

അല്ലാഹു ഇഷ്ടപ്പെട്ട ആളുകളായിരുന്നു അത്. അവർ നബി(സ)തിരുമേനിയുടെ നിർദേശങ്ങളെ സൂക്ഷ്മമായി നോക്കിയിരുന്നു. അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കുന്നതിനുവേണ്ടി എപ്പോഴും അസ്വസ്ഥരായിരുന്നു. എന്നല്ല അവർ എപ്പോഴും അതിനുവേണ്ടി വിശന്നിരിന്നു.

ഹദ്റത്ത് അബുൽ യസ്ർ നിവേദനം: ബനൂ ഹറാമിലെ ഒരു വ്യക്തി എനിക്ക് കടം വീട്ടാനുണ്ടായിരുന്നു. ഒരു ദിവസം ഞാൻ അയാളുടെ അടുത്ത് പോയി. അയാൾ എന്റെ ശബ്ദം കേട്ടതും മറഞ്ഞിരുന്നു. ഞാൻ അയാളെ വിളിച്ചു പറഞ്ഞു, പുറത്ത് വരിക, താങ്കൾ എവിടെയാണെന്ന് എനിക്കറിയാം. അങ്ങനെ അയാൾ പുറത്ത് വന്നു. അയാൾ പറഞ്ഞു, 'അല്ലാഹുവാണ! കളവ് പറയുന്നതിനെയും പൊയ് വാഗ്ദാനം ചെയ്യുന്നതിനെയും ഞാൻ ഭയക്കുന്നു.' ഞാൻ അയാളോട് ചോദിച്ചു, 'നീ ശരിക്കും അല്ലാഹുവിൽ സത്യം ചെയ്ത് കൊണ്ടാണോ ഇത് പറയുന്നത്?' അയാൾ അതെയെന്നു പറഞ്ഞയുടൻ ഞാൻ കടം തിരിച്ച് നൽകാനുള്ള കരാർ ലിഖിതം മായിച്ചിട്ട് പറഞ്ഞു, "നിനക്ക് കടം വീട്ടാൻ കഴിയുന്ന നാൾ വന്നാൽ എനിക്ക് തരേണ്ടതാണ്. ഇല്ലെങ്കിൽ നീ സ്വതന്ത്രനാണ്. പറയുന്നു: ഞാൻ സാക്ഷ്യം വഹിക്കുന്നു, എന്റെ ഈ രണ്ടു കണ്ണിന്റെ കാഴ്ചയും അതായത് തന്റെ വിരലുകൾ കണ്ണുകളിൽവെച്ചു, എന്റെ ഈ രണ്ടു ചെവികളുടെ കേൾവിയും എന്റെ മനസ്സ് ഈ കാര്യം ഓർമവെക്കുകയും ചെയ്തിരിക്കുന്നു. അദ്ദേഹം ഹൃദയത്തിന്റെ ഭാഗത്തേക്ക് ചൂണ്ടി, പറഞ്ഞു, ഞാൻ സാക്ഷ്യം വഹിക്കുന്നു, ഞാൻ ഇപ്പോൾ നബി(സ)തിരുമേനിയെ കണ്ടുകൊണ്ടിരിക്കുകയാണ്, ആ കടത്തിന്റെ കരാർ മായിക്കുകയും മോചിപ്പിക്കുകയും ചെയ്തിട്ട് പറയുന്നു: ഞാൻ സാക്ഷ്യം വഹിക്കുന്നു, എന്റെ കണ്ണുകൊണ്ടും എന്റെ ചെവികൊണ്ടും എന്റെ മനസുകൊണ്ടും ഞാൻ നബി(സ)തിരുമേനി കണ്ടുകൊണ്ടിരിക്കുന്നു, അവിടന്ന് പറയുകയായിരുന്നു, ഞെരുക്കത്തിൽ കഴിയുന്നവന് അവധി നൽകുകയോ, അവന്റെ എല്ലാ സാമ്പത്തിക ബാധ്യതയും വീട്ടുകയോ ചെയ്യുന്ന വ്യക്തിക്ക് അല്ലാഹു ശീതളഛായ നൽകുന്നതാണ്. (സ്വഹീഹ് മുസ് ലിം കിതാബുസ്സുഹ്ദ് വർറിഖാഇഖ് ബാബ് ഹദീഥ് ജാബിറുത്വവീൽ വ ഖിസ്സത്തി അബിൽയസ്ർ ഹദീഥ് 7512). അതുകൊണ്ട് ഞാൻ നിന്റെ ഭാരം ഇല്ലാതാക്കിയിരിക്കുന്നു. കാരണം ഞാൻ അല്ലാഹുവിന്റെ തണൽ തേടുന്നു." ദൈവഭയഭക്തിയുടെ ഉദാഹരണമാണിത്.

ഹദ്റത്ത് അബുൽ യസ്ർ ഹദീഥ് വിവരിക്കുന്നതിൽ വളരെ ജാഗ്രത പുലർത്തിയിരുന്നു. ഹദീഥ് വിവരിക്കുമ്പോൾ അദ്ദേഹം തന്റെ കണ്ണുകളിലും ചെവികളിലും തൊട്ട് കൊണ്ട് ഇപ്രകാരം പറയുമായിരുന്നു, ഈ നേത്രങ്ങൾ ആ സംഭവം ദർശിക്കുകയും ഈ കാതുകൾ നബി(സ)തിരുമേനി പറയുന്നത് ശ്രവിക്കുകയും ചെയ്തിട്ടുണ്ട്.(സ്വഹീഹ് മുസ്ലിം കിതാബുസ്സുഹ്ദ് വർറിഖാഇഖ് ബാബ് ഹദീഥ് ജാബിറുത്വവീൽ വ ഖിസ്സത്തി അബിൽയസ്ർ ഹദീഥ് 7512, 7513).

ഹദ്റത്ത് അബുൽയസ്റിന്റെ ഒരു മകന്റെ പേര് ഉമയ്ർ എന്നായിരുന്നു. ഉമ്മുഅംറ് ആയിരുന്നു മാതാവ്. ഹദ്റത്ത് ഉമ്മു അംറ് ഹദ്റത്ത് ജാബിർ ബിൻ അബ്ദുല്ലായുടെ പിതൃസഹോദരിയായിരുന്നു. അദ്ദേഹത്തിന്റെ ഒരു മകനായിരുന്നു യസീദ് ബിൻ അബീ യസ്ർ. അദ്ദേഹത്തിന്റെ മാതാവ് ലുബാബത്ത് ബിൻത് ഹാരിഥായിരുന്നു. ഒരു മകന്റെ പേര് ഹബീബ് എന്നായിരുന്നു. അവരുടെ മാതാവായിരുന്നു ഉമ്മുവലദ്. ഒരു മകളായിരുന്നു ആഇശ. അവരുടെ ഉമ്മയുടെ പേര് ഉമ്മുർറയ്യാത്ത് എന്നായിരുന്നു. അദ്ദേഹം ബദ്ർ യുദ്ധത്തിലും പങ്കെടുത്തിരുന്നു. അപ്പോൾ 20 വയസായിരുന്നു പ്രായം. അദ്ദേഹം ഹദ്റത്ത് അമീർ മുആവിയായുടെ കാലഘട്ടത്തിൽ ഹിജ്റ 55 ൽ വഫാത്തായി.(അത്ത്വബക്കാത്തുൽ കുബ്റാ വാല്യം 3, പേജ് 436, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 1990).

ഈ ആളുകൾ അനിതരസാധാരണമാംവിധം മഹത്ത്വമുള്ളവരായിരുന്നു. അവർ അല്ലാഹുവിനോട് എപ്രകാരമാണ് ആത്മാർഥത കാണിക്കേണ്ടതെന്ന് നമ്മെ പഠിപ്പിച്ചു. അല്ലാഹുവിനോടുണ്ടാകേണ്ട ഭയഭക്തിമാർഗങ്ങൾ നമുക്ക് മനസ്സിലാക്കിത്തന്നു. നബി(സ)തിരുമേനിയുടെ വചസ്സുകൾ ഹൃദയാത്മനാ ഉൾക്കൊണ്ട് പൂർണമായും അനുസരിക്കേണ്ട രീതികളും നമ്മളെ പഠിപ്പിച്ചിരിക്കുന്നു. അല്ലാഹു അവരുടെ പദവികൾ ഉയർത്തുമാറാകട്ടെ.

☆☆☆

**നൂറുൽ ഇസ്ലാംവകുപ്പിന്റെ പ്രവർത്തന സമയം:**

രാവിലെ 9 മണിമുതൽ രാത്രി 11 മണിവരെ. വെള്ളിയാഴ്ച ദിവസം അവധിയായിരിക്കും.

**1800 3010 2131**

ഈ ടോൾഫ്രീ നമ്പറിൽ വിളിച്ച് താങ്കൾക്ക് അഹ്മദിയ്യ ജമാഅത്തിനെക്കുറിച്ച് കാര്യങ്ങൾ മനസ്സിലാക്കാവുന്നതാണ്.

## സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹുത്തആലാ ബിനസ്്രിഹിൽ അസീസിന്റെ ഡന്മാർക്ക്-സ്വീഡൻ പര്യടനം 2016 മെയ്

## (റിപ്പോർട്ട് കഴിഞ്ഞ ലക്കം തുടർച്ച.....)

**സ്വീഡിഷ് നാഷണൽ റേഡിയോയുടെ പ്രതിനിധി ഹുദൂർ അൻവറുമായി നടത്തിയ അഭിമുഖം:**

അതിനുശേഷം സ്വീഡിഷ് നാഷണൽ റേഡിയോയുടെ പ്രതിനിധി അന്ന ബുബേകോ(Anna Bube-hko) ഹുദൂർ അൻവറുമായി അഭിമുഖം നടത്തി.

അവർ പറഞ്ഞു: ആരെയെങ്കിലും ഇന്റർവ്യൂ ചെയ്യുമ്പോൾ ആദ്യം അവരെക്കുറിച്ച് ചോദിച്ചറിയുക എന്നതാണ് എന്റെ രീതി. അതുകൊണ്ട് അങ്ങ് ആരാണെന്ന് പറഞ്ഞുതന്നാലും?

ഹുദൂർ: ഞാൻ അല്ലാഹുവിന്റെ ഒരു വിനയദാസനാണ്. 2003-ൽ ഞാനെന്റെ ജമാഅത്തിന്റെ നേതാവെന്ന നിലയിൽ തിരഞ്ഞെടുക്കപ്പെട്ടു. അദ്ദേഹത്തെ ഞങ്ങളുടെ ജമാഅത്ത് ഖലീഫ എന്നാണ് വിളിക്കുന്നത്. അന്നുമുതൽ ഞാൻ ഈ ജമാഅത്തിന്റെ നേതൃത്വം വഹിച്ചുകൊണ്ടിരിക്കുന്നു.

പ്രതിനിധി: ഖലീഫയാകുക. എന്താണ് തോന്നുന്നത്?

ഹുദൂർ: ഇതൊരു വളരെ വലിയ ഉത്തരവാദിത്വമാണ്. ഇത് ഏതെങ്കിലും രാഷ്ട്രീയമോ ഭൗതികമോ ആയ നേതൃത്വം പോലെയല്ല. സ്വന്തം അനുയായികളെ നോക്കുക, അവർക്ക് ഇസ്‌ലാമിന്റേയും വിശുദ്ധഖുർആന്റേയും നബി(സ)തിരുമേനിയുടേയും അധ്യാപനങ്ങളെക്കുറിച്ച് പറഞ്ഞുകൊടുക്കുക എന്നത് എന്റെ ചുമതലയാണ്. അഹ്മദിയ്യാ ജമാഅത്തിന്റെ സ്ഥാപകർ കൊണ്ടുവന്നിരുന്ന ഉദ്ദേശ്യം അനുധാവനം ചെയ്യുക. മനുഷ്യകുലത്തെ അവരുടെ ദൈവത്തിന്റെ അടുത്തുകൊണ്ടുവരികയും അവരെ സൃഷ്ടികളോടുള്ള കടമകളെ സംബന്ധിച്ച് ബോധവാന്മാരാക്കുകയും ചെയ്യുക എന്നതാണ് ആ ഉദ്ദേശ്യം.

പ്രതിനിധി: ലോകത്ത് മില്യൺ കണക്കിന് അഹ്മദിമുസ്‌ലിംകളുണ്ട്. നടപ്പുവർഷം എത്ര പര്യടനമാണ് നടത്തുന്നത്?

ഹുദൂർ: പര്യടനം ഞാൻ നടത്താറുണ്ട്. എന്നാൽ, അഹ്മദികളുടെ വലിയൊരു വിഭാഗത്തെ കണ്ടുകഴിഞ്ഞിരിക്കുന്നുവെന്ന് ഞാൻ പറയുകയില്ല. ഞാൻ പശ്ചിമാഫ്രിക്ക, പൂർവ്വാഫ്രിക്ക, ഇന്ത്യ, നോർത്ത് അമേരിക്ക, യൂറോപ്പ്, ജപ്പാൻ, ന്യൂസിലാന്റ്, ആസ്ത്രേലിയ തുടങ്ങിയ രാജ്യങ്ങൾ സന്ദർശിച്ചിട്ടുണ്ട്. അവിടെ ഞാൻ അഹ്മദികളുമായി കൂടിക്കാഴ്ച നടത്തിയിട്ടുണ്ട്. കഴിഞ്ഞ 13 വർഷത്തിനുള്ളിലാണ് ഞാൻ ഈ രാജ്യങ്ങളിൽ യാത്രപോയത്. വർഷത്തിൽ രണ്ടോ മൂന്നോ മാസത്തിലധികം ഞാൻ പുറംദേശത്ത് ചെലവഴിക്കുന്നുവെന്ന് നിങ്ങൾക്ക് പറയാവുന്നതാണ്.

പ്രതിനിധി: അങ്ങ് പോകാത്ത ഏതെങ്കിലും രാജ്യമുണ്ടോ?

ഹുദൂർ: ഞാനൊരിക്കലും പോകാത്ത ധാരാളം രാജ്യങ്ങളുണ്ട്. ഇന്തൊനേഷ്യയിൽ ഞങ്ങളുടെ വലിയ ജമാഅത്താണുള്ളത്. അവിടെ ഞാൻ പോയിട്ടില്ല. മലേഷ്യയിൽ ഞങ്ങളുടെ ജമാഅത്തുണ്ട്. അവിടെ പോയിട്ടില്ല. ഇപ്രകാരംതന്നെ ദക്ഷിണ അമേരിക്കയിൽ ഞങ്ങളുടെ ജമാഅത്ത് വർധിച്ചുകൊണ്ടിരിക്കുന്നു. അവിടെ ഞാൻ പോ യിട്ടില്ല. പശ്ചിമാഫ്രിക്കയിലെ ചില രാജ്യങ്ങളിൽ പോയിട്ടില്ല. സിറാലിയോൺ, ലൈബീരിയ, ഐവറി കോസ്റ്റ് എന്നീ രാജ്യങ്ങളിൽ പോയിട്ടില്ല. മധ്യപൂർവ്വ രാജ്യങ്ങളിൽ ഞങ്ങളുടെ ജമാഅത്തുകളുണ്ട്; എന്നാൽ, അവിടെ പോകാൻ സാധിക്കുകയില്ല. പാക്കിസ്താനിൽ ഞങ്ങളുടെ വലിയ ജമാഅത്തുണ്ട്. അവിടെയാണ് ഞാൻ ഖലീഫയാകുന്നതിനുമുമ്പേ കഴിഞ്ഞിരുന്നത്. ഖലീഫയായതിനുശേഷം അവിടെ പോകാൻ സാധിക്കുകയില്ല. കാരണം അവിടെ ഞങ്ങൾക്ക് ഞങ്ങളുടെ വിശ്വാസം പ്രകടിപ്പിക്കാനോ പ്രചാരണം നടത്താനോ സാധിക്കാത്ത വിധമുള്ള നിയമങ്ങളാണ് നിലവിലുള്ളത്.

പ്രതിനിധി: താങ്കളുടെ നോട്ടത്തിൽ ഇക്കാലത്ത് അഹ്മദി മുസ്‌ലിംകൾക്കുള്ള ഏറ്റവും വലിയ പ്രശ്നമെന്താണ്? അങ്ങയുടെ ശ്രദ്ധ എങ്ങോട്ടാണ്?

ഹുദൂർ: എന്റെ ഉത്തരവാദിത്വം മനുഷ്യകുലത്തെ അവരുടെ സ്രഷ്ടാവിന്റെ അടുത്തുകൊണ്ടുവരിക എന്നതാണെന്ന് ഞാൻ ആദ്യം പറഞ്ഞുവല്ലോ. ഇതൊരു നിസാര ജോലിയല്ല. ഇക്കാലഘട്ടത്തിൽ ആളുകൾ മതത്തിനു പകരം ഭൗതികതയിൽ കൂടുതൽ താൽപര്യമുള്ളവരാണ്. ജനങ്ങൾ പരസ്പരം കടമകൾ നിറവേറ്റണം എന്ന ഉത്തരവാദിത്വവുമുണ്ട്. കാരണം നിങ്ങൾ പരസ്പരം കടമകൾ നിറവേറ്റാത്തിടത്തോളം സമാധാനം സ്ഥാപിക്കാൻ സാധിക്കുകയില്ല. എല്ലാ ഓരോരുത്തരും തങ്ങളിലർപ്പിതമായ പരസ്പരമുള്ള കടമകൾ നിറവേറ്റുകയാണെങ്കിൽ വഴക്കിനും കലഹത്തിനുമുള്ള ഒരു വഴിയും ഉണ്ടാകുകയില്ല.

പ്രതിനിധി; ഈ വശം വളരെ വിപുലമാണ്. താങ്കൾ പ്രവൃത്തിച്ചുകൊണ്ടിരിക്കുന്ന ഏതെങ്കിലും കാര്യത്തിന് ഉദാഹരണം നൽകാൻ കഴിയുമോ?

ഹുദൂർ: ഞങ്ങളുടെ ദൗത്യമിതാണ്. ഈ ദൗത്യമനുസരിച്ച് ലോകം മുഴുവൻ പ്രവൃത്തിച്ചുകൊണ്ടിരിക്കുന്നു. ഒന്നു മിഷണറി പ്രവർത്തനമാണ്; ഞാൻ വിശുദ്ധഖുർആനിൽ വിവരിച്ചിട്ടുള്ളതും പ്രവാചകന്റെ ജീവിതചരിത്രത്തിൽ കണ്ടിട്ടുള്ളതുമായ യഥാർഥ ഇസ്‌ലാമികാധ്യാപനങ്ങൾ പ്രബോധിക്കുന്നു. രണ്ടാമത്തേത് മാനവസേവയാണ്. അതാണ് മൂന്നാം ലോകരാജ്യങ്ങളിൽ ഞങ്ങൾ ചെയ്തുകൊണ്ടിരിക്കുന്നത്. ഉദാഹരണത്തിന് ഞങ്ങൾ സ്കൂളുകളും ആശുപത്രികളും മറ്റു സൗകര്യങ്ങളും ലഭ്യമാക്കുന്നു. മൂന്നാംലോകരാജ്യത്തെ ചില രാജ്യങ്ങളിൽ പ്രത്യേകിച്ചും ആഫ്രിക്കയിൽ കുടിവെള്ളം ലഭ്യമല്ലാത്ത ചില സ്ഥലങ്ങളുണ്ട്. പി ന്നീട് ഞങ്ങൾ ഇപ്രകാരം മാനവസേവക്കായി മറ്റു ധാരാളം പ്രൊജക്റ്റുകളും തുടങ്ങിക്കഴിഞ്ഞിട്ടുണ്ട്. ഇതിൽ മോഡൽ വിൽചസിന്റെ നിർമാണം തുടങ്ങിയവയുമുണ്ട്. ഇപ്രകാരമുള്ള ഒരുപാട് ജോലികളുണ്ട്. താങ്കൾ കൃത്യമായ നിലയിൽ എന്താണ് ചോദിക്കാനാഗ്രഹിക്കുന്നതെന്ന് എനിക്കറിയില്ല.

പ്രതിനിധി: താങ്കൾ ഇപ്പോൾ കൂടുതൽ ശ്രദ്ധതിരിച്ചിട്ടുള്ള പ്രവർത്തനമാണ് ഞാൻ ഉദ്ദേശിച്ചത്?

ഹുദൂർ: പ്രബോധന പ്രവൃത്തിയാണ്. ഇസ്‌ലാമികാധ്യാപനങ്ങൾ പ്രചരിപ്പിക്കുന്ന ജോലിയാണ്. പിന്നീട് മാനവസേവയാണ്. ഈ രണ്ടു കാര്യമാണ് ഞങ്ങളുടെ പ്രവർത്തനത്തിന്റെ കേന്ദ്രബിന്ദു.

പ്രതിനിധി: മാർച്ചിൽ ഗ്ലാസ്ഗോയിൽ ഒരു അഹ്മദി മുസ്‌ലിം വധിക്കപ്പെട്ടു. ഈ സംഭവം ബ്രിട്ടനിൽ എന്തു പ്രതികരണമാണുണ്ടാക്കിയതെന്ന് അങ്ങയ്ക്ക് പറയാൻ കഴിയുമോ?

ഹുദൂർ: യൂറോപ്യൻ രാജ്യങ്ങളിലും യുകെയിലും മതപരമായ സ്വാതന്ത്ര്യമുണ്ടെന്ന് താങ്കൾക്കറിയാം. ഒരു വധസംഭവം ഉണ്ടായിരുന്നു. കൊലപാതകിയെ പോലീസ് പിടിച്ചു. അയാൾ ഇപ്പോൾ ജയിലിലാണ്. അയാൾക്ക് അതിന് ശിക്ഷ കിട്ടുന്നതാണ്. അവിടത്തെ സർക്കാരും സമൂഹവും ഞങ്ങൾക്ക് സംരക്ഷണം നല്കിക്കൊണ്ടിരിക്കുന്നു. എത്രത്തോളമെന്നാൽ, ചില മുസ്‌ലിം ജമാഅത്തുകളും ഞങ്ങളോടു നല്ല വികാരങ്ങൾ പ്രകടിപ്പിച്ചിട്ടുണ്ട്. അവർ ഈ ഭരണകൂടത്തിന്റേയും മാധ്യമങ്ങളുടേയും സമ്മർദ്ദത്തിന് വഴിയാണോ ജനങ്ങളുടെ സമ്മർദ്ദത്തിന് വഴങ്ങിയാണോ അങ്ങനെ ചെയ്തതെന്ന് എനിക്കറിയില്ല. എന്തായാലും ഇത് അഹ്മദിയ്യാ ജമാഅത്തിന് നഷ്ടം തന്നെയാണ്. അതുമുഖേന യുകെയിൽ നല്ലൊരു മാതൃകയല്ല ഉണ്ടായത്.

പ്രതിനിധി: ഈ വധസംഭവത്തിനുശേഷം നി ങ്ങളുടെ മസ്ജിദുകളുടെ സുരക്ഷയിൽ വർധന ഉണ്ടായിട്ടുണ്ടോ?

ഹുദൂർ : തീർച്ചയായും. മുസ്‌ലിം ഭൂരിപക്ഷ പ്രദേശങ്ങളിൽ പോലീസുകാർതന്നെയും ഞങ്ങളോടു സുരക്ഷ വർധിപ്പിക്കണമെന്ന് പറഞ്ഞു.

പ്രതിനിധി: ഭാവിയിൽ താങ്കൾക്ക് താങ്കളുടെ സെക്യൂരിറ്റിയിലും വർധന ഉണ്ടാക്കേണ്ടി വരുമോ?

ഹുദൂർ: ലോകത്തിന്റെ അവസ്ഥ എങ്ങനെയാണ് മാറിക്കൊണ്ടിരിക്കുന്നതെന്ന് നിങ്ങൾക്കറിയാമല്ലോ? ഇത് അഹ്മദികളുടെ സുരക്ഷയുടെ കാര്യം മാത്രമല്ല. പ്രത്യുത എല്ലാ ഓരോരുത്തരുടേയും സുരക്ഷയുടെ പ്രശ്നമാണ്. radicalised ആളുകളു ടെ പരമ്പര ഇപ്രകാരം കുറച്ചുകാലം നടന്നാൽ താങ്കൾതന്നെയും സുരക്ഷിതനായിരിക്കുകയില്ല. ഇതുവരെ യൂറോപിൽ അഹ്മദികളുടെ പൊതുസ്ഥലങ്ങളിലോ സമ്മേളനങ്ങളുടെമേലോ ആക്രമണം ഉണ്ടായിട്ടില്ല. എന്നാൽ, പാരീസിലും ബ്രസീലിലും പൊതുസ്ഥലങ്ങളിലും അക്രമകാരികൾ അക്രമം അഴിച്ചുവിട്ടത് നിങ്ങൾ കണ്ടതാണ്.

പ്രതിനിധി: മുസ്‌ലിംകളുടെ ഇടയിൽ കക്ഷിത്വങ്ങളിൽ വർധന ഉണ്ടായിക്കൊണ്ടിരിക്കുന്നു. സു ന്നിയും ശിയായും തമ്മിലുള്ള കലഹവുമുണ്ട്; ഇത് താങ്കളുടെ ജമാഅത്തിനെ എങ്ങനെയാണ് ബാധിക്കുന്നത്? ഇതിനെ കുറിച്ച് എന്തു പറയുന്നു?

ഹുദൂർ: ഭീകരവാദികളായ മുസ്‌ലിംകൾ എല്ലാവരേയും കുറിമാനമാക്കിക്കൊണ്ടിരിക്കുകയാണ്. അവർ എന്നെയും നിങ്ങളേയും കുറിമാനമാക്കിയേക്കാം. അഹ്മദികളെ സംബന്ധിച്ചിടത്തോളം ഞങ്ങൾക്ക് ഇരട്ടി ഭീഷണിയാണുള്ളത്. എന്തുകൊണ്ടെന്നാൽ അക്കൂട്ടർ ഞങ്ങളുടെ വിശ്വാസാദർശങ്ങൾക്ക് എതിരായ കാരണത്താൽ, ഞങ്ങൾക്കെതിരാണ്. സുന്നി, ശിയാക്കളെ കൊല്ലുന്നു. ചില സ്ഥലങ്ങളിൽ ചാവേർ ആക്രമണം നടത്തുന്നു. ശിയാക്കൾക്ക് അവസരം കിട്ടുന്നിടത്ത് അവരും അങ്ങനെ ചെയ്യുന്നു. പക്ഷേ, ഞങ്ങൾ സമാധാനപ്രിയരാണ്. രണ്ടു മസ്ജിദിൽ ഒരേസമയത്ത് ഞങ്ങളുടെ നൂറിനടുത്ത് അഹ്മദികൾ വധിക്കപ്പെട്ടു. ആ നേരത്തും ഞങ്ങൾ ഒരുതരത്തിലുള്ള പ്രതികാരനടപടിയും കൈക്കൊണ്ടില്ല. ഞങ്ങൾ സമാധാനത്തോടെ കഴിയുന്നു. സർക്കാർ ചിലയാളുകളെ അറസ്റ്റു ചെയ്തിട്ടുണ്ട്; ആ ആക്രമണത്തിൽ പങ്കെടുത്ത അവരിൽ ചിലർക്ക് ശിക്ഷ ലഭിച്ചു. ചിലരെ ജാമ്യത്തിൽ വിട്ടു. ചിലരെ എല്ലാതരത്തിലുള്ള ആരോപണങ്ങളിൽനിന്നും മോചിപ്പിച്ചു. ആ നേരത്തും ഞങ്ങൾ ഒന്നും തന്നെ ചെയ്തില്ല. ചെയ്യാൻ സാധിക്കുകയുമില്ല. കാരണം രാജ്യത്തിലെ നിയമം ഞങ്ങൾക്കെതിരാണ്. ഇതാണ് ഞങ്ങളുടെ രീതി. ഞങ്ങൾ ഈ രീതിയിൽ എല്ലാം സഹിക്കുന്നു.

പ്രതിനിധി: അങ്ങ് മതസ്വാതന്ത്ര്യത്തെ കുറിച്ച് പറഞ്ഞു: അതിൽനിന്ന് എനിക്ക് മനസ്സിലായത് നിങ്ങൾ വസിക്കുന്നിടത്തെല്ലാം ന്യൂനപക്ഷമാണെന്നാണ്?

ഹുദൂർ: മുസ്‌ലിംലോകത്ത് ഒരു ന്യൂനപക്ഷമെന്ന നിലയിലാണ് ഞങ്ങൾ കഴിയുന്നത്. എന്നാൽ, ഇവിടെ യൂറോപ്പിൽ ചില പ്രത്യേകമായ വംശങ്ങളും മതങ്ങളുമായി ബന്ധംവെക്കുന്ന ആളുകൾ താമസിക്കുന്നുണ്ട്. അവർ ഇവിടത്തെ ന്യൂനപക്ഷീയരിലാണ് ഗണിക്കപ്പെടുന്നത്. എന്നാൽ, സുന്നികളേയും ശിയാക്കളേയും മുസ്‌ലിംകളായി മനസ്സിലാക്കുന്നതുപോലെ നിങ്ങൾ ഞങ്ങളേയും മുസ്‌ലിംകളായി മനസ്സിലാക്കുന്നു. അതുകൊണ്ട് യൂറോപ്പിൽ ഞങ്ങൾ മുസ്‌ലിം ന്യൂനപക്ഷമാണ്. ഇത് അഹ്മദീ ന്യൂനപക്ഷമല്ല.

പ്രതിനിധി: ഒരു ന്യൂനപക്ഷമെന്നനിലയിൽ എപ്പോഴും ഉയരുന്ന ഒരു ചോദ്യമുണ്ട്. അതായത് നിങ്ങൾക്ക് നിങ്ങളുടെ ചുറ്റുപാടും വസിക്കുന്ന ഭൂരിപക്ഷീയരുടെ ആചാരങ്ങളും സമ്പ്രദായങ്ങളും എത്രത്തോളം ഈ അടുത്തകാലത്ത് ഒരു മുസ്‌ലിം രാഷ്ട്രീയനേതാവ് സ്ത്രീകൾക്ക് ഹസ്തദാനം നല്കാത്ത കാരണത്താൽ ചർച്ചയുണ്ടായത് താങ്കൾക്കറിയാവുന്നതാണ്. ഞാൻ ചോദിക്കുന്നത്, നിങ്ങൾക്ക് ചുറ്റും വസിക്കുന്ന കമ്മ്യൂണിറ്റിയുടെ പ്രതീക്ഷകൾ ഉദാഹരണത്തിന് സ്ത്രീകളുടെ ഹസ്തദാനം തുടങ്ങിയവ നിങ്ങളുടെ മതപരമായ സ്വാതന്ത്ര്യത്തെ എപ്പോൾ, എങ്ങനെയാണ് ദുർബലപ്പെടുത്തുന്നത്?

ഹുദൂർ: ഞങ്ങൾ ഇവിടെ യൂറോപ്പിൽ എവിടെയൊക്കെയുണ്ടോ സമൂഹത്തിന്റെ നിറഞ്ഞ ഭാഗമാണ്. താങ്കൾ ഇവിടേയും അയൽവാസികളോട് ചോദിക്കുക, ഇത് ഒരു ഗ്രാമമാണ്. ഇവിടെ അധികം ജനവാസമില്ല. എന്നാൽ, മറ്റു കസബകളിലും നഗരങ്ങളിലും അഹ്മദി എല്ലായിടത്തും സമൂഹത്തിന്റെ അവിഭാജ്യഘടകമാണ്. നിങ്ങൾ പത്രപ്രവർത്തക എന്ന നിലയിൽ പറയുക, നിങ്ങളുടെ പക്കൽ ഇന്റിഗ്രേഷൻ എന്നതിന്റെ നിർവചനമെന്താണ്? നിങ്ങളുടെ പക്കൽ ഇന്റിഗ്രേഷന്റെ നിർവചനം മറ്റൊന്നാണ്. എന്റെ പക്കൽ മറ്റൊന്നാണ്. ഞാൻ വിചാരിക്കുന്നത് ഞാൻ രാജ്യനിയമങ്ങളനുസരിച്ച് പ്രവർത്തിക്കുകയാണെങ്കിൽ, രാജ്യത്തോടു കൂറുപുലർത്തുന്നവനാണെങ്കിൽ, രാജ്യത്തിലെ പൗരന്മാരോടുള്ള കടമകൾ നിറവേറ്റുന്നവനാണെങ്കിൽ, ഈ രാജ്യത്തിന്റെ അഭിവൃദ്ധിക്കുവേണ്ടി കഴിവിന്റെ പരമാവധി ശ്രമിക്കുന്നവനാണെങ്കിൽ, ഞാൻ ഈ രാജ്യത്തിന്റെ പൗരന്മാരോടുള്ള കടമകൾ നിറവേറ്റുന്നവനാണെങ്കിൽ, ഈ രാജ്യത്തിന്റെ അഭിവൃദ്ധിക്കുവേണ്ടി കഴിവിന്റെ പരമാവധി ശ്രമിക്കുന്നവനാണെങ്കിൽ എന്റെ പക്കൽ ഞാൻ ഈ രാജ്യത്തിന്റെ ഇന്റിഗ്രേറ്റഡ് ആണെന്നാണ്, ഈ രാജ്യത്തിന്റെ ഭാഗമാണെന്നാണ്. ഇക്കാര്യം ഞാൻ നബി(സ) തിരുമേനിയുടെ വാക്യത്തിൽനിന്ന് പഠിച്ചതാണ്. 'ദേശത്തോടുള്ള സ്നേഹം നിങ്ങളുടെ ഈമാനിന്റെ ഭാഗമാണ്.' ഹസ്തദാനം ചെയ്യൽ ഒരു പ്രശ്നമല്ല. ഇത് സാംസ്കാരികവും സാമ്പ്രദായികവും ചില ഘട്ടങ്ങളിൽ മതപരവുമായ കാര്യമാണ്. ഞാൻ മതാധ്യാപനങ്ങൾ അനുസരിച്ച് നടക്കുന്ന ഒരു മനുഷ്യനാണെങ്കിൽ എന്റെ മതം എന്നോടു സ്ത്രീകൾക്ക് കൈ കൊടുക്കരുതെന്ന് പറയുന്നുവെങ്കിൽ, അവരെ ബഹുമാനിക്കുക എന്ന് പറയുന്നുവെങ്കിൽ അതൊരു പ്രശ്നമല്ല. പക്ഷേ, അതിനെ വ്യാജമായ പ്രശസ്തിക്കുവേണ്ടി പ്രശ്നമാക്കിത്തീർക്കുകയാണ്. അതിനെ മറ്റു പ്രശ്നങ്ങളെ അപേക്ഷിച്ച് കൂടുതൽ പൊക്കിപിടിക്കുകയാണ് ചെയ്യുന്നത്. ഇത് ഈ രാജ്യത്തിന്റെ സമ്പ്രദായമാണെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ഞാൻ നിങ്ങൾക്ക് കൈ തരുന്നില്ലെങ്കിൽ അതുകൊണ്ട് സമൂഹത്തിന് ഒരു നഷ്ടവും ഉണ്ടാകാൻ പോകുന്നില്ല. അതുകൊണ്ട് നിങ്ങളുടെ വികാരങ്ങൾ ഹനിക്കപ്പെടുന്നില്ല. എന്റെ മതം എന്നോടു പറയുന്നു, സ്ത്രീകളെ ആദരിക്കുന്നതിന് അവർക്ക് കൈ കൊടുക്കാതിരിക്കുക. ആ അധ്യാപനത്തിന്റെ പിന്നിലും എന്തെങ്കിലും യുക്തിയുണ്ട്. അത് അല്ലാഹുവാണ് നല്ലവണ്ണം അറിയുന്നവൻ. എന്നാൽ, എനിക്കെന്റേതായ പാരമ്പര്യങ്ങളുണ്ടെന്നും, എന്റേതായ അധ്യാപനങ്ങളുണ്ടെന്നും എനിക്കറിയാം. അതനുസരിച്ച് ഞാൻ പ്രവർത്തിക്കുന്നു. മറ്റുള്ള എന്റെ പാരമ്പര്യങ്ങളെ സഹിക്കേണ്ടതാണ്. പരസ്പരം ഇന്റിഗ്രേറ്റ് ചെയ്യാനുള്ള മാർഗമാണിത്. ഇങ്ങനെ ലോകത്ത് ഓരോ രാജ്യത്തും വിവിധ മതങ്ങളുടെ അനുയായികൾ താമസിക്കുന്നു. ഓരോ മതത്തിനും അവരുടേതായ രീതികളുണ്ട്. അവരുമായി നമ്മൾ ഐക്യപ്പെടേണ്ടതായിവരും. നിങ്ങൾ മതസ്വാതന്ത്ര്യത്തിൽനിന്ന് ഫലമെടുക്കാനാഗ്രഹിക്കുന്നുവെങ്കിൽ ചുറ്റുപാടുമുള്ള സമൂഹങ്ങളെ ഈ സ്വാതന്ത്ര്യത്തെ അംഗീകരിക്കേണ്ടിവരും. സമൂഹത്തിൽനിന്ന് ആവശ്യങ്ങൾ വർധിച്ചുകൊണ്ടുപോകുന്നെങ്കിൽ മതസ്വാതന്ത്ര്യം ലഭിക്കാത്തതായ ഒരു നിമിഷവും വരുന്നതായിരിക്കും.

പ്രതിനിധി: പ്രബോധനവും അങ്ങയുടെ മിഷന്റെ ഭാഗമാണെന്ന് അങ്ങ് പറയുകയുണ്ടായി. സ്വീഡനിലും പ്രബോധനവും അങ്ങയുടെ മിഷന്റെ ഭാഗമാണോ?

ഹുദൂർ: സ്വീഡനിലും ഞങ്ങൾ പ്രബോധനം ചെയ്തുകൊണ്ടിരിക്കുന്നു. ചില സ്വീഡൻകാർ ഞങ്ങളുടെ ജമാഅത്തിൽ ചേർന്നിട്ടുണ്ട്. പാക്കിസ്താനികളും ഏഷ്യക്കാരും മാത്രമല്ല അഹ്മദികൾ. മറിച്ച് സ്വീഡൻകാരുമുണ്ട്. ലോകത്തിലെ മറ്റു രാജ്യങ്ങളിലെ തദ്ദേശവാസികളും അഹ്മദിയ്യാ ജമാഅത്തിൽ പ്രവേശിച്ചുകൊണ്ടിരിക്കുന്നു.

പ്രതിനിധി: താങ്കളുടെ പക്കൽ തബ്‌ലീഗിന്റെ ജോലി എത്രമാത്രം പ്രാധാന്യമുള്ളതാണ്?

ഹുദൂർ: ഞങ്ങൾക്ക് ഈ സന്ദേശം പ്രചരിപ്പിക്കേണ്ടതുണ്ട്. പ്രവാചകന്മാർ വരുന്നത് ഈ ദൗത്യവുമായിട്ടാണ്; അല്ലാഹുവിന്റെ സന്ദേശമെത്തിക്കുക. ഞാൻ മുമ്പേയും പറഞ്ഞതുപോലെ ഞങ്ങളുടെ ജോലി മനുഷ്യകുലത്തെ ദൈവത്തിന്റെ അടുത്തുകൊണ്ടുവരിക എന്നതാണ്. അതുകൊണ്ടുതന്നെ പ്രബോധനജോലി അസാധാരണമായ പ്രാധാന്യമുള്ളതാണ്. ഞങ്ങളുടെ അധ്യാപനങ്ങൾ നല്ലതായി കാണുന്നവർ ഞങ്ങളോടൊപ്പം ചേരുന്നു. അതുകൊണ്ടാണ് ലക്ഷക്കണക്കിനാളുകൾ ഞങ്ങളുടെ ജമാഅത്തിൽ ചേരുന്നത്. ഇവിടെയും ജർമനിയിലും യൂറോപ്പിലെ മറ്റു ഭാഗങ്ങളിലും ധാരാളമാളുകൾ ഞങ്ങളുടെ ജമാഅത്തിൽ ചേർന്നുവരുന്നു.

പ്രതിനിധി: തബ്‌ലീഗ് പ്രവർത്തനങ്ങളെ സംബന്ധിച്ച് കൂടുതൽ കാര്യങ്ങൾ പറയാമോ? എത്ര വിപുലമാണെന്ന്?

ഹുദൂർ : ഏകദേശം 207 രാജ്യങ്ങളിൽ ഞങ്ങളുടെ മിഷനുണ്ട്. ഏത് രാജ്യങ്ങളിലാണോ അഹ്മദികളുടെ എണ്ണം അധികമായിട്ടുള്ളത് ആ രാജ്യങ്ങളിലെ എല്ലാ നഗരങ്ങളിലും കസബകളിലും ഞങ്ങളുടെ മിഷൻ സ്ഥാപിതമായിട്ടുണ്ട്. അവിടെ ഞങ്ങളുടെ മസ്ജിദുകളുമുണ്ട്. ഞങ്ങൾ ഞങ്ങളുടെ സന്ദേശം പ്രചരിപ്പിച്ചുകൊണ്ടിരിക്കുന്നു. തുടർന്നും പ്രചരിപ്പിച്ചുകൊണ്ടിരിക്കുന്നതാണ്. (ഇൻശാഅല്ലാഹ്). ഈ പ്രബോധനത്തിന്റെ ഫലമായി ഞാൻ മുമ്പേ പറഞ്ഞിരുന്നതുപോലെ ലക്ഷക്കണക്കിനാളുകൾ ഓരോ വർഷവും ഞങ്ങളുടെ ജമാഅത്തിൽ ചേരുന്നു. പ്രബോധനത്തിലൂടെ ഞങ്ങൾ ഇസ്‌ലാമിന്റേയും വിശുദ്ധഖുർആന്റേയും യഥാർഥമായ അധ്യാപനങ്ങൾ പ്രചരിപ്പിക്കുന്നു. അത് പരസ്പരമുള്ള കടമകൾ നിറവേറ്റുന്നതിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. പരസ്പരം ആദരിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്നതിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. വിശുദ്ധഖുർആനിൽ സ്ത്രീകളോടുള്ള കടമകൾക്ക് ജാമ്യം നല്കപ്പെട്ടിരിക്കുന്നു. സ്ത്രീകൾക്ക് അനന്തരാവകാശം നല്കപ്പെട്ടിരിക്കുന്നു. സ്ത്രീകൾക്ക് ഖുല വാങ്ങാനുള്ള അവകാശം നല്കപ്പെട്ടിരിക്കുന്നു. യൂറോപ്പിൽ ഈ അവകാശങ്ങൾ നല്കപ്പെട്ടത് കുറച്ചു കാലത്തിനു മുമ്പേയാണ്. ഒരു സത്യവാനായ മുസ്‌ലിം ചെയ്തുകൊണ്ടിരിക്കുന്ന അധ്യാപനങ്ങളും വിശുദ്ധഖുർആന്റെ കല്പനകളുമാണിത്. ജനങ്ങൾക്ക് ഇസ്‌ലാമികാധ്യാപനങ്ങളുടെ യാഥാർഥ്യത്തെക്കുറിച്ച് അറിയുമ്പോൾ ഞങ്ങളോടൊപ്പം അവർ വന്നുചേരുന്നു. ഞങ്ങളുടെ ഉദ്ദേശ്യം ഈ സന്ദേശത്തെ ലോകത്തിന്റെ വിവിധ ഭാഗങ്ങൾവരെ കൊണ്ടുപോകുക എന്നതാണ്. ഈ ജോലിയാണ് ഞങ്ങൾ ചെയ്തുകൊണ്ടിരിക്കുന്നത്.

പ്രതിനിധി: ജുമുഅ ദിവസം താങ്കളുടെ ഖുത്‌ബ ലൈവ് സംപ്രേഷണം ചെയ്യുന്നതായിരിക്കും. ഈ ഖുത്‌ബയിൽ താങ്കൾ എന്തു സന്ദേശമാണ് നല്കുക?

ഹുദൂർ: എന്റെ ഖുത്‌ബ മസ്ജിദിനെ സംബന്ധിച്ചുതന്നെയായിരിക്കും. പൊതുവെ ഏതെങ്കിലും മസ്ജിദിന്റെ ഉദ്ഘാടനത്തിന് ഞാൻ പോകുമ്പോൾ മസ്ജിദിന്റെ പ്രാധാന്യം എന്ന വിഷയമാണ് ഞാൻ എടുക്കാറുള്ളത്; ഈ മസ്ജിദ് എങ്ങനെയുണ്ടായി, ഇതിന്റെ നിർമാണത്തിന് ജമാഅത്ത് എത്രത്തോളം ത്യാഗം ചെയ്തു. ഞങ്ങളുടെ അധ്യാപനങ്ങളെന്ത്? നമ്മളെല്ലാവരും ഒന്നിച്ച് എങ്ങനെ നമ്മുടെ സ്രഷ്ടാവിന്റെ മുമ്പിൽ കുനിയണം. അതിനാൽ എന്റെ ഖുത്‌ബയുടെ ശീർഷകം മസ്ജിദുതന്നെയായിരിക്കും.

പത്രപ്രതിനിധി: താങ്കൾ ഇവിടെ വിവിധ കുടുംബങ്ങളുമായി അഭിമുഖം നടത്തുമെന്ന് എനിക്കറിയാൻ കഴിഞ്ഞു. ഇത് എത്രമാത്രം പ്രധാനപ്പെട്ടതാണ്?

ഹുദൂർ: അഭിമുഖമല്ല കുടുംബങ്ങളുമായുള്ള കൂടിക്കാഴ്ചയാണ്. അഹ്മദികളുടെ മനസ്സിൽ ഖിലാഫത്തിനോടു വളരെ സ്നേഹമാണുള്ളത്. ഖിലാഫത്തിനും ജമാഅത്തിന്റെ ആളുകളോടു വളരെ സ്നേഹമാണുള്ളത്; നിങ്ങൾക്ക് നിങ്ങളുടെ കുട്ടികളോടുള്ളതുപോലെ.

തുടരും

(പേജ് 1ൽനിന്ന്)

ഉണ്ടായിട്ടില്ല. ഈസാ മസീഹിനും ഈ അവസ്ഥ ഉണ്ടായിട്ടില്ല. ലോകചരിത്രത്തിൽ നബി(സ) തിരുമേനിയോടു മാത്രമേ പ്രവാചകത്വത്തിൽനിന്ന് പിന്മാറിയാൽ ഭരണം നല്കാമെന്ന് വാഗ്ദാനം ചെയ്യപ്പെട്ടിട്ടുള്ളൂ. ഈ കീർത്തി നബി(സ)തിരുമേനിക്ക് മാത്രമുള്ളതാണ്. ധാർമികതയുടെ പരിപൂർണമാതൃക കാണിക്കാൻ നബി(സ)തിരുമേനിക്ക് ദുഃഖത്തിന്റേയും വിജയത്തിന്റേയും രണ്ടു കാലഘട്ടവും ലഭിച്ചു.

മുത്തഖിയായ ആളുകൾ ഈ രണ്ടുഘട്ടങ്ങളിലേയും ആത്മീയനിർവൃതി അനുഭവിച്ചറിയണമെന്ന് അല്ലാഹു ആഗ്രഹിച്ചു. ചിലപ്പോൾ സ്വസ്ഥതയുടേയും പരിശുദ്ധിയുടേയും നിറത്തിലുണ്ടാകുന്ന നിർവൃതി. ചിലപ്പോൾ പ്രയാസങ്ങളിൽനിന്നും വിപത്തുകളിൽനിന്നും ഉണ്ടാകുന്ന നിർവൃതി. ഇങ്ങനെ സംഭവിക്കുന്നത് ആ രണ്ടു ഘട്ടങ്ങളിലും അവരിലുള്ള ധാർമികഗുണങ്ങളുടെ മാതൃക കാണിക്കാനാണ്. ചിലത് പ്രതാപാവസരത്തിലും ചിലത് വിപത്കാലത്തും വെളിപ്പെടുന്നു. നമ്മുടെ നബി(സ)തിരുമേനിക്ക് ഈ രണ്ട് അവസ്ഥയും ലഭിച്ചു. നബി(സ)തിരുമേനിയുടെ സമ്പൂർണമായ ധാർമികഗുണങ്ങൾ സമർപ്പിക്കാൻ മറ്റാർക്കും സാധ്യമല്ല.

ഈസാ മസീഹിൽനിന്ന് ക്ഷമ എന്ന ധാർമികഗുണം മാത്രമേ പ്രകടമാകുന്നുള്ളൂ. അദ്ദേഹം പീഢനം സഹിച്ചുകൊണ്ടിരുന്നു. അദ്ദേഹത്തിന് പ്രതാപത്തിന്റെ കാലം ലഭിച്ചിരുന്നില്ല. അദ്ദേഹം സത്യവാനായ നബിയായിരുന്നു. എന്നാൽ, അദ്ദേഹത്തിന്റെ എല്ലാ ധാർമികഗുണങ്ങളും ലോകം കണ്ടില്ല. അദ്ദേഹത്തെകുറിച്ച് ഖുർആൻ വിവരിച്ചു. അതുകൊണ്ട് നാം അദ്ദേഹത്തെ നബിയായി വിശ്വസിക്കുന്നു. ദൃഢചിത്തരായ നബിമാർക്കുണ്ടായിരിക്കേണ്ട ധാർമികഗുണങ്ങളൊന്നും അദ്ദേഹത്തിലുള്ളതായി ഇഞ്ചീലിൽനിന്ന് സ്ഥാപിക്കാൻ സാധ്യമല്ല. ഇപ്രകാരം നമ്മുടെ നബി(സ)തിരുമേനിയും ആദ്യകാല 13 വർഷത്തെ പീഡനങ്ങളിൽ മരണപ്പെട്ടിരുന്നുവെങ്കിൽ ഉന്നതമായ പലധാർമിക ഗുണങ്ങളും ലോകം കാണുമായിരുന്നില്ല.

വിജയത്തിന്റേയും പ്രതാപത്തിന്റേയും കാലം വന്നപ്പോൾ കുറ്റവാളികൾ നബി(സ) തിരുമേനിയുടെ തിരുസന്നിധിയിൽ ഹാജരാക്കപ്പെട്ടു. അങ്ങനെ നബി(സ)തിരുമേനിയിൽ കുടികൊണ്ടിരുന്ന കരുണയുടേയും ക്ഷമയുടേയും ഉദാത്തവും പൂർണവുമായ തെളിവ് ലോകത്തിന് ലഭിച്ചു. നബി(സ) തിരുമേനിയുടെ പ്രവർത്തനങ്ങൾ ബലാൽക്കാരപൂർവമായിരുന്നില്ലെന്നും അതോടെ തെളിഞ്ഞു. ഇതുപോലെ മറ്റു പല ധാർമികഗുണങ്ങളും വെളിപ്പെട്ടുകൊണ്ടിരുന്നു. അല്ലാഹു പറഞ്ഞു: ***നഹ്നു ഔലിയാഉക്കും ഫിൽ ഹയാത്തിദ്ദുൻയാ വഫിൽ ആഖിറത്തി*** (ഹാമീം സജ്ദ: 32)

*ഐഹികജീവിതത്തിലും പരലോകത്തും ഞങ്ങൾ (മലക്കുകൾ) നിങ്ങളുടെ മിത്രങ്ങളാണ്.*

ഈ ജീവിതത്തിൽ മലക്കുകളുടെ ഇറക്കത്തെ നിഷേധിക്കുന്നവർക്കുള്ള മറുപടി കൂടിയാണിത്. മരണവായുവിന്റെ സമയത്തു മാത്രമേ മലക്കുകൾ ഇറങ്ങുകയുള്ളൂ എന്നാണെങ്കിൽ, **'ഫിൽ ഹയാത്തിദ്ദുൻയാ'** ഐഹികജീവിതത്തിലും അല്ലാഹു എങ്ങനെ വലിയ്യ് ആയി.' (മൽഫൂദാത്ത് വാല്യം 1. പേ. 10–18)

AL ISLAM
Al Islam - Official website of Ahmadiyya Muslim Community

(പേജ് 2ൽനിന്ന്)

◆ ഈ 23000 ന്യൂക്ലിയർ ആയുധങ്ങളിൽ 2500 ഹൈ അലർട്ടാണ്. അതായത് കുറച്ച് നിമിഷങ്ങൾക്കുള്ളിൽ അവയെ ലോഞ്ച് (Launch)ചെയ്യാൻ സാധിക്കും.

◆ ഇന്നത്തെ ഒരു സബ്മറൈനിലെ (Submarine)ന്യൂക്ലിയർ ആയുധത്തിന്റെ ശക്തി ഹിരോഷിമയിലിട്ട ബോംബിനേക്കാൾ മുന്നൂറിരട്ടി ശക്തിയുള്ളതാണ്. ഈ സബ്മറൈനിലുള്ള ന്യൂക്ലിയർ ശക്തി എന്നു പറയുന്നത് 4 കോടി ജനങ്ങളെ നശിപ്പിക്കാൻ കഴിവുള്ളതാണ്. അദ്ദേഹം പറഞ്ഞു: നമ്മളെല്ലാവരും മുഹമ്മദ് മുസ്തഫാ(സ)യെ വിശ്വസിക്കുന്നവരാണ്. അദ്ദേഹം മുഴുലോകത്തിനും കാരുണ്യമാണ്. അഹ്മദിയ്യാ ജമാഅത്തിന്റെ അഞ്ചാമത്തെ ഖലീഫ സയ്യിദുനാ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ് നബി(സ)തിരുമേനിയെ പിൻപറ്റിക്കൊണ്ട് ലോകത്തെ മൂന്നാം ലോകമഹായുദ്ധത്തിൽനിന്ന് രക്ഷിക്കുന്നതിന് ധാരാളം ദുആ ചെയ്തുകൊണ്ടിരിക്കുന്നു. എങ്ങനെ മൂന്നാം ലോകമഹായുദ്ധത്തിൽനിന്ന് രക്ഷപ്പെടാമെന്ന് എല്ലായിടത്തും പോയി ജനങ്ങളെ ഉപദേശിക്കുന്നു; പീസ് സിമ്പോസിയത്തിലൂടെ, പാർലമെന്റുകളിലെ പ്രസംഗങ്ങളിലൂടെ, നേതാക്കന്മാരെ കണ്ടുകൊണ്ട്, പ്രിന്റ് ആന്റ് ഇലക്ട്രോണിക് മീഡിയായിലൂടെ! അല്ലാഹു അവന്റെ കൃപകൊണ്ട് ലോകത്തെ മൂന്നാം ലോകമഹായുദ്ധത്തിൽനിന്ന് രക്ഷിക്കാൻ നമ്മളും കാലത്തിന്റെ ഖലീഫയുടെ മാതൃകയെ പിൻപറ്റി ധാരാളം ദുആ ചെയ്യേണ്ടതാണ്. ഇതുസംബന്ധമായി മുമ്പത്തെക്കാളുപരി തബ്ലീഗ് ചെയ്യേണ്ടതാണ്.

ഹുദൂർ ഉപദേശിച്ചുകൊണ്ടു പറഞ്ഞു: മൂന്നാം ലോകമഹായുദ്ധത്തിനു മുമ്പേ നല്ലവണ്ണം തബ്ലീഗ് ചെയ്യുക. ജനങ്ങളിലെത്തുകയും അവർക്ക് ജമാഅത്തനെ പരിചയപ്പെടുത്തിക്കൊടുക്കുകയും ചെയ്യുക. സമാധാനത്തിന്റെ പേരിൽ ജമാഅത്തിനെ പരിചയപ്പെടുത്തുക; Stopping Nuclear Holocausന്റെ പേരിൽ. അല്ലെങ്കിൽ Holocaust Existence of Godന്റെ പേരിൽ.

ഹുദൂറിനോടു താങ്കൾക്ക് ഏറ്റവും വലിയ ഭയം എന്തിനെ കുറിച്ചാണെന്ന ഒരു ചോദ്യം ചോദിച്ചിരുന്നു. ഹുദൂർ പറഞ്ഞു: മൂന്നാം ലോകമഹായുദ്ധത്തിനുശേഷം ആളുകൾ ദൈവത്തെ തിരയുമ്പോൾ, മതത്തിലേക്കു തിരിയുമ്പോൾ അഹ്മദികളായ നമുക്ക് അത്രമാത്രം പരിശീലനം ഉണ്ടായിട്ടുണ്ടോ? നമ്മുടെ ബന്ധം അല്ലാഹുവുമായി ഉണ്ടായിക്കഴിഞ്ഞിട്ടുണ്ടോ? നമ്മൾ നമസ്കാരം ശരിയായ നേരത്ത് അഞ്ചുസമയം അനുഷ്ഠിക്കാറുണ്ടോ? മൂന്നാം ലോകമഹായുദ്ധത്തിനുശേഷം ആളുകൾ നമ്മളിലേക്ക് തിരിയുമ്പോൾ അതൊരു വലിയ ഒഴുക്കായിരിക്കും. അല്ലാഹുവുമായി അവരെ ബന്ധിപ്പിക്കാൻ നമ്മൾ തയ്യാറായിട്ടുണ്ടോ? അവർക്ക് മാതൃകയാകുംവിധമാണോ നമ്മുടെ കർമങ്ങൾ? വരുന്നവർക്ക് നേരായവഴി കാണിച്ചുകൊടുക്കാൻ പറ്റുംവിധം നമുക്ക് മതപരമായ അറിവുണ്ടോ?

മൂന്നാമത്തെ പ്രസംഗം അഡീഷണൽ നാളിർ ദഅ്വത്തെ ഇലല്ലാഹ് ജനൂബീ ഹിന്ദ് മൗലാനാ സഹീർ അഹ്മദ് ഖാദിം സാഹിബിന്റേതായിരുന്നു. 'വർത്തമാനകാല അവസ്ഥകളും ദഅ്വത്തെ ഇലല്ലായുടെ പ്രാധാന്യവും' എന്നതായിരുന്നു പ്രസംഗവിഷയം. അദ്ദേഹം പറഞ്ഞു: ഇന്ന് ലോകത്ത് നാലുഭാഗത്തും അസ്വസ്ഥതയും കലഹങ്ങളും ഏറ്റുമുട്ടലും യുദ്ധവും കൊലയും വർധിച്ചുകൊണ്ടിരിക്കുകയാണ്. ചില രാജ്യങ്ങളിൽ പൊതുജനങ്ങൾ സർക്കാറിനെതിരെ പൊരുതുന്നു. ചില രാജ്യങ്ങളിൽ സർക്കാർതന്നെ തങ്ങളുടെ പൗരന്മാർക്കെതിരെ നില്ക്കുന്നു. ഭീകരവാദികൾ തങ്ങളുടെ പ്രത്യേകമായ നേട്ടങ്ങൾ കരസ്ഥമാക്കുന്നതിനുവേണ്ടി ലഹളകളുടേയും കലഹത്തിന്റേയും അഗ്നി ജ്വലിപ്പിച്ചുകൊണ്ടിരിക്കുന്നു. നിരപരാധികളായ സ്ത്രീകളേയും കുട്ടികളേയും വൃദ്ധരേയും ഒരു ദാക്ഷിണ്യവുമില്ലാതെ കൊന്നുകൊണ്ടിരിക്കുന്നു. ഈ അവസ്ഥകളിൽ അഹ്മദിയ്യത്ത് മാത്രമാണ് ഇന്ന് ലോകത്തെ നാശങ്ങളിൽനിന്ന് രക്ഷിക്കുന്നതിനുള്ള അവസാന മാർഗം; അത് അല്ലാഹു തുടങ്ങിയ മാർഗമാണ്. അവസാനം എന്നു പറഞ്ഞതിന്റെ അർഥം ഇതും നാശമടഞ്ഞാൽ ലോകം തീർച്ചയായും നശിച്ചൊടുങ്ങുമെന്നാണ്. അവസാനം എന്നു പറഞ്ഞതിന്റെ അർഥം ഇതു വിജയിക്കുകയാണെങ്കിൽപിന്നെ ദൈവകൃപയാൽ ലോകത്തിനു ഇത്തരത്തിലുള്ള നാശത്തെ സംബന്ധിച്ചുള്ള ഒരു ഭയവും ഒരു ദീർഘകാലംവരെ ഉണ്ടാകുകയില്ലെന്നാണ്.

ദഅ്വത്തെ ഇലല്ലാഹ് എന്ന നിർബന്ധകടമ നിറവേറ്റുന്നവർക്ക് സന്തോഷവാർത്ത നല്കിക്കൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: 'നിങ്ങൾക്ക് സന്തോഷവാർത്ത! സാമീപ്യം പ്രാപിക്കാനുള്ള മൈതാനം ശൂന്യമായിക്കിടക്കുന്നു. എല്ലാ ഓരോ ജനതയും ഭൗതികതയെ സ്നേഹിക്കുന്നു. അല്ലാഹു ഇഷ്ടപ്പെടുന്ന കാര്യത്തിലേക്ക് ജനങ്ങൾക്ക് തീരെ ശ്രദ്ധയില്ലാതായിരിക്കുന്നു. പൂർണമായ ശക്തിയോടെ ഈ വാതിലിലൂടെ കടക്കാൻ ആഗ്രഹിക്കുന്നവർക്ക് തങ്ങളുടെ കഴിവ് പ്രകടിപ്പിക്കാനും അല്ലാഹുവിൽനിന്ന് പ്രത്യേക സമ്മാനം നേടാനുമുള്ള അവസരമാണിത്! (റൂഹാനീ ഖസാഇൻ, വാള്യം 20, അൽവസിയ്യത്ത്, പേജ് 308)

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ് ദഅ്വത്തെ ഇലല്ലായിലേക്ക് ശ്രദ്ധ ക്ഷണിച്ചുകൊണ്ട് പറയുന്നു: ലോകത്തുള്ള എല്ലാ അഹ്മദിയും വർഷത്തിൽ ഒന്നോ രണ്ടോ പ്രാവശ്യം അല്ലെങ്കിൽ ഒന്നോ രണ്ടോ ആഴ്ചവരെ ഈ പ്രവൃത്തിക്കായി വഖ്ഫ് ചെയ്യുമെന്ന് ഉറച്ച തീരുമാനമെടുക്കുക. പൂർണമായ ഗൗരവത്തോടുകൂടി എല്ലാ കഴിവുകളും വിനിയോഗിച്ചുകൊണ്ട് പ്രവൃത്തിക്കാൻ എല്ലാ ഓരോരുത്തരും തങ്ങളെ സമർപിക്കേണ്ടതാണ്. ഹോളണ്ടിലെ അഹ്മദിയും, ജർമനിയിലെ അഹ്മദിയും ബെൽജിയത്തിലെ അഹ്മദിയും ഫ്രാൻസിലെ അഹ്മദിയും യൂറോപ്പിലെ ഏതു രാജ്യത്തുള്ള അഹ്മദിയും അല്ലെങ്കിൽ ലോകത്തിലെ ഏതു രാജ്യത്തെ അഹ്മദിയും ഘാനയിലെ അഹ്മദിയും ആഫ്രിക്കയിലെ അഹ്മദിയും ബുർക്കിനോഫാസോയിലെ അഹ്മദിയും കനഡയിലെ അഹ്മദിയും അമേരിക്കയിലെ അഹ്മദിയും ഏഷ്യൻരാജ്യങ്ങളിലെ അഹ്മദിയും എല്ലാവരും ഇപ്പോൾ ഇതിൽ ബദ്ധശ്രദ്ധരാവേണ്ടതാണ്. ഈ നാശത്തിൽനിന്ന് ലോകത്തെ രക്ഷിക്കണമെങ്കിൽ, എല്ലാവർക്കും താൽപര്യത്തോടും ഉത്സാഹത്തോടുംകൂടി ഈ സന്ദേശം എത്തിക്കുക! ഞാൻ പറഞ്ഞതുപോലെ ലോകത്തെ നാശത്തിൽനിന്ന് രക്ഷിക്കുക! കാരണം ഇപ്പോൾ അല്ലാഹുവിലേക്ക് കുനിയാതെ ഒരു ജനതയും സുരക്ഷിതരല്ല. എണ്ണവും പ്രത്യേക ടാർഗറ്റും എടുത്തു പ്രവൃത്തിക്കേണ്ട സമയമല്ല ഇത്. പ്രത്യുത ഇപ്പോൾ ഓരോ ജമാഅത്തും അത്തരം പദ്ധതികൾ തയ്യാറാക്കേണ്ടതാണ്. ഓരോ വ്യക്തിയും ഓരോ അഹ്മദിയും ഈ സന്ദേശമെത്തിക്കുന്നതിൽ വ്യാപൃതരാകുക. (ജുമുഅ ഖുത്ബ, 4–6–2004)

## അതിഥികളുടെ പ്രതികരണങ്ങൾ

മിസ്റിൽനിന്ന് ഡോക്ടർ ഉസാമ അബ്ദുൽ അളീം സാഹിബ് അറബിഭാഷയിൽ തന്റെ അഭിപ്രായം പ്രകടിപ്പിച്ചുകൊണ്ടു പറഞ്ഞു: (ഇതിന്റെ പരിഭാഷ കേൾപ്പിച്ചത് ത്വാഹിർ നദീം യുകെയാണ്) 'ജീവിതത്തിൽ ആദ്യമായാണ് എനിക്ക് ഖാദിയാനിൽ വരാൻ ഭാഗ്യം കിട്ടുന്നത്. എന്റെ ഖാദിയാൻ വരവ് അസംഭാവ്യമാണെന്നാണ് ഞാൻ ധരിച്ചിരുന്നത്. കാരണം ഒരു ദീർഘകാലം ഞാൻ ജമാഅത്തിന്റെ കഠിനവിരോധികളുടെ കൂട്ടത്തിലായിരുന്നു. ഈ ശത്രുത കാരണത്താൽ ജമാഅത്തിന്നെതിരിൽ ഞങ്ങളുടെ രാജ്യത്ത് വ്യാജമായ പ്രൊപഗണ്ടകളും വഞ്ചനാപരമായ വർത്തമാനങ്ങളുമാണ് നടന്നുവരുന്നത്. ഇതിന്റെ അടിസ്ഥാനത്തിൽ എന്റേയും എന്നെപ്പോലുള്ള യുവാക്കളുടേയും മനസ്സിൽ ജമാഅത്തിനെ കുറിച്ച്, ഇത് ഇസ്ലാംവിരുദ്ധമായ പുതിയൊരു മതമാണെന്നും ഈ ജമാഅത്തിലെ ആളുകൾ നബി(സ)തിരുമേനിയുടെ ഖത്തമുന്നുബുവ്വത്തിനെ നിഷേധിക്കുന്നവരാണെന്നുമുള്ള സങ്കല്പമായിരുന്നു! കളവ് അധിക കാലം നിലനില്ക്കുകയില്ലെന്നത് പ്രസിദ്ധമാണ്. എനിക്കും അങ്ങനെതന്നെയാണ് സംഭവിച്ചത്. അല്ലാഹുവിന്റെ ഇംഗിതമനുസരിച്ച് എനിക്ക് ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് ഖാദിയാനി(അ)യുടെ ഗ്രന്ഥങ്ങൾ വായിക്കാൻ തൗഫീഖ് കിട്ടി. ഞാൻ അദ്ദേഹത്തിന്റെ ഗ്രന്ഥങ്ങളെ സത്യവും അല്ലാഹുവിനോടും അവന്റെ റസൂലിനോടുമുള്ള അതിരറ്റ സ്നേഹം കൊണ്ട് നിറഞ്ഞുകിടക്കുന്നതുമായി കണ്ടു. അദ്ദേഹത്തിന്റെ ഗ്രന്ഥങ്ങളുടേയും ആ ഗ്രന്ഥങ്ങളിൽ കാണുന്ന സത്യസന്ധതയുടേയും വെളിച്ചത്തിന്റെ മുമ്പിൽ കളവിന്റെ എല്ലാ ബിംബങ്ങളും തകർന്നടിഞ്ഞു. കൂടുതൽ എന്തെങ്കിലും തീരുമാനമെടുക്കുന്നതിനുമുമ്പേ ഞാൻ അല്ലാഹുവിലേക്ക് തിരിഞ്ഞു. 2014ലെ അനുഗൃഹീത റമളാനിൽ ഒരു രാത്രി എഴുന്നേറ്റ് അങ്ങേയറ്റം വണക്കത്തോടും വേദനയോടും കൂടി ദുആ ചെയ്തു: 'യാ ഇലാഹി! നീ എനിക്ക് മിർസാ ഗുലാം അഹ്മദിനെ കുറിച്ച് പറഞ്ഞുതന്നാലും. മുഴുവൻ ഉമ്മത്തും കാത്തിരിക്കുന്ന മസീഹ് ഇദ്ദേഹം തന്നെയാണോ?' അങ്ങനെ അല്ലാഹുവിന്റെ കൃപാകടാക്ഷമുണ്ടായി. അവനിൽനിന്ന് അതിവേഗം എനിക്ക് മറുപടി കിട്ടി. ഞാൻ ഉറക്കത്തിന്റേയും ഉണർന്നിരിക്കുന്നതിന്റേയും അവസ്ഥയിൽ വളരെ ഗാംഭീര്യത്തോടെയുള്ള ശബ്ദത്തിൽ ഈ വചനങ്ങൾ കേട്ടു : **മിൻ ഹത്തുഹു മഖ്അദ സ്വിദ്ഖിൻ ഇൻദ മലീക്കിൻ മുഖ്തദിർ** 'ഞാൻ അദ്ദേഹത്തെ അധികാരസ്ഥനായ രാജാവിന്റെ തിരുസന്നിധിയിൽ സത്യസന്ധതയുടെ പദവി നല്കി നിയോഗിച്ചിരിക്കുന്നു.' ഈ ശബ്ദം എന്റെ ശരീരത്തിലെ ഓരോ അണുവിനേയും പ്രകമ്പനം കൊള്ളിച്ചു. ഞാൻ അല്ലാഹുവിനെതൊട്ട് സത്യം ചെയ്തു പറയുന്നു: സൂര്യനെ കണ്ടുകൊണ്ട് അതിന്റെ വെളിച്ചത്തെ സംബന്ധിച്ച് സംശയിക്കാൻ എനിക്ക് സാധിക്കാത്തതുപോലെ ഒരു നിമിഷം പോലും ഈ വാക്യങ്ങളുടെ സത്യത്തിൽ സംശയിക്കാൻ പറ്റുകയില്ല. അതിനുശേഷം അല്ലാഹു എനിക്ക് ഈ വിളിയാളന്റെ ശബ്ദത്തിന് ലബ്ബയ്ക്ക് പറയാൻ തൗഫീഖ് നല്കി. ഞാൻ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലായ്ക്ക് ബയ്അത്ത് ചെയ്തു. പി ന്നീട് അല്ലാഹു കൃപ ചെയ്തു. ഇപ്പോൾ എനിക്ക് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ പാദസ്പർശമേറ്റ ഈ മണ്ണിൽ സിയാറത്ത് ചെയ്യാനുള്ള സൗഭാഗ്യവും നല്കി അനുഗ്രഹിച്ചിരിക്കുന്നു. ഞാൻ പറയാൻ ആഗ്രഹിക്കുന്നത്, ഈ നാട്ടിൽ അതായത് ഖാദിയാനിൽ ഞാൻ അല്ലാഹുവിനെ കണ്ടിരിക്കുന്നു. ഞാൻ ഇസ്ലാമിന്റെ പ്രവചനങ്ങൾ നബി(സ)തിരുമേനിയുടെ സത്യസന്ധനായ സേവകന്റെ കൈയാൽ പുലർന്നിരിക്കുന്നതായി കണ്ടു. ഖാദിയാനിലെ അന്തരീക്ഷത്തിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ പരിശുദ്ധമായ ശ്വാസോച്ഛ്വാസം വ്യാപിച്ചുനില്ക്കുന്നതായി എനിക്ക് അനുഭവപ്പെട്ടു. ഇസ്ലാമിന്റെ സന്ദേശവുമായി ഈ ഇടവഴികളിൽ അവിടന്ന് നടക്കുകയായിരുന്നപ്പോൾ കേട്ടിരുന്ന അവിടത്തെ ആ പരിശുദ്ധമായ കാലടി ശബ്ദം ഇപ്പോഴും ആർദ്രമാണ്. മസ്ജിദ് മുബാറക്, ബയ്ത്തുദ്ദുആ, ബയ്ത്തുൽഫിക്ർ എന്നിവിടങ്ങളിൽ സുജൂദ് ചെയ്യുമ്പോൾ എന്റെ കണ്ണീരൊഴുകി. കാരണം ഈ പവിത്രമായ സ്ഥലങ്ങളിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ) കരഞ്ഞുകരഞ്ഞു ദുആ ചെയ്തിരുന്നു; ഇസ്ലാമിന്റെ പ്രതിരോധത്തിനും നബി(സ)തിരുമേനിയുടെ അന്തസ് സംരക്ഷിക്കുന്നതിനും ജിഹാദ് ചെയ്തിരുന്നു. ഞാൻ അവിടത്തെ അനുഗൃഹീത ഖബ്റിനു മുമ്പിൽ നിന്നപ്പോൾ നബി(സ) തിരുമേനിയുടെ സലാം ഹദ്റത്ത് മസീഹ് മൗഊദിന് എത്തിച്ചു. ആ വാഗ്ദത്ത പരിഷ്കർത്താവ് ഈ നാട്ടിൽ വെളിപ്പെട്ടിട്ട് 125 വർഷം കഴിഞ്ഞിരിക്കുന്നു. അദ്ദേഹം വന്ന് വിളംബരം ചെയ്തു.താനാണ് മസീഹ് മൗഊദും ഇമാം മഹ്ദിയെന്നും അദ്ദേഹം പറഞ്ഞു. 'ഞാൻ നിന്റെ പ്രബോധനത്തെ ഭൂമിയുടെ അറ്റങ്ങളോളം എത്തിക്കുന്നതായിരിക്കും' എന്ന് അല്ലാഹു തന്നോടു വാഗ്ദാനം ചെയ്തിരിക്കുന്നുവെന്നും പറഞ്ഞു. പി

ന്നീട് ലോകത്തിന്റെ കണ്ണ് കണ്ടു; കുറച്ചുകാലമേ കഴിഞ്ഞുള്ളൂ. അദ്ദേഹത്തിന്റെ പ്രവചനങ്ങൾ പുലർന്നു. ആരാലും അറിയപ്പെടാതിരുന്ന ഒരു നാട്, ഏറ്റവും പ്രശസ്തമായ നാടായിമാറി. ലോകത്ത് ധാരാളം മഹ്ദിവാദക്കാർ വന്നു. അവർ തങ്ങളുടെ തബ്ലീഗ് ലോകം മുഴുവൻ എത്തുമെന്ന് പ്രവചനങ്ങൾ ചെയ്തു. പക്ഷേ, ഒരാളുടേതല്ലാത്ത മറ്റാരുടേയും പ്രവചനങ്ങൾ പുലർന്നില്ല. ഈ വ്യക്തിയാണ് ബിഹിശ്തി മഖ്ബറയിൽ ഖബ്റടങ്ങിയിരിക്കുന്നത്. അദ്ദേഹത്തിന്റെ സ്മാരകശിലയിൽ എഴുതിയിരിക്കുന്നു: 'മസാരെ മുബാറക് ഹദ്റത്ത് അഖ്ദസ് മിർസാ ഗുലാം അഹ്മദ് ഖാദിയാനീ മസീഹ് മൗഊദ് ഇമാം മഹ്ദി.' ഇന്ന് ഞാൻ ഖാദിയാനിൽനിന്ന് മുഴുലോകത്തോടും ചോദിക്കുന്നു: 'ഇത്രയും പ്രവചനങ്ങൾ പുലർന്നിട്ടും ആ വ്യക്തിയുടെ സത്യസാക്ഷ്യത്തിൽ സംശയിക്കാൻ എന്തെങ്കിലും ഇടമുണ്ടോ?' അവസാനം ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഒരു അറബിപദ്യത്തോടെയാണ് അദ്ദേഹം തന്റെ പ്രസംഗം അവസാനിപ്പിച്ചത്. അതിന്റെ തർജമ ഇങ്ങനെയാണ്.

'അല്ലാഹുവേ! ഞങ്ങളുടെ സയ്യിദും മൗലായുമായ നബിയുടെ ഉമ്മത്തിന്റെ അവസ്ഥ നീ തന്നെ പരിഷ്കരിച്ചാലും. കാരണം നിനക്കിത് വളരെ എളുപ്പമാണ്; ഞങ്ങൾക്ക് വളരെ ദുഷ്കരവും.'

അതിനുശേഷം മോസ്കോയിലെ ബഹുമാനപ്പെട്ട ദിലേരീ ഇസ്മായീൽ സാഹിബ് തന്റെ ഈമാൻ ദൃഢീകരിക്കുന്ന അഭിപ്രായങ്ങൾ വിവരിച്ചു. അതിന്റെ ഉർദു തർജ നാഇബ് നാളിർ ഇസ്ലാഹ് വ ഇർശാദ് മർക്കസിയ്യ ത്വാഹിർ അഹ്മദ് ത്വാരിഖ് സാഹിബ് കേൾപ്പിച്ചു. അദ്ദേഹം പറഞ്ഞു: 'ഞാൻ ഒരു ചരിത്രകാരനെന്ന നിലയിൽ കുറേകാലമായി ഇസ്ലാമിക ചരിത്രവും മറ്റു മതങ്ങളുടെ ചരിത്രവും പഠിച്ചുകൊണ്ടിരിക്കുകയാണ്. ജന്മനാ ഞാൻ ക്രിസ്ത്യാനിയാണ്. പക്ഷേ, എന്റെ അന്വേഷണം എന്നെ 2002ൽ ഇസ്ലാമിലേക്ക് കൊണ്ടുവന്നു. ഇസ്ലാം എല്ലാ മറ്റു മതങ്ങളുടേയും ഏകദൈവവിശ്വാസത്തിന്റെ അധ്യാപനങ്ങളും മനുഷ്യസംസ്കാരങ്ങളും അതിന്റെ ഉള്ളിൽ സമാഹരിച്ചിട്ടുണ്ടെന്ന് എനിക്ക് മനസ്സിലായി. ഈ അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ എല്ലാത്തിനെക്കാളുമുപരി അഹ്മദിയ്യാ ജമാഅത്ത് അതിനെ നിലനിറുത്തിക്കൊണ്ടിരിക്കുന്നുവെന്ന കാര്യം എന്റെ അറിവിൽപെട്ടു. പക്ഷേ ഞാൻ എപ്പോഴും അഹ്മദിയ്യത്തിനെ കുറിച്ച് നെഗറ്റീവായിട്ടുള്ള കാര്യങ്ങളാണ് കേട്ടിരുന്നത്; ഇതൊരു അമുസ്ലിം കക്ഷിയാണെന്ന്. പക്ഷേ, ഒരു ചരിത്രകാരനെന്ന നിലയിൽ എന്നെ സംബന്ധിച്ചിടത്തോളം ആളുകൾ പറയുന്ന കാര്യങ്ങൾ കേൾക്കുകയും ഗ്രന്ഥങ്ങൾ വായിക്കുകയും ചെയ്യുന്നതിനു പുറമെ വസ്തുനിഷ്ഠമായി യാഥാർഥ്യങ്ങൾവരെ എത്തുക എന്നതും നിർബന്ധമായിരുന്നു. ഞാൻ ഈ ഭാഗത്തേക്ക് കൂടുതൽ ശ്രദ്ധിച്ചു. അഹ്മദിയ്യത്തിനെക്കുറിച്ച് ആളുകൾ പറയുന്ന നെഗറ്റീവായിട്ടുള്ള കാര്യങ്ങളെല്ലാം കളവാണെന്ന് എനിക്കു മനസ്സിലായി. ഇസ്ലാമിൽ (വിഭാഗീയത) കക്ഷിത്വമില്ല. കാരണം ഇസ്ലാമിൽ ക്രൈസ്തവ മതത്തിന്റെ ചർച്ചിന്റെ സങ്കല്പമില്ല. അതുകൊണ്ട് ശത്രുത ഉണ്ടാകുന്ന പക്ഷം വേറിട്ടു പോകേണ്ടിവരുന്നു. അഹ്മദി അമുസ്ലിമാണെന്ന് മറ്റുള്ളവർ പറയുന്നതിന് സംബന്ധിച്ചിടത്തോളം, ഞാൻ അഹ്മദിയ്യാ സാഹിത്യങ്ങൾ വായിച്ചു. അഹ്മദി മുസ്ലിംകളുമായി ചേർന്ന് ഞാനെത്തിയത് അഹ്മദിയ്യത്ത് മാത്രമാണ് അസലും യഥാർഥവുമായ ഇസ്ലാമെന്നാണ്. അഹ്മദി മറ്റു മുസ്ലിംകളെ അപേക്ഷിച്ച് കൂടുതൽ സത്യസന്ധരും ഉത്തമ മുസ്ലിംകളുമാണ്. റഷ്യൻ ചൊല്ലാണ്. "നൂറുവട്ടം കേൾക്കുന്നതിനെക്കാൾ ഉത്തമമാണ് ഒരുവട്ടം നേരിൽ കാണുന്നത്." ഇവിടെ ഖാദിയാനിൽ അഹ്മദികളുടെ ആത്മീയജീവിതവും പരിശുദ്ധ ചുറ്റുപാടും കണ്ട് എനിക്ക് ദൃഢവിശ്വാസമായി, ഇരുപതാം നൂറ്റാണ്ടിലും ഇരുപത്തൊന്നാം നൂറ്റാണ്ടിലും അഹ്മദിയ്യത്ത് മാത്രമാണ് ഒരു ജീവസുറ്റ മതപരമായ ജമാഅത്തെന്ന്; അത് ഒരേനേരത്ത് കഴിഞ്ഞുകടന്ന നൂറ്റാണ്ടുകളിലെ പാരമ്പര്യങ്ങളേയും നിലനിറുത്തിക്കൊണ്ടുപോകുന്നു. ഇവിടെ വെളുത്ത മിനാരത്തിന്റെയും നീലാകാശത്തിന്റെയും താഴെ സുജൂദ് ചെയ്തുകൊണ്ട് നിനക്ക് മനസ്സിലാകും അല്ലാഹു കാലത്തിനും സ്ഥലത്തിനും അതീതനാണെന്ന്. തന്റെ ഈമാൻ ശക്തി പ്രാപിച്ചുകൊണ്ടിരിക്കുന്നതിനും ആത്മീയത വർധിച്ചുകൊണ്ടിരിക്കുന്നതിനും ആവർത്തിച്ചാവർത്തിച്ച് തന്റെ ഈമാനിനെ പരിശോധിച്ചുകൊണ്ടിരിക്കുക എന്നത് എല്ലാ ഓരോ വ്യക്തിക്കും നിർബന്ധമാണ്.

പദ്യശകലത്തിന്റെ തർജ്ജമ: 'എത്ര നൂറ്റാണ്ടുകൾ കൂടുതൽ കഴിയേണ്ടിവരുമെന്ന് എനിക്കറിയില്ല. പക്ഷേ, ലോകത്തിലെ ഏറ്റവും ഉയർന്നു നില്ക്കുന്ന മുദ്രാവാക്യം ഖാദിയാനിലെ പവിത്രനാടിന്റേതായിരിക്കും.' (ഇൻശാഅല്ലാഹ്)

ഇതിനുശേഷം ഖാദിയാൻവാസിയും പഞ്ചാബ് സർക്കാരിന്റെ മിനിസ്റ്ററുമായ തർവത് രാജേന്ദർ സിംഗ് ബാജ്വ തന്റെ അഭിപ്രായം പ്രകടിപ്പിച്ചുകൊണ്ടു പറഞ്ഞു: 'നിങ്ങൾ പാക്കിസ്താൻ, യു.കെ. തുടങ്ങിയ വിവിധ രാജ്യങ്ങളിൽനിന്ന് ഇവിടെ വന്നിരിക്കുകയാണ്. ഞാൻ സർക്കാരിനുവേണ്ടി നിങ്ങളെല്ലാവരേയും സ്വാഗതം ചെയ്യുന്നു. ഞാൻ ഹുദൂറിന്റെ തിരുസന്നിധിയിൽ അപേക്ഷിക്കുകയാണ്, അങ്ങ് ഇവിടെ വന്ന് ഞങ്ങൾക്ക് അങ്ങയുടെ ദർശനം തന്നാലും. ഞങ്ങളുടെ ജീവിതത്തിന്റെ വിജയം അങ്ങ് കാരണത്താലാണ്. അങ്ങയുടെ സിയാറത്തുകൊണ്ട് ഞങ്ങളെ ധന്യരാക്കിയാലും. ഞങ്ങൾ അങ്ങയ്ക്കുവേണ്ടി കണ്ണിമയ്ക്കാതെ കാത്തിരിക്കുകയാണ്. ഹുദൂർ അടുത്തപ്രാവശ്യം എന്തായാലും വരുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു. നിങ്ങളെല്ലാവരെയും ഒരിക്കൽകൂടി സ്വാഗതം ചെയ്തുകൊള്ളുന്നു. ജയ്ഹിന്ദ്.'

ഇതുകഴിഞ്ഞ് ഗാംബിയായിലെ മിഷണറി അബ്ദുർറഹ്മാൻ ചാം സാഹിബ് ഇംഗ്ലീഷിൽ തന്റെ അഭിപ്രായങ്ങൾ പ്രകടിപ്പിച്ചു. ഇതിന്റെ ഉർദു തർജമ മുഹമ്മദ് അഹ്സൻ ഗോറി സാഹിബ് കേൾപ്പിച്ചു. അബ്ദുർറഹ്മാൻ ചാം സാഹിബ് പറഞ്ഞു: "ഹദ്റത്ത് മസീഹ് മൗഊദ്(അ)നുണ്ടായ ഇൽഹാമുകളിൽ ഒരു ഇൽഹാമാണ് "ഞാൻ നിന്റെ പ്രബോധനത്തെ ഭൂമിയുടെ അറ്റങ്ങളോളമെത്തിക്കും" എന്നത്. ഇപ്രകാരംതന്നെ മറ്റൊരു ഇൽഹാമാണ് 'ജനങ്ങൾ ദൂരദൂര ദേശങ്ങളിൽനിന്ന് നിന്റെ അടുത്തുവരും' എന്നത്. ഇന്ന് നമ്മൾ ഈ ഇൽഹാമുകളുടെ വ്യക്തമായ സത്യവും പൂർത്തീകരണവും കണ്ടുകൊണ്ടിരിക്കുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സന്ദേശം ഇന്ന് ലോകത്തിന്റെ അറ്റങ്ങളോളമെത്തിക്കഴിഞ്ഞിരിക്കുന്നു. ആയിരക്കണക്കിനാളുകൾ വിദൂരപ്രദേശങ്ങളിൽനിന്ന് യാത്ര ചെയ്ത് ഖാദിയാനിൽ വന്നുകൊണ്ടിരിക്കുന്നു. അല്ലാഹുവിന്റെ കൃപയാൽ ഞാൻ മൂന്നാംതവണയാണ് ജൽസയിൽ പങ്കെടുക്കാൻ ഭാഗ്യം കരസ്ഥമാക്കുന്നത്. രണ്ടുവർഷം മുമ്പേ ഞാൻ, ആദ്യതവണ ജൽസസാലാനയിൽ പങ്കെടുത്തപ്പോൾ മുതൽ ആഫ്രിക്കയിൽനിന്ന് ജൽസാസാലാന ഖാദിയാനിൽ പങ്കെടുക്കുന്നവരുടെ എണ്ണം നിരന്തരം വർധിച്ചുകൊണ്ടുപോകുകയാണ് അൽഹംദുലില്ലാഹ്. ആഫ്രിക്കയിൽനിന്ന് വന്നിട്ടുള്ള ഞങ്ങൾ ജൽസാസാലാനയിലെ പ്രവർത്തകർക്ക് നന്ദി പറയുകയാണ്. നിങ്ങൾ ആയിരക്കണക്കിന് അതിഥികൾക്ക് വീടുപോലുള്ള സൗകര്യമൊരുക്കുവാൻ പരിശ്രമിച്ചുകൊണ്ടിരിക്കുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ) ഏതൊരു അതിഥി സൽക്കാരമാണോ തന്റെ വീട്ടിൽനിന്ന് തുടങ്ങിയത് അത് ദൈവകൃപയാൽ ഇപ്പോഴും ഖാദിയാനിൽ നിലനില്ക്കുന്നു. ഞങ്ങളെല്ലാവരും അതിന് ജീവസുറ്റ തെളിവുകളാണ്. ഞങ്ങൾ ദുആ ചെയ്യുന്നു. അടുത്ത വർഷവും എല്ലാ വർഷവും കൂട്ടംകൂട്ടമായി ആളുകൾ ജൽസാസാലാനയിൽ പങ്കെടുക്കുമാറാകട്ടെ. ഞങ്ങൾ ഈ ജൽസയ്ക്കും വരുംവർഷങ്ങളിൽ സംഘടിപ്പിക്കുന്ന ജൽസയുടെ വിജയത്തിനും വേണ്ടി ദുആ ചെയ്യുന്നു. ഈ വിനീതൻ ഈ ജൽസയിൽ പങ്കെടുക്കുന്ന ആഫ്രിക്കൻ സ്ത്രീപുരുഷ അംഗങ്ങൾക്കുവേണ്ടി, ആഫ്രിക്കയിലെ എല്ലാ ജമാഅത്തംഗങ്ങൾക്കുവേണ്ടിയും ഹുദൂർ അയ്യദഹുല്ലാഹുതആലാ ബിനസ്വ്രിഹിൻ അസീസിനും ഇന്ത്യയിലെ അഹ്മദിയ്യാ ജമാഅത്തിനും ഖാദിയാനിൽ ആയിരക്കണക്കിന് സംഘടിച്ചിരിക്കുന്ന അഹ്മദികൾക്കും എം.ടി.എ മുഖേനയും മറ്റു മാധ്യമങ്ങൾ മുഖേനയും പങ്കെടുത്തിരിക്കുന്ന എല്ലാവർക്കും ആശംസകൾ നേരുകയാണ്. അല്ലാഹു ഞങ്ങളുടെ ദുആകളും ആരാധനകളും നിസാരമായ ത്യാഗങ്ങളും സ്വീകരിക്കുമാറാകട്ടെ. ആമീൻ.

ഇതോടുകൂടി മൂന്നാം ദിവസത്തെ ആദ്യസെഷനിലെ പരിപാടികൾ അവസാനിച്ചു.

## മൂന്നാംദിവസം സമാപനയോഗം:

അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഖാദിയാൻ ജൽസാസാലാനയുടെ അവസാനദിവസത്തെ സമാപന സെഷനും നല്ല കാലാവസ്ഥയിൽ സംഘടിപ്പിക്കപ്പെട്ടു. സമാപനയോഗത്തിന്റെ പ്രാരംഭ ഭാഗത്തിന്റെ ആരംഭം മൗലാന മുഹമ്മദ് ഇനാം സാഹിബ് ഗോറി നാളിർ അഅ്ലാ വ അമീർ മഖാമി ഖാദിയാന്റെ അധ്യക്ഷതയിൽ വിശുദ്ധഖുർആൻ പാരായണത്തോടെ ആരംഭിച്ചു. ഖാദിയാനിലെ ഫാറൂഖ് അഅ്ജ്ലം സാഹിബാണ് ഖുർആൻ പാരായണം ചെയ്തത്. സൂറഃഹുജുറാത്തിലെ 11 മുതൽ 13 വരെയുള്ള വചനങ്ങളാണ് ഓതിയത്. അതിന്റെ ഉർദുതർജമ നാഇബ് പ്രിൻസിപ്പൽ ജാമിഅ അഹ്മദിയ്യ ഖാദിയാൻ ഖമറുൽഹഖ് ഖാൻ സാഹിബ് കേൾപ്പിച്ചു. തുടർന്ന് ബറേലിയിലെ അബ്ദുൽ വാസിഅ് സാഹിബ് ഹദ്റത്ത് മസീഹ് മൗഊദ് (അ)ന്റെ പരിശുദ്ധപദ്യം 'ഇസ്ലാം സെ നഃ ഭാഗോ രാഹേ ഹുദാ യഹീഹെ' മനോഹരമായ ഈണത്തിൽ ആലപിച്ചു.

അതുകഴിഞ്ഞ് യോഗാധ്യക്ഷൻ ജൽസയിൽ പങ്കെടുത്തവർക്കും സഹകരിച്ചവർക്കും സഹായിച്ചവർക്കും നന്ദി പറഞ്ഞു. ദുആ ചെയ്യിച്ചു.

തുടർന്ന് ശ്രോതാക്കൾ മുസ്ലിം ടെലിവിഷൻ അഹ്മദിയ്യാ ഇന്റർനാഷണലിന്റെ സംപ്രേഷണങ്ങളിൽനിന്ന് ഫലമെടുക്കുന്നതിന് ജൽസാഗാഹിൽ നാട്ടിയിരുന്ന വലിയ എൽ.ഇ.ഡി. സ്ക്രീനിന്റെ ഭാഗത്തേക്ക് ശ്രദ്ധതിരിച്ചു. ഖാദിയാൻ ജൽസാസാലനയെ സംബന്ധിച്ച് തയ്യാറാക്കിയ ഒരു മനോഹരമായ ഡോക്യുമെന്ററി എം.ടി.എ ഇന്റർനാഷണൽ സംപ്രേഷണം ചെയ്തു. ഏകദേശം 35 മിനിറ്റ് ദൈർഘ്യമുള്ള ഈ ഡോക്യുമെന്ററിയിൽ ജൽസസാലാന ഖാദിയാനെ പരിചയപ്പെടുത്തുന്നതോടൊപ്പം ജൽസയുടെ തയ്യാറെടുപ്പുകളും പങ്കെടുക്കുന്നവരുടെ പ്രതികരണങ്ങളും പറയപ്പെട്ടു. സംഘാടകരുമായുള്ള ഇന്റർവ്യൂവിനു പുറമെ ജൽസാസാലാനയിലെ പരിപാടികളുടേയും പ്രസംഗങ്ങളുടേയും ഹ്രസ്വമായ മിന്നലാട്ടവും ഡോക്യുമെന്ററിക്ക് മാറ്റുകൂട്ടി.

ഖാദിയാൻ ദാറുൽഅമാന്റേയും ജൽസാസാലാന ഖാദിയാന്റേയും ചൈതന്യവത്തായ ദൃശ്യങ്ങളടങ്ങിയ ഈ ഡോക്യുമെന്ററി സമാപിച്ചതോടൊപ്പം ലണ്ടനിൽനിന്ന് ജൽസസാലാന ഖാദിയാന്റെ നേരിട്ടുള്ള സംപ്രേഷണത്തിന് തുടക്കം കുറിച്ചു. അഹ്മദിയ്യാ ജമാഅത്തിന്റെ ഇമാം, പരമോന്നത നേതാവ് ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ് ലണ്ടനിൽ ഖാദിയാനിലെ ജൽസാസാലാനയ്ക്കുവേണ്ടി സ്ഥാപിച്ച സ്റ്റേജിൽ ആഗതനായി. ലണ്ടനിലേയും ഖാദിയാനിലേയും ഈ സംയോജിത സെഷന്റെ ഉദ്ഘാടനം ജമാഅത്തിന്റെ പാരമ്പര്യങ്ങളനുസരിച്ച് വിശുദ്ധഖുർആൻ പാരായണത്തോടെ ആരംഭിച്ചു. ഫിറോസ് ആലം സാഹിബാണ് വിശുദ്ധഖുർആൻ പാരായണം ചെയ്തത്. സൂറഃ അഹ്സാബിലെ 41 മുതൽ 49 വരെയുള്ള വചനങ്ങൾ അദ്ദേഹം ഓതി. അതിന്റെ ഉർദു തർജമയും കേൾപ്പിച്ചു. അതിനുശേഷം ആശിഖ് ഹുസയ്ൻ സാഹിബ് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഫാർസി പദ്യം ആലപിച്ചു. അതിന്റെ ഉർദു തർജമയും കേൾപ്പിച്ചു. തുടർന്ന് ഉമർ ശരീഫ് സാഹിബ് ഉർദുഭാഷയിലുള്ള ഹദ്റത്ത് മസീഹ് മൗഊദ്(റ)ന്റെ പരിശുദ്ധ പദ്യം

ഹർ ത്വരഫ് ഫിക്ർകൊ ദൗഡാക്കെ ഥക്കായ ഹംനെ

EDITOR
H.Shamsuddin

Sub Editor : Mohammad Ismaeel
Mobile : 91 9446656123
e-mail : badarkerla@gmail.com

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി ഖാദിയാൻ Weekly **BADAR** Qadian

Distt. Gurdaspur (Pb.) INDIA Qadian - 143516

POSTAL REG NO GDP- 44/2017-2019 Vol-4 Thursday 28 February 2019 Issue-9

MANAGER
NAWAB AHMAD
Tel : 91 1872224757
Mobile: 91 9417020616
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

**ANNUAL SUBSCRIPTION** : Rs. 500/- (Per Issue : Rs. 9/-) (**WEIGHT** - 20-50 gms/issue)

കോയി ദീൻ ദീനെ മുഹമ്മദ് സാ നഃ പായാ ഹംനെ

വളരെ മനോഹരമായ രീതിയിൽ അവതരിപ്പിച്ചു. തുടർന്ന് ആകാശംമുട്ടെയുള്ള മുദ്രാവാക്യങ്ങൾ മുഴങ്ങി. തക്ബീർ ധ്വനികൾകൊണ്ട് അന്തരീക്ഷം മുഖരിതമായി. അതിനോടൊപ്പം അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസിന്റെ ആത്മീയോജ്ജ്വലമായ പ്രഭാഷണം ആരംഭിച്ചു. തശഹ്ഹുദും തഅവ്വുദും സൂറഃഫാത്തിഹ തിലാവത്തിനും ശേഷം ഹുദൂർ പറഞ്ഞു: ഇന്ന് ഖാദിയാൻ ജൽസസാലാനയുടെ സമാപന ദിവസമാണ്. അവസാനത്തെ സെഷനാണ്. ഈ നേരത്ത് ലോകത്തിലെ വിവിധ രാജ്യങ്ങളിൽനിന്ന് വന്നിട്ടുള്ള ഏകദേശം പതിനെട്ടായിരം, പത്തൊമ്പതിനായിരം അഹ്മദികൾ ഇക്കാലത്തെ ഇമാമിന്റേയും മസീഹ് മൗഊദിന്റേയും മഹ്ദിയെ മഅ്ഹൂദിന്റേയും നാട്ടിൽ സംഘടിച്ചിരിക്കുകയാണ്. ആ മസീഹ് മൗഊദും മഹ്ദിയെ മഅ്ഹൂദും നബി(സ)തിരുമേനിയുടെ പ്രവചനവും അല്ലാഹുവിന്റെ വാഗ്ദാനവുമനുസരിച്ച് ഇക്കാലഘട്ടത്തിൽ നബി(സ)തിരുമേനി കൊണ്ടുവന്നിട്ടുള്ള ദീനിന്റെ പരിഷ്കരണത്തിനുവേണ്ടി നിയമിതനായി. അദ്ദേഹം ഇസ്‌ലാമിന്റെ മനോഹരമായ അധ്യാപനമനുസരിച്ച് മനുഷ്യരെ അല്ലാഹുവിന്റെ അടുത്തുകൊണ്ടുവരുന്നതിനുള്ള വഴി കാണിക്കുകയും വിശുദ്ധഖുർആന്റെ മനോഹരമായ അധ്യാപനം ലോകത്തിന് വ്യക്തമാക്കികൊടുത്തതിനോടൊപ്പം നബി(സ)തിരുമേനിയുടെ തേജോവിലാസത്തിന്റേയും മഹത്തായ പ്രൗഢിയുടേയും സ്ഥാനത്തെക്കുറിച്ച് ലോകത്തിന് പറഞ്ഞുകൊടുത്ത് സൽപ്രകൃതക്കാരെ മാത്രമല്ല, ഇസ്‌ലാമിന്റെ മേലുള്ള അന്യരുടെ ആക്രമണങ്ങൾകൊണ്ട് പ്രയാസത്തിലകപ്പെട്ട മുസ്‌ലിംകളുടെ ഈമാനെ ശക്തിപ്പെടുത്തുകയും ചെയ്തു. എന്നല്ല, ഇസ്‌ലാമിന്റെ ശത്രുക്കളുടേയും നബി(സ) തിരുമേനിയുടെമേൽ ആക്ഷേപമുന്നയിക്കുന്നവരുടേയും വായടപ്പിച്ചു. ഇസ്‌ലാം വിരുദ്ധശക്തികൾക്ക്, അവിടത്തെ തെളിവുകൾക്കു മുമ്പിൽ ഓടിമാറാതെ ഒരു വഴിയും ഉണ്ടായിരുന്നില്ല. അദ്ദേഹത്തിന്റെ നബി(സ)തിരുമേനിയോടുള്ള സ്നേഹം എന്തായിരുന്നുവെന്നാൽ, അവിടംവരെ ആരും എത്തിയിട്ടില്ല. ഇനിയൊട്ട് എത്താനും സാധ്യമല്ല. ഇതേ സ്നേഹത്തിന്റെ അവസ്ഥയും അല്ലാഹുവിനോടുള്ള അവിടത്തെ പെരുമാറ്റവും അനുഗ്രഹങ്ങളുടെ മഴയും പരാമർശിച്ചുകൊണ്ട് അവിടന്ന് പറയുന്നു. ഒരുരാത്രി ഈ സാധു എത്രമാത്രം അധികമായി സ്വലാത്ത് ചൊല്ലിയെന്നാൽ മനസ്സും ശരീരവും അതുകൊണ്ട് സുഗന്ധപൂരിതമായി. ആ രാത്രി സ്വപ്നത്തിൽ കണ്ടു, മലക്കുകൾ അമൃതജലത്തിന്റെ രൂപത്തിൽ പ്രകാശത്തിന്റെ കുടങ്ങൾ ഈ സാധുവിന്റെ ഭവനത്തിൽ കൊണ്ടുവന്നിരിക്കുന്നു. ഒരു മലക്ക് പറഞ്ഞു: 'ഇതു നീ മുഹമ്മദിലേക്കു അയച്ചതിന്റെ അനുഗ്രഹങ്ങളാണ്.'

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: 'ഒരിക്കൽ ഇൽഹാമുണ്ടായി. അതിന്റെ അർഥം ഇപ്രകാരമാണ്. ദൈവസഭയിലെ ആളുകൾ തർക്കത്തിലാണ്. അതായത് ദൈവതീരുമാനം ദീനിന്റെ ജീവനത്തിന് ആവേശത്തിലാണുള്ളത്. പക്ഷേ, ദീനിനെ ജീവിപ്പിക്കുന്ന ആളെ സംബന്ധിച്ച് വ്യക്തമായ നിർണയം പ്രകടമായിട്ടില്ല. അതുകൊണ്ട് അവർ തർക്കത്തിലാണ്. പറയുന്നു: അതിന്നിടയിൽ ഞാൻ സ്വപ്നത്തിൽ കണ്ടു, ദീനിനെ ജീവിപ്പിക്കാൻ പറ്റിയ ആളെ ആളുകൾ അന്വേഷിച്ചു ചുറ്റിനടക്കുകയാണ്. ഒരാൾ എന്റെ അടുത്തുവന്നു. അയാൾ പറഞ്ഞു. ഹാദാ റജുലുൻ യുഹിബ്ബു റസൂലല്ലാഹി നബി(സ)തിരുമേനിയെ സ്നേഹിക്കുന്ന വ്യക്തിയാണ് ഇദ്ദേഹം. ഈ വാക്യത്തിന്റെ ഉദ്ദേശ്യം ഈ സ്ഥാനം കിട്ടാനുള്ള ഏറ്റവും വലിയ നിബന്ധന റസൂലിനോടുള്ള സ്നേഹമാണ്; അത് ഈ വ്യക്തിയിൽ ഉണ്ട് എന്നാണ്. അവിടന്ന് പറയുന്നു: 'റസൂലിനോടുള്ള സ്നേഹം കാരണത്താലാണ് അല്ലാഹു ഈ സ്ഥാനം എനിക്ക് നല്കിയിട്ടുള്ളത്.'

ഹുദൂർ പറഞ്ഞു: അവിത്തെ ഇക്കാര്യങ്ങൾ കേട്ട്, നബി(സ) തിരുമേനിയുടെ സത്യസന്ധനായ പ്രേമിയും ഇസ്‌ലാമിന്റെ പുനരുദ്ധീകരണത്തിനുവേണ്ടി അയക്കപ്പെട്ടആളുമായ ഈ ദൂതന്റെ കൂടെ ഉലമായും പൊതുവെ മുസ്‌ലിംകളും നില്ക്കണമായിരുന്നു. പക്ഷേ, നാമധാരികളായ ഉലമാ തങ്ങളുടെ കാർക്കശ്യവും അജ്ഞതയും കാരണത്താൽ നബി(സ)തിരുമേനിയുടെ പദവി ഇകഴ്ത്താൻ വന്നയാളാണെന്നും അതുകൊണ്ട് കാഫിറാണെന്നും അദ്ദേഹത്തെ വിശ്വസിക്കുന്നവനും കാഫിറാണെന്നുമുള്ള ആക്ഷേപം ഉന്നയിക്കാൻ തുടങ്ങി. ഇന്നും ഉന്നയിച്ചുകൊണ്ടിരിക്കുന്നു. പക്ഷേ, ഇതിനുനേരെ വിപരീതമായി നമ്മൾ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് നബി(സ) തിരുമേനിയോടുള്ള സ്നേഹത്തെ സംബന്ധിച്ച് ധാരാളം ലിഖിതങ്ങൾ അറബിയിലും ഫാർസിയിലും ഉർദുവിലും അവിടത്തെ ഗ്രന്ഥങ്ങളിലും നിർദ്ദേശങ്ങളിലും പദ്യങ്ങളിലും കാണുമ്പോൾ വ്യക്തമായും പ്രകടമാകുന്നത്, അദ്ദേഹത്തിന് നബി(സ) തിരുമേനിയോടുള്ള സ്നേഹത്തിന്റെ സ്ഥാനം വരെ ആർക്കും എത്താൻ കഴിയുകയില്ലെന്നാണ്. അവിടത്തെ ഓരോരോ വാക്കും അല്ലാഹുവിനോടും അവന്റെ റസൂലിനോടുമുള്ള സ്നേഹത്തിൽ ലയിക്കുന്നുവെന്നതിന് തെളിവാണ്. ഇക്കാര്യം സദ്പ്രകൃതക്കാരായ ഉലമാക്കളിലും സാധാരണ മുസ്‌ലിംകളിലും പ്രകടമാകുമ്പോൾ ആ മഹാത്മാവിന്റെ ബയ്അത്തിൽ അവർ വന്നുചേരുന്നു. സാധാരണ മുസ്‌ലിംകളിൽ പ്രകടമാകുമ്പോൾ ആ മഹാത്മാവിന്റെ ബയ്അത്തിൽ അവരും വന്നുചേരുന്നു. അദ്ദേഹത്തിന്റെ ദാസത്വത്തിൽ വരുന്നു. ഇപ്രകാരം യഥാർഥമായനിലയിൽ നബി(സ)തിരുമേനിയുടെ ദാസത്വത്തിൽ വന്നുചേരുന്നു. അദ്ദേഹം തന്റെ കവിതയിൽ പറയുന്നു.

ബഅ്ദ് അസ് ഖുദാ ബഇശ്ഖെ മുഹമ്മദ് മുഹമ്മർറം
ഗർ കുഫ്ർ ഈ ബവദ് ബഖുദാ സഖ്ത് കാഫിറം.


'ഞാൻ അല്ലാഹുവിനോടുള്ള സ്നേഹത്തിനുശേഷം മുഹമ്മദ് റസൂലുല്ലായോടുള്ള സ്നേഹത്തിൽ മുങ്ങിയിരിക്കുകയാണ്. അല്ലാഹുവിനോടും അവന്റെ റസൂലിനോടുമുള്ള സ്നേഹം കുഫ്റാണെങ്കിൽ അല്ലാഹുവാണ! ഞാൻ ഏറ്റവും വലിയ കാഫിറാണ്.'

ഇപ്രകാരംതന്നെയാണ് അവിടത്തെ അറബി ഗ്രന്ഥങ്ങളും. അതു വായിച്ച് അറബികളും അമ്പരന്നുപോകുന്നു. അവർ പറയുന്നു: ഇത്തരത്തിൽ നബി(സ)തിരുമേനിയെ സ്തുതിച്ചുകൊണ്ടുള്ള വാക്യങ്ങൾ ഞങ്ങളൊരിക്കലും വായിച്ചിട്ടില്ല; കേട്ടിട്ടില്ല. റസൂലിനെ സ്നേഹിക്കുന്ന ഈ മനുഷ്യനെ തിരിച്ചറിയാൻ അല്ലാഹു ലോകമുസ്‌ലിംകളെ അനുഗ്രഹിക്കുമാറാകട്ടെ. ദുഷ്ടാത്മാക്കളായ ഉലമാക്കളെ ഭയന്ന് മുസ്‌ലിംകൾ അല്ലാഹു അയച്ച ഈ റസൂലിന്റെ സ്നേഹിതനെ നിഷേധിച്ച് അല്ലാഹുവിന്റെ വെറുപ്പിന് പാത്രമാകാതിരിക്കട്ടെ.

ഹുദൂർ അയ്യദഹുല്ലാഹ് ഇതിനുശേഷം ഹദ്റത്ത് മസീഹ് മൗഊദ്(അ),നബി(സ)തിരുമേനിയുടെ സ്ഥാനവും പദവിയും പ്രൗഢിയും കാണിക്കുന്നതിനുവേണ്ടി എഴുതിയ ചില ഉദ്ധരണികൾ സമർപ്പിച്ചുകൊണ്ടു പറഞ്ഞു: 'ഇവയിലെ ഓരോരോ വാക്കും ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ കാഫിറെന്ന് പറയുന്നവരുടെ കരണത്തേല്ക്കുന്ന പ്രഹരമാണ്.'

മുഴുലോകത്തിന്റേയും ഏറ്റവും വലിയ മുറബ്ബിയാണ് നബി(സ) തിരുമേനിയെന്ന് വിവരിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: 'എല്ലാ നബിമാരെക്കാളും ശ്രേഷ്ഠനും ലോകത്തിന്റെ മുറബ്ബിയെ അഅ്ലായുമാണ് ആ നബി; അതായത് ഏതൊരാളുടെ കൈയാലാണോ ലോകത്തെ ഏറ്റവും വലിയ കുഴപ്പം പരിഷ്കരിക്കപ്പെട്ടത്, ആരാണോ നഷ്ടപ്പെട്ടുപോയ തൗഹീദിനെ ലോകത്ത് വീണ്ടും സ്ഥാപിച്ചത് ആരാണോ വ്യർഥമായ എല്ലാ മതങ്ങളേയും ന്യായപൂർത്തി വരുത്തിക്കൊണ്ടും തെളിവുകൾകൊണ്ടും പരാജയപ്പെടുത്തി എല്ലാ ഓരോ വഴിപിഴച്ചവരുടേയും സംശയങ്ങൾ വിപാടനം ചെയ്തത്, ആരാണോ എല്ലാ ഓരോ മതത്യാഗികളുടേയും ദുർബോധനങ്ങൾ അകറ്റിയത്, മോക്ഷത്തിനുള്ള സത്യമായ സാധനസാമഗ്രികളുടെ അടിസ്ഥാനപരമായ നിയമങ്ങൾ സത്യമായ അധ്യാപനംകൊണ്ട് പുതുതായി പ്രദാനം ചെയ്തത്(അതാണ് നബി(സ)തിരുമേനി)

നബി(സ)തിരുമേനിയുടെ സത്യസന്ധതയ്ക്കും അവിടത്തെ ശ്രേഷ്ഠതയ്ക്കും ഒരു തെളിവ് നല്കിക്കൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: ലോകം മുഴുവൻ ബഹുദൈവാരാധനയും വഴികേടും സൃഷ്ടിപൂജയും വ്യാപിച്ചിരുന്ന ഒരു കാലഘട്ടത്തിലാണ് നബി(സ)തിരുമേനി നിയോഗിതനായത്. എല്ലാ ആളുകളും അടിസ്ഥാനപരമായ സത്യം ഉപേക്ഷിച്ചിരുന്നു. നേരായപാതയെ മറന്നുകൊണ്ട് എല്ലാ ഓരോ കക്ഷിയും വെവ്വേറെ അനാചാരങ്ങളുടെ വഴി കൈക്കൊണ്ടിരുന്നു. അറേബ്യയിൽ ബിംബാരാധന അങ്ങേയറ്റം ശക്തിപ്രാപിച്ചിരുന്നു. പേർഷ്യയിൽ അഗ്നി ആരാധനയുടെ ചന്ത ചൂടുപിടിച്ചിരുന്നു. ഇന്ത്യയിൽ ബിംബാരാധനയ്ക്കു പുറമെയും നൂറുക്കണക്കിന് സൃഷ്ടിപൂജയും വ്യാപിച്ചിരുന്നു. ആ നാളുകളിൽ പഴയ വേദഗ്രന്ഥങ്ങൾ– അതിന്റെ അടിസ്ഥാനത്തിലാണ് നിരവധി മനുഷ്യരെ ദൈവമാക്കിയിരുന്നതും അവതാരപൂജയ്ക്കുള്ള അടിത്തറയിടപ്പെട്ടതും– പുതിയ രീതിയിൽ രചിക്കപ്പെട്ടു കഴിഞ്ഞിരുന്നു. പാതിരി ജോൺ ഡീവൺപോർട്ട് സാഹിബും മറ്റു ധാരാളം ഇംഗ്ലീഷ് മതപണ്ഡിതന്മാരും പറഞ്ഞതനുസരിച്ച് ആ ദിനങ്ങളിൽ ക്രൈസ്തവമതത്തെക്കാൾ ഒരു മതവും അത്ര മോശമായിരുന്നില്ല. പാതിരിമാരുടെ ദുർന്നടപ്പും, അന്ധവിശ്വാസവുംകൊണ്ട് ക്രൈസ്തവമതത്തിനുമേൽ വലിയ ക്ഷതം ഏറ്റുകഴിഞ്ഞിരുന്നു. ക്രൈസ്തവവിശ്വാസങ്ങളിൽ ഒന്നോരണ്ടോ അല്ല മറിച്ച് നിരവധി കാര്യങ്ങൾ ദൈവത്തിന്റെ സ്ഥാനം എടുത്തുകഴിഞ്ഞിരുന്നു. അതിനാൽ നബി(സ) തിരുമേനിയുടെ അത്തരം നേരത്തുള്ള നിയോഗം, സ്വയം അക്കാലത്തെ അവസ്ഥതന്നെ ഒരു മഹാത്മാവായ പരിഷ്കർത്താവിനെ ആവശ്യപ്പെട്ടിരുന്നു. ദൈവത്തിൽനിന്നുള്ള ഒരു മാർഗദർശിയുടെ ആവശ്യവുമുണ്ടായിരുന്നു. അദ്ദേഹം വെളിപ്പെട്ട് ഒരു ലോകത്തെ തൗഹീദും സൽകർമങ്ങളും കൊണ്ട് പ്രശോഭിതമാക്കുകയും എല്ലാ ശർറുകളുടേയും മാതാവായ ശിർക്കിനേയും സൃഷ്ടിപൂജയേയും ഉന്മൂലനം ചെയ്യുകയും വേണമായിരുന്നു. ഇതെല്ലാം തെളിയിക്കുന്നത് നബി(സ)തിരുമേനി ദൈവത്തിന്റെ സത്യവാനായ റസൂലും എല്ലാ റസൂൽമാരിലും ശ്രേഷ്ഠനുമാണെന്നാണ്.(തുടരും)




Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press.
Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin